# പ്രത്യാശാപൂർണമായ കാത്തിരിപ്പ്

"കാത്തിരിപ്പ്" ക്രൈസ്തവ ആദ്ധ്യാത്മികതയുടെ അവിഭാജ്യ ഘടകമാണ്. മനുഷ്യരക്ഷാചരിത്രംതന്നെ ദൈവം നല്കിയ വാഗ്ദാനങ്ങളുടെ പൂർത്തീകരണം കാത്തിരുന്ന, കാത്തിരിക്കുന്ന വിശ്വാസികളുടെ ചരിത്രമാണ്. ദൈവം വാഗ്ദാനം ചെയ്ത കുഞ്ഞിനുവേണ്ടി അബ്രാഹം കാത്തിരുന്നതുപോലെ, ഈജിപ്തിൽ നിന്നുള്ള വിമോചനത്തിനുവേണ്ടി ഇസ്രായേൽ ജനം കാത്തിരുന്നു. രക്ഷകനുവേണ്ടിയുള്ള ഇസ്രായേൽ ജനത്തിന്റെ കാത്തിരിപ്പിന്റെ കഥയാണു പഴയ നിയമം. പുതിയ നിയമമാകട്ടെ വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായുടെ ആഗമനത്തിന്റെയും അവന്റെ പുനരാഗമനത്തിനുവേണ്ടിയുള്ള കാത്തിരിപ്പിന്റെയും കഥയാണ്.

സീറോ-മലബാർ ആരാധനക്രമകാലം ആരംഭിക്കുന്നതും അവസാനിക്കുന്നതും കാത്തിരിപ്പുകളെ ആഘോഷിച്ചുകൊണ്ടാണ്. രക്ഷകനായ മിശിഹായ്ക്കുവേണ്ടിയുള്ള ദൈവജനത്തിന്റെ കാത്തിരിപ്പിനെ അനുസ്മരിപ്പിക്കുന്ന മംഗലവാർത്താക്കാലവും രക്ഷകന്റെ രണ്ടാമത്തെ ആഗമനത്തിനും തുടർന്നുള്ള സഭയുടെ മഹത്ത്വീകരണത്തിനുമുള്ള ഒരുക്കത്തിനും കാത്തിരിപ്പിനും നമ്മെ സജ്ജരാക്കുന്ന പള്ളിക്കൂദാശാക്കാലവുമാണല്ലോ ആരാധനക്രമവർഷത്തിന് അതിരുകൾ തീർക്കുന്നത്.

ഉടനടിയുള്ള ആഗ്രഹപൂർത്തീകരണം ഏവരും ഇഷ്ടപ്പെടുന്നു. ഭക്ഷണമാണെങ്കിലും ചികിത്സയാണെങ്കിലും ബാങ്കുലോണാണെങ്കിലും ഉടനടി കൊടുക്കുന്നിടത്താണ് ആളുകൾ ഓടിക്കൂടുന്നത്. "കാത്തിരിപ്പ്" പരമാവധി ഒഴിവാക്കുന്നതാണ് കാര്യക്ഷമതയുടെയും വിജയത്തിന്റെയും അടയാള

മായി കണക്കാക്കപ്പെടുന്നത്. എങ്കിൽത്തന്നെയും മനുഷ്യജീവിതത്തിൽ ഒഴിവാക്കാൻ പറ്റാത്ത ഘടകമാണു "കാത്തിരിപ്പ്." നീണ്ട ഒമ്പതു മാസത്തെ കാത്തിരിപ്പുകൊണ്ട് അടയാളപ്പെടുത്തിയതാണ് ഓരോ മനുഷ്യക്കുഞ്ഞിന്റെയും ജനനം. തുടർന്നങ്ങോട്ട് എത്രയോ കാത്തിരിപ്പുകൾ - ബാലാരിഷ്ടതകൾ നീങ്ങാൻ, വിദ്യാഭ്യാസം പൂർത്തീകരിക്കാൻ, ജോലി ലഭിക്കാൻ, ജീവിതപങ്കാളിയെ ലഭിക്കാൻ, വീടുണ്ടാക്കാൻ....

വാഗ്ദാനങ്ങളുടെ പൂർത്തീകരണത്തിനുവേണ്ടിയുള്ള കാത്തിരിപ്പും മനുഷ്യജീവിതത്തിന്റെ ഭാഗംതന്നെ. വാഗ്ദാനങ്ങൾ കൊടുക്കുന്നവരും സ്വീകരിക്കുന്നവരുമാണു നമ്മൾ. വാഗ്ദാനലംഘനങ്ങളുടെ മുറിവേറ്റവരും മുറിവേല്പിച്ചിട്ടുള്ളവരും നമ്മുടെയിടയിലുണ്ടാകാം. പൊള്ളയായ വാഗ്ദാനങ്ങളുടെയും പൊള്ളിക്കുന്ന വഞ്ചനകളുടെയും കഥകൾ നമുക്കു ചുറ്റുമുണ്ടല്ലോ.

ക്രൈസ്തവജീവിതത്തിന് നിറം പകരുന്നതു ദൈവിക വാഗ്ദാനങ്ങൾക്കുവേണ്ടിയുള്ള പ്രത്യാശയോടെയുള്ള കാത്തിരിപ്പാണ്. എന്നാൽ ഇത് അന്ധമായ, യുക്തിഹീനമായ ഒരു കാത്തിരിപ്പല്ല. കാരണം, രക്ഷാകരചരിത്രം ദൈവം തന്റെ വാഗ്ദാനങ്ങൾ പൂർത്തീകരിച്ചതിന്റെകൂടി ചരിത്രമാണ്. ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണെന്നു ബൈബിൾ സംഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ദൈവം മനുഷ്യനു നല്കിയ വാഗ്ദാനങ്ങൾ പൂർത്തീകരിച്ചതിന്റെ ഓർമ്മയാണ് ഇനിയും ദൈവികവാഗ്ദാനങ്ങളുടെ പൂർത്തീകരണത്തിനായിപ്രത്യാശയോടെ കാത്തിരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്.

രക്ഷകനുവേണ്ടിയുള്ള ദൈവജനത്തിന്റെ കാത്തിരിപ്പു ദൈവം സഫലമാക്കിയതിന്റെ ഓർമകൾ നിറഞ്ഞുനില്ക്കുന്ന മംഗലവാർത്താക്കാലവും പിറവിക്കാലവും നമ്മുടെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ ദൈവിക ഇടപെടലിനുവേണ്ടി പ്രത്യാശയോടെ കാത്തിരിക്കാൻ നമ്മെ ശക്തരാക്കട്ടെ. കർത്താവിനുവേണ്ടി കാത്തിരിക്കുന്നവർ ഒരിക്കലും ലജ്ജിതരാവുകയില്ലല്ലോ (ഏശ. 49:23).

വചനധാര

# കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിലിന്റെ അജപാലനാഭിമുഖ്യങ്ങൾ – 04

# വൈദിക-സന്ന്യാസ ദൈവവിളികൾ

റവ. ഡോ. ആന്റണി നരികുളം

മാതൃകാപരമായ കുടുംബജീവിതത്തെപ്പറ്റിയും ഉത്തമമായ വൈദിക-സന്യാസ ദൈവവിളികളെപ്പറ്റിയും വളരെ ഗൗരവപൂർവ്വം സഭ ചിന്തിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണല്ലോ ഇത്. അനേകം ദൈവവിളികളാൽ സമ്പന്നമായ ഒന്നാണ് കേരളസഭ എന്ന ഖ്യാതിയും നമുക്കുണ്ട്. ഉത്തമമായ ദൈവവിളികൾ ഉയർന്നു വരാൻ സഹായകമായ കുടുംബ-ഇടവക-സാമൂഹിക സാഹചര്യങ്ങളും പണ്ടുണ്ടായിരുന്നു. ഇന്ന് അവയ്ക്ക് കുറെയേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. എങ്കിലും, കുടുംബങ്ങളും സഭയും ദൈവവിളികൾക്ക് ഉചിതമായ ഇടം സൃഷ്ടിക്കുക എന്ന ദൗത്യത്തിൽനിന്ന് പിന്മാറാൻ പാടില്ലല്ലോ. മാത്രമല്ല, ദൈവവിളി ലഭിച്ചവരുടെ പരിശീലനം പൂർത്തിയാക്കുന്നതിനു ആവശ്യകമായ സാമ്പത്തിക ഭദ്രത ഉറപ്പാക്കുക പ്രയാസമേറിയ കാര്യമായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അതിനാവശ്യമായ പണം കണ്ടെത്താൻ വിദേശരാജ്യങ്ങളെ ആശ്രയിച്ചിരുന്ന മുൻരീതികൾ തുടർന്നു പോവുക അസാധ്യമായിക്കൊരിക്കുകയാണിന്ന്. ഈ പശ്ചാത്തലത്തിൽ, 1956 മേയ് മാസത്തിൽ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ ദൈവവിളിയെപ്പറ്റിയും അതു പരിപോഷിപ്പിക്കുന്നതിൽ കുടുംബങ്ങൾക്കും ഇടവകസമൂഹങ്ങൾക്കുമുള്ള ഉത്തരവാദിത്വത്തെപ്പറ്റിയും എഴുതിയ ഒരിടയലേഖനം ആനുകാലികപ്രസക്തിയുള്ളതാണ്. അതിലെ പ്രസക്തഭാഗങ്ങളാണ് ഈ ലക്കത്തിൽ.

ദൈവം പ്രദാനം ചെയ്യുന്നതും ഒരു പ്രത്യേക ജീവിതാവസ്ഥയിലേക്കു നമ്മെ നയിക്കുന്നതുമായ ഒരു ചാച്ചിലാകുന്നു ദൈവവിളി. ഇതിലേക്കു സ്വാഭാവിക ഗുണങ്ങളും വരപ്രസാദവുംകൊണ്ടു ദൈവം നമ്മെ ഒരുക്കുന്നു. വരപ്രസാദസഹായത്തോടു സഹകരിച്ചു പ്രവർത്തിക്കുന്നയാളെ ദൈവം പരിപാലിക്കുകയും ചെയ്യുന്നു. നമ്മുടെ സ്വർഗ്ഗപ്രാപ്തിയെ സുരക്ഷിതവും സുകരവുമാക്കുവാനുള്ള ജീവിതമാർഗ്ഗമാണ് ഇപ്രകാരം ദൈവം നമുക്കു തുറന്നുതരുന്നത്. വി. ആഗുസ്തീനോസ് തുടങ്ങിയ പുണ്യവാന്മാർ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ദൈവം വിളിക്കുന്ന വഴിയിലൂടെ നാം നടക്കുന്നതായാൽ നിഷ്പ്രയാസം സ്വർഗ്ഗം പ്രാപിക്കാവുന്നതാണ്. എന്നാൽ നമ്മുടെ സ്വന്തം ഇഷ്ടമനുസരിച്ചു സ്വീകരിക്കുന്ന മാർഗ്ഗത്തിലൂടെ ഓടിയാൽ സ്വർഗ്ഗപ്രാപ്തി വിഷമമത്രെ. ആകയാൽ, "നിങ്ങളെന്നെ തിരഞ്ഞെടുത്ത

തല്ല, പിന്നയോ നിങ്ങളെ ഞാൻ തിരഞ്ഞെടുക്കുകയത്രെ ചെയ്തത്" എന്നുള്ള നമ്മുടെ കർത്താവിന്റെ വാക്കുകളനുസരിച്ച് മക്കളും മാതാപിതാക്കന്മാരും സ്വന്തം താത്പര്യങ്ങളെ ത്യജിച്ചുകൊണ്ട് ദൈവഹിതം അനുവർത്തിക്കുവാൻ സന്നദ്ധരാകേണ്ടതാണ്. ദൈവം തോന്നിക്കുന്ന നല്ല വിചാരങ്ങളെ അവഗണിക്കാതെ, അവയോടു ഉദാരമായും ആത്മാർത്ഥമായും സഹകരിക്കുകയാണ് ദൈവവിളിയെ പോഷിപ്പിക്കുവാനുള്ള മാർഗ്ഗം.

യഥാർത്ഥമായ കത്തോലിക്കാ കുടുംബത്തോടാണ്, മിക്ക വൈദികരുടേയും സന്യാസിനീസന്യാസികളുടേയും ദൈവവിളി ബന്ധപ്പെട്ടു കിടക്കുന്നത്. "പൗരോഹിത്യകുസുമം മൊട്ടിട്ടു വികസിക്കുന്നതിന് ഏറ്റവും വളക്കൂറുള്ള മണ്ണ് യഥാർത്ഥമായ ക്രിസ്തീയ കുടുംബമാണ്" എന്നുള്ള പരി. പിതാവ് 11-ാം പീയൂസിന്റെ ഉദ്ബോധനം എത്രയോ അർത്ഥവത്തായിരിക്കുന്നു. ഡാനിയേൽ എ. ലോർഡ് എന്ന സുപ്രസിദ്ധ ഈശോസഭാ വൈദികൻ തന്റെ ദൈവവിളിയെ പരാമർശിച്ച് പറയുകയാണ്, "ദൈവവിളി യഥാർത്ഥത്തിൽ ആരംഭിക്കുന്നത് മക്കളിലല്ല, പ്രത്യുത അവരുടെ മാതാപിതാക്കളിലാകുന്നു" എന്ന്. തങ്ങളുടെ സന്താനങ്ങളുടെ ഭാവിയെ കരുപ്പിടിപ്പിക്കുന്നതിനും പുണ്യത്തിന്റെ വഴിത്താരയിൽക്കൂടി അവരെ മുന്നോട്ടു നയിക്കുന്നതിനും മാതാപിതാക്കൾക്കുള്ള കഴിവു വളരെയധികമാണ്. "ചില മാതാക്കൾക്കു വൈദികോചിതമായ ആത്മാവുണ്ട്; അവർ അതിനെ തങ്ങളുടെ സന്താനങ്ങളിലേക്കു പകർന്നു കൊടുക്കുന്നു" എന്നു ഒരു ഗ്രന്ഥകാരൻ പറയുന്നതിന്റെ അർത്ഥവും ഇതുതന്നെയാണല്ലോ. മോൺ. ഹൾഫ് പറയുന്നതു ശ്രദ്ധേയമത്രെ: "ഉത്തമനായ ഒരു വൈദികനുണ്ടാകണമെങ്കിൽ ഉത്തമയായ ഒരു ക്രിസ്തീയമാതാവു കൂടിയേ കഴിയൂ. വൈദികർക്കുണ്ടാകേണ്ട ഗുണങ്ങളെ വികസിപ്പിക്കുക മാത്രമാണ് സെമിനാരികളിൽ നല്കപ്പെടുന്ന പരിശീലനംവഴി സാധിക്കുക. അതിന്റെ കാതലായ ഭാഗത്തിനു രൂപം കൊടുക്കേണ്ടത് മാതാവു തന്നെയാണ്." ഇക്കാര്യത്തിൽ പിതാവിന്റെ സഹകരണവും നിയന്ത്രണവും അനുപേക്ഷണീയമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ആകയാൽ, ക്രിസ്തീയ മാതാപിതാക്കന്മാരേ, നിങ്ങളുടെ സന്താനങ്ങളുടെ ദൈവവിളി സംബന്ധിച്ചു നിങ്ങൾക്കുള്ള ഗൗരവാവഹമായ ചുമതലകളെപ്പറ്റി ചിന്തിക്കുവിൻ. പിഞ്ചിളം പ്രായംമുതൽ അവരെ സദാചാരനിരതരായി വളർത്തുവിൻ. അവരുടെ ശാരീരികജീവനെക്കാൾ, ആത്മികജീവൻ പുലർത്തുവാൻ നിങ്ങൾ കടപ്പെട്ടവരാണെന്നോർക്കണം. ഇളംപ്രായത്തിൽതന്നെയോ - ജനനത്തിനുമുമ്പുതന്നെയോ - അവരെ ദൈവമാതാവുവഴി ഈശോയ്ക്കു പ്രതിഷ്ഠിക്കുക എന്ന പതിവ് എത്രയോ ഫലപ്രദമാണ്. ഓരോ അലോഷ്യസും സ്തനിസ്ലാവോസും ബർക്കുമാൻസും കൊച്ചുത്രേസ്യയും മരിയഗൊരേത്തിയും ആയിത്തീരേണ്ടവരാണ് നിങ്ങളുടെ സന്താനങ്ങൾ എന്നോർക്കുവിൻ. അപ്രകാരമവർ ആയിത്തീരുന്നില്ല എങ്കിൽ അതിന് ഉത്തരവാദികൾ പ്രധാനമായും നിങ്ങൾ തന്നെയാണ്.

മക്കളുടെ ദൈവവിളിക്കുവേണ്ടി മുട്ടിപ്പായി ത്യാഗപൂർവ്വം പ്രാർത്ഥി

വചനധാര

ക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള മാതാപിതാക്കന്മാർ നിരവധിയത്രെ. ധീരനായ ലൂയി സ്റ്റെപ്പിനാക്ക് മെത്രാപ്പോലീത്തയുടെ മാതാവ്, തന്റെ പുത്രന്റെ ദൈവവിളിക്കുവേണ്ടി ആഴ്ചയിൽ മൂന്നു ദിവസംവീതം മുപ്പതു വർഷം ഉപവസിച്ചിരുന്നു. ആ മഹതിയുടെ 11 മക്കളിൽ 7-ാമത്തെ മകനായ സ്റ്റെപ്പിനാക്കിന്റെ ദൈവവിളിയുടെ മഹത്വം നമുക്കറിയാമല്ലോ. സഭയുടെ അവകാശങ്ങൾ സംരക്ഷിക്കുവാനായി സ്വരമുയർത്തിയതിനാൽ, യൂഗോസ്ലാവിയായിലെ ഗവണ്മെന്റ് അദ്ദേഹത്തെ കാരാഗൃഹത്തിലടച്ചു. മാർപാപ്പയാകട്ടെ, അദ്ദേഹത്തെ കർദ്ദിനാൾ സ്ഥാനത്തേക്കുയർത്തി. എലിസബത്ത് വോൺ എന്ന മാതൃകാമാതാവ്, തന്റെ സന്താനങ്ങൾക്കു ദൈവവിളി ലഭിക്കുവാനായി ദിവസേന ഒരു മണിക്കൂർ പരി. കുർബാനയുടെ മുമ്പാകെ ചെലവഴിച്ചിരുന്നു. ഫലമോ, വിസ്മയജനകമാണ്. അവരുടെ അഞ്ചു പുത്രിമാർ കന്യാസ്ത്രികളായി, ആറു പുത്രന്മാർ വൈദികരായി, അവരിൽ മൂന്നുപേർ മെത്രാൻ പദവിയിലേക്കുയർത്തപ്പെട്ടു. പ്രസ്തുത മെത്രാന്മാരിലൊരാളായിരുന്നു സുപ്രസിദ്ധ കർദ്ദിനാൾ വോൺ. കണ്ടാലും, മാതൃത്വത്തിന്റെ മഹനീയമായ നേട്ടങ്ങൾ!

ഒരു സന്താനത്തെ ദൈവസേവനത്തിനു സമർപ്പിക്കുമ്പോൾ വലിയ ഒരു ത്യാഗമായിരിക്കാം നിങ്ങൾക്കു ചെയ്യേണ്ടിവരുന്നത്. എന്നാൽ, ദൈവത്തിനാണു നിങ്ങളുടെ വാത്സല്യഭാജനങ്ങളെ നിങ്ങൾ ബലിയായി സമർപ്പിക്കുന്നത് എന്നോർക്കുക. സ്വമേധയാ കൊടുക്കാത്തത്, ബലമായി കൊണ്ടുപോകുവാൻ സ്രഷ്ടാവായ ദൈവത്തിന് അവകാശവും അധികാരവും ഉണ്ടെന്നും നിങ്ങൾ വിസ്മരിക്കരുത്. മാത്രമല്ല, നിങ്ങളുടെ മാംസത്തിന്റെ മാംസവും രക്തത്തിന്റെ രക്തവുമായ ഒരു സന്താനം - അഥവാ നിങ്ങളുടെ ഉദാരമായ സഹായത്താൽ വൈദികനായിത്തീരുന്ന ഒരു വ്യക്തി - കാലത്തിന്റെ തികവിൽ പരിശുദ്ധമായ ബലിവേദിയിൽവച്ചു സ്രഷ്ടാവായ ദൈവത്തെ കരങ്ങളിൽ വഹിക്കുകയും, നിങ്ങൾക്കു പ്രദാനം ചെയ്യുകയും ചെയ്യുമ്പോൾ നിങ്ങളുടെ ത്യാഗം സന്തോഷമായി പകരുകയില്ലേ? അപ്പോൾ നിങ്ങളുടെ ഹൃദയം ആനന്ദംകൊണ്ടു കുതിച്ചു ചാടുകയില്ലേ? ഒരു പുരോഹിതന്റെ മാതാപിതാക്കളാകുക അഥവാ ഒരു പുരോഹിതന്റെ ദൈവവിളിയെ പരിരക്ഷിക്കുവാൻ സഹായിക്കുക എന്നതിൽ കവിഞ്ഞ ഏതൊരു സ്ഥാനമാഹാത്മ്യമാണു നിങ്ങൾ അഭിലഷിക്കുന്നത്? “ഒരു പുരോഹിതനെ രൂപപ്പെടുത്തുകയെന്നതിനേക്കാൾ ഉത്കൃഷ്ടമായ മറ്റൊരു കൃത്യവും ഇഹലോകത്തിലില്ല” എന്നാണല്ലോ വി. വിൻസെന്റ് ഡി പോൾ പ്രസ്താവിക്കുന്നത്. “കർത്താവേ, എന്നെ അങ്ങേ ബലിപീഠത്തിലേക്കാനയിച്ച ഏവരേയും അനുഗ്രഹിക്കണമേ” എന്നുള്ള ഒരു നവവൈദികന്റെ പ്രാർത്ഥന ഫലശൂന്യമായിത്തീരാൻ ദിവ്യരക്ഷകൻ അനുവദിക്കുകയില്ല.

ദൈവാനുഗ്രഹത്താൽ നമ്മുടെ മിക്ക ഇടവകകളിലും ദൈവവിളി സുലഭമാണ് എന്നത് സന്തോഷകരമത്രെ. പക്ഷേ, ചില സ്ഥലങ്ങളിലെ സ്ഥിതി പരിതാപകരമാണെന്നു പറയാതെ നിർവ്വാഹമില്ല. അവിടത്തെ ജനങ്ങൾക്ക് ദൈവവിളിയുടെ മാഹാത്മ്യം ശരിയായി പ്രാപിക്കുവാൻ ഇട

വചനധാര

യായിട്ടില്ലാത്തതുകൊണ്ടായിരിക്കാം അങ്ങനെ സംഭവിക്കുന്നത്. തൊഴിൽവാരങ്ങളും സാമൂഹ്യവാരങ്ങളും മറ്റും നടത്തി, നാം തൊഴിൽ ജീവിതം, സാമൂഹ്യജീവിതം മുതലായവയെപ്പറ്റി ജനങ്ങൾക്ക് അറിവു നല്കാറുണ്ടല്ലോ. അതുപോലെ ദൈവവിളിയെപ്പറ്റി അറിവു നല്കുന്നതിനും മറ്റുമായി ആണ്ടുവട്ടത്തിൽ ഒരു ദിവസമെങ്കിലും നീക്കിവയ്ക്കുന്നത് ഉചിതമായിരിക്കുമെന്നു തോന്നുന്നു. ആകയാൽ, മാതാവിന്റെ മാസമായ മേയ് മാസത്തിലെ അവസാന ഞായറാഴ്ച ഇതിനായി നമുക്കു വിനിയോഗിക്കാം. അന്നു ദൈവവിളിയുടെ മാഹാത്മ്യത്തെപ്പറ്റിയും, അതു പരിരക്ഷിക്കുവാൻ പ്രാർത്ഥനവഴിയും ധനസഹായം വഴിയും ഓരോരുത്തരും സഹകരിച്ചു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ബ. വൈദികർ ജനങ്ങളെ പറഞ്ഞു മനസ്സിലാക്കണം. പാടുള്ളവരെല്ലാം ആ ദിവസം വി. കുർബാന സ്വീകരിച്ച് ഈ നിയോഗാർത്ഥം കാഴ്ചവയ്ക്കണം.

സെമിനാരികളിൽ ചേരുന്നവരിൽ പലരും ധനശക്തിയില്ലാത്തവരാകയാൽ വൈദികവിദ്യാർത്ഥികളുടെ ചെലവ് വഹിക്കുക നാൾക്കുനാൾ വിഷമമേറിയ ഒരു കാര്യമായിത്തീരുകയാണ്. ഈ വിഷയത്തിൽ വിദേശീയരെ മാത്രം നാം ആശ്രയിക്കാതെ നമ്മുടെ കഴിവുകളും പരമാവധി പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. വിദേശങ്ങളിൽനിന്ന് വൈദികരുടെ സഹായാർത്ഥം പണമയക്കുന്നവരിൽ ചിലരെല്ലാം നിത്യേന കൂലിവേലചെയ്ത് ഉപജീവനം കഴിക്കുന്നവരാണ്. ആ സ്ഥിതിക്കു സാമ്പത്തിക കഴിവുകളുള്ള നമ്മുടെ ജനങ്ങൾ എത്ര ഉദാരമനസ്സോടെയാണ് നമ്മുടെയിടയിൽ വേല ചെയ്യാനുള്ള വൈദികവിദ്യാർത്ഥിയെ സഹായിക്കേണ്ടത്! ഇക്കാര്യത്തിൽ ഏവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകുമെന്ന് പ്രത്യാശിക്കുന്നു. ഏകോപിച്ച് പ്രവർത്തിക്കുകയാണെങ്കിൽ, ഒരു വൈദികവിദ്യാർത്ഥിയെ ദത്തെടുത്ത് അയാളുടെ ചെലവുവഹിക്കുന്നതിന് ചില ഇടവകകളിലെങ്കിലുമുള്ള ജനങ്ങൾക്കു സാധിക്കുന്നതാണ്.

“വിളവ് വളരെയധികം, എന്നാൽ വേലക്കാരോ ചുരുക്കം” എന്നു ദിവ്യരക്ഷകൻ അരുളിചെയ്തിരിക്കുന്നത് നമ്മുടെ മാതൃരാജ്യത്തെ സംബന്ധിച്ചിടത്തോളം യഥാർത്ഥമായിരിക്കുന്നു. ആകയാൽ, കൂടുതൽ വേലക്കാരുണ്ടാകുവാൻ വേണ്ടി “വിളവുകളുടെ നാഥനോടു പ്രാർത്ഥിക്കുക”യും തദർത്ഥം ത്യാഗപൂർവ്വം നമ്മുടെ കഴിവുകൾ നാം വിനിയോഗിക്കുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. ഉത്തമരായ ധാരളം വൈദികരാലും പ്രേഷിതരാലും സന്യാസസമൂഹങ്ങളാലും നമ്മുടെ മാതൃരാജ്യം എന്നും അനുഗൃഹീതമായി ഭവിക്കട്ടെയെന്ന് ആശംസിച്ചുകൊള്ളുന്നു.

വൈദിക പരിശീലനകേന്ദ്രങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിന് അനേകം വ്യക്തികളും ഇടവകകളും ഇന്ന് മുന്നോട്ടുവരുന്നുണ്ടെന്നത് ശുഭോദർക്കമാണ്. വിദേശസ്രോതസ്സുകളെ ആശ്രയിച്ച് മുന്നോട്ടുപോവുക ബുദ്ധിമുട്ടായിരിക്കുമെന്ന് 70 വർഷങ്ങൾക്കുമുമ്പ് കർദ്ദിനാൾ പാറേക്കാട്ടിൽ പ്രസ്താവിച്ചത് ഇന്ന് അന്വർത്ഥമായിരിക്കുന്നു.

2017 നവംബർ 5

വചനഭാഷ്യം

പള്ളിക്കൂദാശ ഒന്നാം ഞായർ

മത്താ. 16:13–19

റവ. ഫാ. പുതുശ്ശേരി ജോഷി

# ക്രിസ്തു ഉത്തരം തേടുന്ന ചോദ്യങ്ങൾ

പരസ്യജീവിതകാലത്തിന്റെ ഒരു നിർണായക ഘട്ടത്തിലെത്തിയിരിക്കുന്നു യേശു. അത്ഭുതങ്ങളിലും പ്രബോധനങ്ങളിലും ആകൃഷ്ടരായി തന്നെ അനുഗമിക്കുന്ന ജനക്കൂട്ടങ്ങൾ ഒരുവശത്ത്. മറുവശത്ത്, യഹൂദനേതാക്കളുടെ അവിശ്വാസവും അവഗണനയും പരീക്ഷണങ്ങളും വർദ്ധിച്ചുവരുന്നു. ജെറുസലേമിലെ സഹനങ്ങളിലേക്കു യാത്ര തുടങ്ങാനുള്ള സമയമടുത്തെന്നും അവൻ തിരിച്ചറിയുന്നുണ്ട്. അപ്പോഴാണ്, ഇതുവരെയുള്ള തന്റെ പ്രവർത്തനങ്ങളെ വിലയിരുത്താനെന്നപോലെ ചില ചോദ്യങ്ങൾ അവനിൽ നിന്നുയരുന്നത്. താനും ശിഷ്യരും മാത്രമുള്ള സ്വകാര്യതയിലാണ് അവന്റെ ചോദ്യങ്ങൾ. ജനങ്ങൾ തന്നെ ആരായി അടയാളപ്പെടുത്തുന്നു എന്ന് ഒന്നാം ചോദ്യം; നിങ്ങൾക്കു ഞാൻ ആര് എന്നതു രണ്ടാമത്തേതും. ഈ ചോദ്യങ്ങൾക്കിടയിൽ അവൻ മനഃപൂർവം ഒഴിവാക്കുന്ന ഒരു ചോദ്യമുണ്ട്: "ഫരിസേയരും നിയമജ്ഞരുമടങ്ങുന്ന യഹൂദനേതൃത്വം തന്നെ ആരായി കാണുന്നു?' അടഞ്ഞ ഹൃദയങ്ങളും വിമർശനത്തിന്റെ കറുത്ത നോട്ടങ്ങളും മാത്രമായി പിന്തുടരുന്നവരെ ബോധപൂർവം അവഗണിക്കുന്ന യേശു, ജീവിതത്തിൽ ഒരിക്കലും നന്മ കാണാനോ പറയാനോ ശ്രമിക്കാത്ത ആരെയൊക്കെയോ പ്രതി മനസ്സ് മടുക്കുന്നവർക്ക് ഒരു ഓർമപാഠമാണ്.

ജനത്തിനു യേശുവിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ വിഭിന്നമാണെങ്കിൽ അതിൽ ഒരു പൊതുഘടകമുണ്ട്: അവൻ ഒരു പ്രവാചകനാണ്; സമകാലിക സാമൂഹ്യ-രാഷ്ട്രീയാന്തരീക്ഷത്തെ ദൈവത്തിന്റെ മനസ്സനുസരിച്ചു വ്യാഖ്യാനിക്കുന്ന ഒരുവൻ. വരാനിരിക്കുന്ന മിശിഹായ്ക്കു മുന്നോടിയായി വീണ്ടും വരുമെന്നു ജനം പ്രതീക്ഷിച്ചിരുന്ന പഴയനിയമത്തിലെ പ്രവാചകശ്രേഷ്ഠരായ ഏലിയായോ ജെറെമിയായോ രക്ഷകന്റെ വരവ് അടുത്തെത്തിയിരിക്കുന്നു എന്ന പ്രതീക്ഷ നല്കി കടന്നുപോയ സ്നാപകയോഹന്നാനോ ആയി യേശുവിനെ കാണുന്ന ജനം പക്ഷേ, വാഗ്ദാനങ്ങളുടെ പൂർത്തീകരണമായ മിശിഹാതന്നെയാണവൻ എന്നു തിരിച്ചറിയുന്നില്ല. ജനത്തിന്റെ ഈ നിലപാടു നിഷേധാത്മകമായ ഒരു പ്രതികരണവും യേശു

വചനധാര

വിൽ ഉണ്ടാക്കുന്നില്ല. പിതാവിൽ നിന്നുള്ള കൃപ കൂടാതെ തന്നെ മിശിഹായായി അംഗീകരിക്കാൻ ആർക്കുമാവില്ല (16:17) എന്നവനറിയാം. സമയത്തിന്റെ പൂർത്തിയിൽ സംഭവിക്കേണ്ട ആ തിരിച്ചറിവിനായി കാത്തിരിക്കാൻ അവൻ തയ്യാറാണ്. താൻ ക്രിസ്തുവാണെന്ന് ആരോടും പറയരുതെന്ന് അവൻ ശിഷ്യന്മാരോടു കല്പിക്കുന്നത് (16:20), ജനത്തിന്റെ മിശിഹാസങ്കല്പത്തിനനുസരിച്ചല്ല തന്റെ ജീവിതവഴിയെന്നും അതംഗീകരിക്കാൻ ജനത്തിനിപ്പോൾ കഴിയില്ലായെന്നും മനസ്സിലാക്കുന്നതുകൊണ്ടാണ് (യേശുവിനെ ദൈവമായി അംഗീകരിക്കാത്തവർ അവനെക്കുറിച്ചു നടത്തുന്ന പരാമർശങ്ങളോടുള്ള നമ്മുടെ തീവ്രപ്രതികരണങ്ങൾ ഒരു പുനർവിചിന്തനം ആവശ്യപ്പെടുന്നുണ്ടെന്നു തോന്നുന്നു).

നാട്ടുകാർ എങ്ങനെ കാണുന്നു എന്നോർത്തു വേവലാതിപ്പെടുന്ന പലരും ചോദിക്കേണ്ടതായി പോലും പരിഗണിക്കാത്ത ചോദ്യമാണു കൂടെയായിരുന്നു ജീവിതം പങ്കിടുന്നവർ തങ്ങളെ എങ്ങനെ കാണുന്നു എന്നത്. യേശുവിന് ഈ രണ്ടാം ചോദ്യമാണു മുഖ്യം. ഇതിലേക്കുള്ള ഒരു മുഖവുര മാത്രമായിരിക്കണം ഒന്നാം ചോദ്യം. "നിങ്ങൾക്ക്, ഞാൻ വിളിച്ചു കൂടെ കൂട്ടിയ, തൊട്ടടുത്തായിരുന്ന എന്റെ കർമങ്ങളുടെ ചൂടറിഞ്ഞ്, എന്റ മൊഴികളുടെ പൊരുൾ വ്യാഖ്യാനിച്ചു കിട്ടിയ (13:11-17; 36) എന്റെ ശിഷ്യർക്ക് - ഞാൻ ആരാണ്? ഇന്നും യേശു ഉത്തരം തേടുന്ന ചോദ്യം ഇതാണ്. നിനക്ക് എന്റെ അനുയായിയാകാൻ വിളി ലഭിച്ച, കൂദാശകളിലൂടെ എന്റെ സ്നേഹവും കൃപയും അനുഭവിച്ചറിയുന്ന, തിരുവചന വ്യാഖ്യാനത്തിലൂടെ എന്റെ ഹിതം വെളിപ്പെട്ടു കിട്ടുന്ന നിനക്ക് ഞാൻ ആരാണ്?

മറ്റു പലപ്പോഴുമെന്നതുപോലെ (14:28; 15:15; 19ഃ27) പത്രോസാണു പ്രതികരിക്കുന്നത്: "മറ്റ് അചേതന ദൈവങ്ങളിൽനിന്നു വിഭിന്നനായി ജീവനുള്ളവനും ചരിത്രത്തിൽ ഇടപെടുന്നവനുമായ ഏകസത്യദൈവത്തിന്റെ പുത്രനും, വാഗ്ദാനങ്ങളുടെ പൂർത്തീകരണമായ ദൈവത്തിന്റെ അഭിഷിക്തനും (മിശിഹാ/ക്രിസ്തു) ആണു നീ." മാനുഷികമായ കഴിവോ ചിന്തയോ മൂലമല്ല, ബുദ്ധിമാന്മാരിലും വിവേകികളിലും നിന്നു മറച്ചുവച്ച രഹസ്യങ്ങൾ ശിശുക്കൾക്കു വെളിപ്പെടുത്തുന്ന (11:25) സ്വർഗസ്ഥനായ പിതാവിന്റെ കൃപയാലാണു പത്രോസിന് ഈ ഉത്തരം പറയാനാവുന്നത്. പുത്രനെ കൃത്യമായി അറിയുന്ന (11:27) പിതാവാണു വെളിപ്പെടുത്തുന്നത് എന്നത് ഈ ഉത്തരം ശരിയാണെന്ന് ഉറപ്പിക്കുന്നു. യേശുവിനെ രക്ഷകനും ദൈവവുമായി സ്വീകരിക്കാൻ ദൈവകൃപയുടെ കൈത്താങ്ങ് കൂടിയേ തീരൂ. ഈ കൃപ സ്വീകരിച്ചവനെന്ന നിലയിൽ പത്രോസ് യേശുവിന്റെ വാക്കുകളിൽ ഭാഗ്യവാനാണ്.

യേശുവിലുള്ള പത്രോസിന്റെ വിശ്വാസപ്രഖ്യാപനം പത്രോസ് എന്ന പാറമേൽ പണിയപ്പെടുന്ന സഭയുടെ പ്രഖ്യാപനത്തിലേക്കു യേശുവിനെ

നയിക്കുന്നു. അബ്രാഹം എന്നു വിളിക്കപ്പെട്ട അബ്രാമിലൂടെയും (ഉത്പ. 17;1-8) ഇസ്രായേൽ എന്നു വിളിക്കപ്പെട്ട യാക്കോബിലൂടെയും (ഉത്പ. 32:22 -32) രൂപപ്പെട്ട ദൈവജനമായ ഇസ്രായേൽ മിശിഹായെ തിരിച്ചറിയാനും അംഗീകരിക്കാനും പരാജയപ്പെട്ടു. പകരം, പത്രോസ് എന്നു വിളിക്കപ്പെട്ട ശിമയോനിലൂടെ യേശുവിനെ മിശിഹായായി സ്വീകരിച്ച ഒരു പുതിയ ദൈവ ജനം രൂപീകൃതമാകുന്നു. പാറമേൽ പണിയപ്പെടുന്ന ഈ സഭയെ മരണ ത്തിന്റെയും തിന്മയുടെയും ശക്തികൾക്ക് ഒരിക്കലും അതിജീവിക്കാനോ തകർക്കാനോ കഴിയില്ല. യുഗാന്തം വരെ കൂടെയായിരിക്കുന്ന ക്രിസ്തുവി നോടൊപ്പം അതു നിലനില്ക്കും (28:20). ദൈവകലല്പനകളുടെ തെറ്റായ വ്യാഖ്യാനത്തിലൂടെ മനുഷ്യർക്കു സ്വർഗരാജ്യം അടച്ചുകളയുകയാണു ഫരിസേയരും നിയമജ്ഞരും (23:13). അവർക്കു പകരം സ്വർഗരാജ്യത്തിന്റെ താക്കോലുകൾ പത്രോസിനു നല്കപ്പെടുന്നു. മത്തായി സുവിശേഷമനു സരിച്ചു ദൈവികനിയമത്തിന്റെ യഥാർത്ഥ വ്യാഖ്യാതാവും യേശുവാണ്. യേശുവിന്റെ പ്രബോധനമനുസരിച്ചു ദൈവികനിയമങ്ങളെ വ്യാഖ്യാനി ക്കാനും അവയുടെ വെളിച്ചത്തിൽ സ്വർഗത്തിന് - ദൈവത്തിന് - സ്വീകാ ര്യമായതും അല്ലാത്തവയും ഏതെന്നു നിശ്ചയിക്കാനുമുള്ള അധികാരം പത്രോസിനും സഭയ്ക്കും (18;18) ഏല്പിച്ചു നല്കുകയാണു ക്രിസ്തു.

യേശുവിനെ ക്രിസ്തുവും ദൈവവുമായി തിരിച്ചറിയാൻ കൃപ ലഭിച്ച ഭാഗ്യവാന്മാരുടെ സമൂഹമാണു സഭ. 'ഞാൻ നിനക്ക് ആര്' എന്ന ചോദ്യ ത്തിന് ഏതു ക്രിസ്ത്യാനിക്കും പറയാനുള്ള പൂർണതയുള്ള ഉത്തരം പത്രോ സിന്റെ വാക്കുകൾതന്നെയാണ്. പക്ഷേ, ആയുസ്സന്ത്യംവരെ എപ്പോഴും ബോദ്ധ്യത്തോടെ അത് ഏറ്റുപറയാനാവുക എന്നതാണു വെല്ലുവിളി. ഇക്കാ ര്യത്തിൽ നിരന്തരം പരാജയപ്പെട്ടവനാണു പത്രോസ്. യേശു രക്ഷകനാ ണെങ്കിൽ അവൻ നടക്കുന്ന കുരിശിന്റെ വഴിയാണു രക്ഷയുടേതെന്ന് അംഗീ കരിക്കാൻ പത്രോസിനാവുന്നില്ല (16:22-23). സെൻഹദ്രിൻ സംഘത്തിന്റെ വിചാരണയ്ക്കിടയിൽ ബന്ധിതനായ യേശുവിനോടു പ്രധാന പുരോഹിത നായ കയ്യഫാസ്, "നീ ദൈവപുത്രനായ ക്രിസ്തുവാണോ?" എന്നു പത്രോസ് ഏറ്റുപറഞ്ഞ അതേ വാക്കുകളിൽ ചോദിക്കുമ്പോൾ (26:63) അകലെ പരി ചാരകർക്കിടയിൽ മൗനിയായി മറഞ്ഞിരിക്കുകയാണു പത്രോസ് (26:58). പിന്നെ, "ഞാൻ ആ മനുഷ്യനെ അറിയുകയില്ല" എന്ന ആവർത്തിച്ചുള്ള തള്ളിപ്പറച്ചിലും (26:69-74). പക്ഷേ, പിന്നീട് ആത്മാവിന്റെ നിറവിനാൽ, പ്രാ ണനറ്റു വീഴുവോളം അവൻ മിശിഹായെ ഏറ്റുപറഞ്ഞുവെന്നതു ചരിത്രം. ജയപരാജയങ്ങളുടെ ഈ പത്രോസ്ചരിത്രം ഓരോ ക്രിസ്ത്യാനിയും ഓരോ ദിവസവും ഉത്തരം നല്കേണ്ട ഒന്നാണ് "ഞാൻ നിനക്കാര്?" എന്ന ക്രിസ്തു ചോദ്യം എന്ന് ഓർമിപ്പിക്കുന്നു. "ഭാഗ്യവാൻ" എന്നവനു പ്രതിവചിക്കാവുന്ന ഒരുത്തരം നല്കാൻ എനിക്കാവുമോ?"

വചനധാര



മത്താ. 16:13 – 19 2017 നവംബർ 5

## വചനസന്ദേശം

ഡീ. ചാൾസ് ചിറ്റാട്ടുകരക്കാരൻ

# പത്രോസിന്റെ വിശ്വാസപ്രഖ്യാപനം

കേസറിയാ ഫിലിപ്പി പ്രദേശത്തെത്തിയപ്പോൾ ഈശോ തന്റെ ശിഷ്യന്മാർക്കൊരു പരീക്ഷ നടത്തി; ഒരു ചോദ്യോത്തര പരീക്ഷ. രണ്ടേ രണ്ടു ചോദ്യങ്ങൾ. ഒന്നാമത്തെ ചോദ്യം: "മനുഷ്യപുത്രൻ ആരെന്നാണു ജനങ്ങൾ പറയുന്നത്?" വിചാരിച്ചതിനേക്കാൾ എളുപ്പമുള്ള ചോദ്യമായിരുന്നതുകൊണ്ടു ശിഷ്യന്മാർ ഉത്തരം പറയുവാനായി മത്സരിക്കുകയാണ്. "ചിലർ സ്നാപകയോഹന്നാനെന്നു പറയുന്നു, മറ്റു ചിലർ ഏലിയ എന്നു പറയുന്നു, വേറെ ചിലർ ജെറെമിയ എന്നു പറയുന്നു." ഉത്തരം പറഞ്ഞു കഴിഞ്ഞപ്പോൾ ക്രിസ്തു രണ്ടാമത്തെ ചോദ്യം ചോദിച്ചു: "ഞാൻ ആരാണെന്നാണു നിങ്ങൾ പറയുന്നത്?" ഒരുപക്ഷേ ശിഷ്യസമൂഹം പകച്ചുപോയിരിക്കണം. കാരണം കഴിഞ്ഞ മൂന്നു വർഷങ്ങളായി ക്രിസ്തുവിന്റെ കൂടെ എപ്പോഴുമുണ്ടായിരുന്നവരാണ്. പ്രസംഗങ്ങൾ പറഞ്ഞിരുന്നപ്പോഴും അത്ഭുതങ്ങൾ പ്രവർത്തിച്ചപ്പോഴും ജനങ്ങളെ പഠിപ്പിച്ചിരുന്നപ്പോഴും അവന്റെ പിന്നിൽ നെഞ്ചും വിരിച്ചു നിന്നതാണ്. അതുകൊണ്ടുതന്നെ ഏറ്റവും നിസ്സാരമെന്നു തോന്നാവുന്ന, എന്നാൽ ഏറ്റവും ആർജ്ജവത്വമുള്ള ഈ ചോദ്യത്തിന് ഉത്തരം പറഞ്ഞില്ലെങ്കിൽ, അല്ലെങ്കിൽ പറയുന്ന ഉത്തരം തെറ്റിപ്പോയാൽ നാണക്കേടാണ്. ശിഷ്യന്മാരെല്ലാവരും നല്ലൊരു ഉത്തരത്തിനുവേണ്ടി ചിന്തിച്ചിരിക്കുമ്പോഴാണു പത്രോസ് ശ്ലീഹ ക്രിസ്തു പ്രതീക്ഷിച്ചിരുന്ന ഉത്തരം പറയുന്നത്: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്." പരീക്ഷയിൽ പത്രോസിനു മുഴുവൻ മാർക്കും കൊടുത്തുകൊണ്ടു ക്രിസ്തു പറയും: "യോനായുടെ പുത്രനായ ശിമയോനേ, നീ ഭാഗ്യവാൻ! മാംസരക്തങ്ങളല്ല, സ്വർഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇതു വെളിപ്പെടുത്തിത്തന്നത്."

കൂടെയുള്ള ദൈവത്തെ, കൂടെ നടക്കുന്ന ദൈവത്തെ, ദൈവസാന്നിദ്ധ്യത്തെ തിരിച്ചറിയുകയെന്നത് ഏതൊരു ക്രിസ്ത്യാനിയെ സംബന്ധിച്ചും ഭാഗ്യമുള്ള കാര്യമാണ്. പഴയനിയമത്തിൽ അബ്രഹാം മാമ്രേയുടെ ഓക്കുമരത്തോപ്പിനു സമീപത്തായിരിക്കുമ്പോൾ തന്നെ സന്ദർശിക്കുന്ന വിരുന്നുകാരിൽ ദൈവസാന്നിദ്ധ്യത്തെ തിരിച്ചറിയുന്നുണ്ട്. കൂടെയുള്ള ദൈവത്തെ

തിരിച്ചറിഞ്ഞ ബൈബിളിലെ അനേകം പേരോടുകൂടെ പത്രോസും എണ്ണപ്പെടുമ്പോൾ ക്രിസ്തു പത്രോസിനോടു പറയും: "യോനായുടെ പുത്രനായ ശിമയോനേ നീ ഭാഗ്യവാൻ." ഒരുപക്ഷേ പത്രോസിനെ ഭാഗ്യവാനെന്നു വിളിക്കാൻ കാരണം ഈശോ പറഞ്ഞ ഈ വചനമായിരിക്കും: "നിങ്ങളുടെ കണ്ണുകൾ ഭാഗ്യമുള്ളവ; എന്തെന്നാൽ അവ കാണുന്നു... സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അനേകം പ്രവാചകനമാരും നീതിമാന്മാരും നിങ്ങൾ കാണുന്നവ കാണാൻ ആഗ്രഹിച്ചുവെങ്കിലും കണ്ടില്ല..." (മത്താ. 13:16, 17).

മത്താ. 16:17-19 വാക്യങ്ങളിൽ പത്രോസിനെ പുകഴ്ത്തി പറയുന്ന ക്രിസ്തു തുടർന്നു വരുന്ന വാക്യങ്ങളിൽ (16:23) "സാത്താനേ, എന്റെ മുമ്പിൽ നിന്നു പോകൂ" എന്നു പോലും പറഞ്ഞു പത്രോസിനെ ശാസിക്കുന്നുണ്ട്. അതിനു കാരണം പറയുന്നതു "നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്" എന്നതാണ്. വി. കുർബാനയിൽ ഒരുപക്ഷേ, കർത്താവും ദൈവവുമായവനെ ഏറ്റുപറഞ്ഞു വി. കുർബാന സ്വീകരിച്ചുകഴിഞ്ഞാൽ നമ്മൾ ശ്രദ്ധിക്കേണ്ടതു ദൈവം എന്റെ ഉള്ളിലുണ്ട് എന്ന ദൈവികമായ ചിന്ത നിലനിർത്തുകയെന്നതാണ്. ഈ ബോദ്ധ്യം നമ്മിൽ നിന്നും നഷ്ടപ്പെടുമ്പോൾ തീർച്ചയായും ക്രിസ്തു നമ്മെ ശാസിക്കും.

ഞാൻ ആരാണെന്നുള്ള ചോദ്യത്തിനുള്ള ഉത്തരം തേടിയുള്ള യാത്രയാണ് ഓരോ മർത്യജന്മവും. എന്നോടുതനെയും മറ്റുള്ളവരോടും ഞാനാരാണെന്നു ചോദിച്ചുകഴിഞ്ഞാൽ ദൈവത്തോടു ചോദിക്കണം ഞാനാരാണെന്ന്. ദൈവസന്നിധിയിലെത്തി അവനോടു ചോദിക്കണം: ദൈവമേ എന്റെ ജീവിതപങ്കാളി പറയുന്നു ഞാൻ നല്ലൊരു പങ്കാളിയാണന്ന്, എന്റെ അയൽക്കാർ പറയുന്നു ഞാൻ സ്നേഹമുള്ള ഒരു അയല്ക്കാരനാണെന്ന്, എന്റെ ജോലി സ്ഥലത്തെ സുഹൃത്തുക്കൾ പറയുന്നു ഞാൻ ഉത്തരവാദിത്വമുള്ള ജോലിക്കാരനാണെന്ന്, എന്നാൽ ദൈവമേ നീ പറയൂ ഞാനാരാണെന്ന്? കാരണം തന്നെത്തന്നെ പ്രശംസിക്കുന്നവനല്ല, കർത്താവു പ്രശംസിക്കുന്നവനാണു സ്വീകാര്യൻ (2 കോറി. 10:18).

ഒരിക്കൽ ഒരു ശിഷ്യൻ ഗുരുവിനോടു ചോദിച്ചു, "ഗുരോ, എന്തുകൊണ്ടാണ് ജീവിതമാകുന്ന പരീക്ഷയിൽ അധികം പേരും തോറ്റു പോകുന്നത്?" ഗുരു മറുപടി പറഞ്ഞു: "യഥാർത്ഥത്തിൽ ജീവിതമാകുന്ന പരീക്ഷ വളരെ ലളിതമാണ്. പക്ഷേ, നമുക്കോരോരുത്തർക്കും ദൈവം വെവ്വേറെ ചോദ്യപേപ്പറുകളാണു നല്കുന്നത്. ഇതറിയാതെ നാം അടുത്തിരിക്കുന്നവരുടെ ഉത്തരം കോപ്പിയടിക്കാൻ ശ്രമിക്കുന്നതുകൊണ്ടാണു പരീക്ഷയിൽ തോറ്റു പോകുന്നത്. ജീവതമാകുന്ന പരീക്ഷയിൽ ജയിക്കാൻ, ദൈവം ചോദിക്കുന്ന ചോദ്യങ്ങൾക്കു ശരിയുത്തരം നല്കാൻ, ദൈവികചിന്തകൾ നിലനിർത്താൻ, എന്നെക്കുറിച്ചുള്ള ദൈവത്തിന്റെ അഭിപ്രായം അറിയാൻ, അതനുസരിച്ചു പ്രവർത്തിക്കാൻ ദൈവം കൃപ തരട്ടെ....

2017 നവംബർ 12

വചനഭാഷ്യം

പള്ളിക്കൂദാശ രണ്ടാം ഞായർ

**മത്താ. 12:1–13** **റവ. ഫാ. പുതുശ്ശേരി ജോഷി**

# സ്നേഹത്താൽ വ്യാഖ്യാനിക്കപ്പെടേണ്ട നിയമങ്ങൾ

ഒരു സാബത്തു ദിവസം നടക്കുന്ന രണ്ടു സംഭവങ്ങൾ. ദൈവികനിയമങ്ങളുടെ വ്യാഖ്യാനത്തിൽ വിഭിന്ന കാഴ്ചപ്പാടുകൾ പുലർത്തുന്ന ഫരിസേയരും യേശുവും തമ്മിൽ സാബത്തുനിയമത്തെക്കുറിച്ചുള്ള രണ്ടു സംവാദങ്ങൾ. "എന്റെ നുകം വഹിക്കാനെളുപ്പമുള്ളതും ചുമടു ഭാരം കുറഞ്ഞതുമാണ്" (11:30) എന്ന യേശുവിന്റെ പ്രസ്താവനയെ തുടർന്നു രേഖപ്പെടുത്തപ്പെട്ട ഇവയിലൂടെ ഫരിസേയരുടേതിനേക്കാൾ ലഘുവും കാരുണ്യം നിറഞ്ഞതുമാണു യേശുവിന്റെ പ്രബോധനങ്ങൾ എന്നു സുവിശേഷകൻ വ്യക്തമാക്കുന്നു.

മറ്റൊരാളുടെ വയലിൽനിന്നു ഗോതമ്പു പറിച്ചുതിന്നുന്നതോ (നിയ. 23:25) സാബത്തുദിവസം ഭക്ഷിക്കുന്നതോ നിയമപ്രകാരം തെറ്റായിരുന്നില്ല. എന്നാൽ, കൊയ്ത്ത് സാബത്തിൽ നിഷിദ്ധമായ ജോലികളിൽ ഒന്നായി നിയമവ്യാഖ്യാതാക്കൾ കണക്കാക്കിയിരുന്നു. കതിരുകൾ പറിച്ചുതിന്നുന്നതു സാങ്കേതികാർത്ഥത്തിൽ കൊയ്ത്തായതിനാൽ, ശിഷ്യന്മാർ സാബത്തുനിയമം ലംഘിച്ചിരിക്കുന്നുവെന്നാണു ഫരിസേയരുടെ ആരോപണം. താൻ തെറ്റു ചെയ്തതായി ആരോപണമില്ലെങ്കിലും ശിഷ്യന്മാരുടെ പ്രവൃത്തിയുടെ ഉത്തരവാദിത്വമേറ്റെടുത്തു യേശു അതിനെ പ്രതിരോധിക്കുന്നു.

പുരോഹിതർക്കു മാത്രം ഭക്ഷിക്കാൻ ദൈവകല്പനയാൽ അനുവദിക്കപ്പെട്ടിട്ടുള്ള കാഴ്ചയപ്പം (ലേവ്യ 24:5–9) വിശന്നപ്പോൾ ദാവീദും അനുചരന്മാരും ഭക്ഷിച്ചു (1 സാമു. 21;1–6). ഈ പഴയ നിയമസംഭവത്തെ ആസ്പദമാക്കിയാണു യേശുവിന്റെ ഒന്നാം വാദം. മാനുഷികമായ ഒരത്യാവശ്യത്തിനു മുമ്പിൽ ദാവീദ് ദൈവികനിയമം ലംഘിച്ചതു വിശുദ്ധ ഗ്രന്ഥമോ വ്യാഖ്യാതാക്കളോ തെറ്റായി കാണുന്നില്ല. വിശപ്പ് എന്ന അതേ കാരണമാണു യേശുവിന്റെ ശിഷ്യർക്കുമുള്ളത്. ദാവീദിനേക്കാൾ ശ്രേഷ്ഠനാണു യേശു. ദൈവികകല്പനയ്ക്കു നല്കപ്പെട്ടിരിക്കുന്ന ഒരു വ്യാഖ്യാനം മാത്രമാണു ശിഷ്യർ ലംഘിച്ചിട്ടുള്ളത്. ദാവീദും അനുചരരും തെറ്റുകാരല്ലാതിരിക്കേ യേശുവിന്റെ ശിഷ്യർ എങ്ങനെ തെറ്റുകാരാകും?

സാബത്തുനിയമം അലംഘനീയമല്ല എന്ന യാഥാർത്ഥ്യത്തെ ആസ്പദമാക്കിയാണു രണ്ടാമത്തെ വാദം. ദേവാലത്തിലെ പുരോഹിതർ സാബത്തു

ദിവസവും ബലിയർപ്പിക്കണം (സംഖ്യ. 28:9-10). എങ്കിലും അവർ കുറ്റക്കാരല്ല. കാരണം ദേവാലയത്തിലെ ബലിയർപ്പണം സാബത്തിക്കാൾ പ്രധാനമാണ്. ദേവാലയത്തേക്കാൾ ശ്രേഷ്ഠമാണു യേശുവും അവൻ ഏർപ്പെട്ടിരിക്കുന്ന ദൈവരാജ്യത്തിന്റെ പ്രവർത്തനങ്ങളും. അതിൽ പങ്കാളികളാകുന്ന ശിഷ്യർ പുരോഹിതരെപ്പോലെ കുറ്റരഹിതരാണ്. സാബത്തിനേക്കാൾ ശ്രേഷ്ഠം ബലിയർപ്പണമാണെങ്കിൽ, ബലിയേക്കാൾ ശ്രേഷ്ഠമാണു കരുണ (ഹോസി 6:6). അപ്പോൾ വിശന്നുവലഞ്ഞ ശിഷ്യരോടു കരുണ കാണിക്കുകയല്ലേ, സാബത്ത് നിഷ്കർഷിക്കുന്നതിനേക്കാൾ മഹനീയം.?

താൻ സാബത്തിന്റെയും കർത്താവാണ് എന്ന പ്രഖ്യാപനമാണു യേശുവിന്റെ അന്തിമന്യായം. മിശിഹാ എന്ന നിലയിൽ ദൈവികനിയമത്തിന്റെ ആധികാരികവും അന്തിമവുമായ വ്യാഖ്യാതാവ് യേശുവാണ്. അതിനാൽത്തന്നെ, സാബത്തു നിയമമനുസരിച്ചുള്ള ശരിയും തെറ്റും തീരുമാനിക്കാനുള്ള പരമാധികാരവും അവിടുത്തേക്കുതന്നെ.

വയലിൽവച്ചു ശിഷ്യർക്കെതിരെ നടന്ന കുറ്റാരോപണവും തുടർന്നു സംവാദവും സ്വാഭാവികമാണെങ്കിൽ, സിനഗോഗിലെ സംവാദം യേശുവിൽ കുറ്റമാരോപിക്കണമെന്ന ഉദ്ദേശത്തോടെ ഫരിസേയർ ബോധപൂർവം ആരംഭിക്കുന്നതാണ് (12:10). സാബത്തിൽ രോഗശാന്തി നല്കുന്നതിന് യേശു മടിക്കുകയില്ല എന്നറിഞ്ഞുതന്നെയാണ് അത് അനുവദനീയമാണോ എന്ന് അവർ ചോദിക്കുന്നത്. സാബത്തുദിവസം കുഴിയിൽ വീണ ഒരു ആടിനോടു കരുണ കാണിക്കുന്നതു ശരിയായ പ്രവൃത്തിയാണെങ്കിൽ ആടിനേക്കാൾ വിലപ്പെട്ട മനുഷ്യന്റെ കാര്യത്തിൽ എത്രയോ അധികം കരുണ കാണിക്കണം. സാബത്തിൽ രോഗിയെ സുഖപ്പെടുത്തുന്നതു മാത്രമല്ല, നന്മയായ എന്തു ചെയ്യുന്നതും അനുവദനീയമാണ് എന്നാണു യേശുവിന്റെ കാഴ്ചപ്പാട്. സാബത്തിൽ എന്തു ചെയ്യരുത് എന്ന നിഷേധാത്മകദർശനമല്ല എന്തു ചെയ്യണം എന്ന ക്രിയാത്മക നിലപാട്. തനിക്കെതിരെ തെളിവു തേടുന്ന ശത്രുക്കളുട മദ്ധ്യേ, സാബത്തു ലംഘനത്തിനുള്ള ശിക്ഷ മരണമാണെന്നറിഞ്ഞുകൊണ്ടുതന്നെ (പുറ. 31:14) കൈ ശോഷിച്ച മനുഷ്യനെ സുഖപ്പെടുത്തുന്ന യേശു നന്മ ചെയ്യുന്നു. എന്നാൽ പതിവു രീതിയിൽ കൈ നീട്ടിയോ സ്പർശിച്ചോ (8:3, 15;9:25) അല്ല, "കൈ നീട്ടുക" എന്നു വാക്കാൽ മാത്രം കല്പിച്ചുകൊണ്ടാണു യേശു അയാളെ സുഖപ്പെടുത്തുന്നത്. അതിനാൽത്തന്നെ സാബത്തിന്റെ നിബന്ധനകൾ അവൻ ലംഘിച്ചിട്ടില്ല. എന്നിട്ടും പുറത്തിറങ്ങിപ്പോയി അവനെ നശിപ്പിക്കാനുള്ള ഗൂഢാലോചന നടത്തുകയാണു ഫരിസേയർ. അവരുടെ ശോഷിച്ച ഹൃദയങ്ങൾ ഇനിയും സുഖമാക്കപ്പെട്ടിട്ടില്ല എന്നു സാരം.

നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനല്ല പൂർത്തിയാക്കാനാണു യേശു വന്നത് (5:17). സാബത്തുനിയമത്തെ യേശു തള്ളിക്കളയുന്നില്ല. മറിച്ച്, ദൈവത്തിന്റെ മനസ്സിനനുസരിച്ച് അതിനെ വ്യാഖ്യാനിച്ചു പൂർണമാക്കുന്നു. സമസ്ത നിയമവും പ്രവാചകന്മാരും നിയമത്തിലെ അതിപ്രധാന കല്പനകളായ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അധി

വചനധാര



**മത്താ. 12:1 – 13** **2017 നവംബർ 12**

# വചനസന്ദേശം

**ഡീ. ജോസഫ് ഓരത്തേൽ**

വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും ലോകമനഃസാക്ഷിയെ ഇന്നും ആഴത്തിൽ സ്പർശിക്കുന്ന അപൂർവം കൃതികളിലൊന്നാണു വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങൾ' എന്ന നോവൽ. ഒരു കുടുംബത്തിന്റെ മുഴുവൻ ഉത്തരവാദിത്വങ്ങളും ചുമലിൽ വഹിക്കേണ്ടി വരുന്ന ജീൻ വാൽ ജീൻ എന്ന ഒരു ഹതഭാഗ്യനായ മനുഷ്യനാണ് ഈ നോവലിലെ പ്രധാന കഥാപാത്രം. കുടുംബത്തിന്റെ വിശപ്പടക്കാൻ മറ്റു മാർഗമില്ലാതെ വരുമ്പോൾ ജീവിതത്തിലാദ്യമായി ഒരു റൊട്ടിക്കഷണം മോഷ്ടിക്കാൻ അയാൾ ശ്രമിക്കുന്നു. പക്ഷേ, മോഷണശ്രമത്തിൽ പിടിയിലാകുന്ന ജീൻ വാൽ ജീനെ കാത്തിരുന്നതു കഠിനമായ തടവുശിക്ഷയായിരുന്നു. മാനുഷികമായ യാതൊരു പരിഗണനയും നല്കാതെ നിയമത്തിന്റെ കാർക്കശ്യത്തോടെ അധികാരികൾ അദ്ദേഹത്തെ തടവിലിട്ടപ്പോൾ സമൂഹത്തിന്റെ മുന്നിൽ ഒരു കുറ്റവാളികൂടി സൃഷ്ടിക്കപ്പെട്ടു. ഒരു കുടുംബം അനാഥമാകുകയും ചെയ്തു.

മനുഷ്യനെ പരിഗണിക്കാതെ നിയമങ്ങൾക്കു പ്രാധാന്യം നല്കിയ അധികാരികളെയാണു 'പാവങ്ങൾ' എന്ന അനശ്വര നോവൽ നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നെതങ്കിൽ മനുഷ്യനേക്കാൾ മതനിയമങ്ങൾക്കു വില കല്പിച്ച യഹൂദ നേതൃത്വത്തിന്റെ കപടതയെ തുറന്നു കാണിക്കുന്ന ഈശോയുടെ ചിത്രമാണ് ഇന്നത്തെ സുവിശേഷം നമ്മുടെ മുന്നിൽ അവരിപ്പിക്കുന്നത്. ഒരുപക്ഷേ, ഈശോയുടെ ഈ സുവിശേഷത്തിന് എന്നത്തേയുംകാൾ കൂടുതൽ പ്രാധാന്യമുള്ള കാലഘട്ടത്തിലാണു നാം ജീവിക്കുന്നത്. പിഞ്ചുകുഞ്ഞുങ്ങൾ മുതൽ വൃദ്ധർവരെ തെരുവുനായ്ക്കളുടെ ആക്രമണത്തിൽ കൊല്ലപ്പെടുകയും പരിക്കേല്പിക്കപ്പെടുകയും ചെയ്യുമ്പോഴും മനുഷ്യനേക്കാൾ കൂടുതൽ പ്രാധാന്യം തെരുവുനായ്ക്കളോടു കാണിക്കുന്ന മൃഗസ്നേഹികളും മനുഷ്യനേക്കാൾ പശുവിനു പ്രാധാന്യം നല്കുന്ന, അതിന്റെ പേരിൽ മനുഷ്യജീവനെടുക്കാൻ പോലും മടിക്കാത്ത മതനേതാക്കളും വന്ദേ

15 ▶ ഷ്ഠിതമാണെന്നറിയുന്ന അവൻ (22:37–40) സ്നേഹത്തെയും അതിൽനിന്നുൽഭൂതമാകുന്ന കരുണയെയും നിയമവ്യാഖ്യാനത്തിന്റെ കേന്ദ്രമായി പ്രതിഷ്ഠിക്കുന്നു. ദൈവത്തെയും ദൈവേഷ്ടങ്ങളെയും സംരക്ഷിക്കാനുള്ള തീക്ഷ്ണതയിൽ മൗലികവാദ നിലപാടുകൾ സ്വീകരിക്കുകയും അരുതുകളുടെ പട്ടികകൾ പുറത്തിറക്കുകയും ചെയ്യുന്ന സമകാലിക വചനവ്യാഖ്യാതാക്കൾ മാനുഷികതയും സ്നേഹവും നിറഞ്ഞ ക്രിസ്തുശൈലി മറക്കാതിരുന്നെങ്കിൽ...!

മാതരം പാടാത്തവൻ രാജ്യം വിടണമെന്നു കല്പിക്കുന്ന രാഷ്ട്രീയനേതാക്കളും യഹൂദമതനേതൃത്വത്തിന്റെ ചിന്താശക്തി പുലർത്തുന്നവരാണ്.

ക്രൈസ്തവമതം അവതരിപ്പിക്കുന്ന മനുഷ്യദർശനം എന്നതു ലോകത്തിൽ ഏറ്റവും ശ്രേഷ്ഠമായ ദർശനമാണ്. തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിയുടെ മകുടമായി മനുഷ്യനെ സൃഷ്ടിക്കുന്ന ദൈവത്തെക്കുറിച്ചു പറഞ്ഞുകൊണ്ടാണു പഴയനിയമം ആരംഭിക്കുന്നതെങ്കിൽ പാപം ചെയ്തകന്ന മനുഷ്യവംശത്തിന്റെ രക്ഷയ്ക്കായി സ്വപുത്രനെ കുരിശിൽ ബലിയർപ്പിച്ച സ്നേഹപിതാവിന്റെ കഥയാണു പുതിയ നിയമം പറയുന്നത്. എല്ലാ മതങ്ങളും രക്ഷ പ്രാപിക്കാൻ എന്തു ചെയ്യണം എന്നു പറഞ്ഞു തുടങ്ങുമ്പോൾ ക്രിസ്തുമതം ജനങ്ങളോടു സംസാരിച്ചു തുടങ്ങുന്നതു രക്ഷ പ്രാപിക്കാൻ അവർ എന്തു ചെയ്യണം എന്നല്ല മറിച്ചു ദൈവം അവർക്കുവേണ്ടി എന്തു ചെയ്തു എന്നതിനെക്കുറിച്ചാണ്.

നിയമങ്ങളെ മാറ്റിവച്ചു മനുഷ്യനെ മാനിക്കണമെന്നു പഠിപ്പിക്കുകയാണ് ഇന്നത്തെ സുവിശേഷത്തിൽ. മനുഷ്യന്റെ നന്മയ്ക്കുവേണ്ടി ദൈവം നല്കിയതാണു ദൈവികനിയമങ്ങൾ. ആറു ദിവസം കഠിനമായി അദ്ധ്വാനിക്കുന്ന അടിമകൾക്കും ഏഴാം ദിവസം ലഭിക്കേണ്ട വിശ്രമത്തെക്കുറിച്ചുള്ള ചിന്തയാകണം അവിടുത്തേക്കുണ്ടാവുക. ആറു ദിവസം അദ്ധ്വാനിക്കുന്നവൻ ഏഴാം ദിവസം കുടുംബത്തോടൊപ്പം വിശ്രമിക്കുന്നതാകണം അവിടുന്നു ചിന്തിച്ചത്. എന്നാൽ നിയമങ്ങളെ വാചികാർത്ഥത്തിൽ മാത്രം വ്യാഖ്യാനിച്ച നിയമജ്ഞരും ഫരിസേയരും മനുഷ്യന്റെ നുകത്തിനു ഭാരം കൂട്ടാനാണു ശ്രമിച്ചത്. ബലിയല്ല കരുണയാണു ഞാൻ ആഗ്രഹിക്കുന്നത് എന്നു പറയുമ്പോഴും മനുഷ്യൻ നിയമത്തിനു വേണ്ടിയല്ല നിയമം മനുഷ്യനുവേണ്ടിയുള്ളതാണ് എന്നു പറയുമ്പോഴും യഹൂദരുടെ ഈ തെറ്റായ ചിന്താഗതിയെ തിരുത്താൻ ശ്രമിക്കുകയാണ് ഈശോ.

നിയമത്തെ കർശനമായി വ്യാഖ്യാനിക്കുകയും അനുസരിക്കുകയും ചെയ്ത യഹൂദർക്കു ശിഷ്യരുടെ പ്രവൃത്തി അസ്വസ്ഥതയ്ക്കു കാരണമായി. യഹൂദ നിയമമനുസരിച്ചു സാബത്തു ദിവസം ഭക്ഷണം കഴിക്കാം. പക്ഷേ, പാചകം ചെയ്യാൻ പാടില്ല. അതിനാൽത്തന്നെ കതിരുകൾ തിന്നു എന്നതല്ല ശിഷ്യരുടെ തെറ്റ്. അതിനു വി. ലൂക്കാ സുവിശേഷകൻ നല്കുന്ന വിവരണം ശ്രദ്ധിക്കണം. ശിഷ്യർ കതിരുകൾ പറിച്ചു കയ്യിൽ തിരുമ്മി. ആദ്യപ്രവൃത്തി ധാന്യം കൊയ്യുന്നതായും രണ്ടാം പ്രവൃത്തി മെതിക്കുന്നതായും പാകം ചെയ്യുന്നതായുമാണു യഹൂദനേതൃത്വം വീക്ഷിച്ചത്. എന്നാൽ ശിഷ്യരെ കൈവിടാൻ ക്രിസ്തു തയ്യാറായിരുന്നില്ല. കാരണം ശിഷ്യർ കതിരുകൾ പറിച്ചുതിന്നതു വിശന്നപ്പോഴാണ്. നിയ. 23:25-ൽ അയൽക്കാരന്റെ ഗോതമ്പു വയലിലൂടെ യാത്ര ചെയ്യുന്നവർക്കു കൈകൊണ്ടു കതിരുകൾ പറിച്ചുതിന്നാൻ അനുവാദം നല്കുന്നുണ്ട്.

തന്റെ ശിഷ്യരുടെ പ്രവൃത്തിയെ ന്യായീകരിക്കാൻ ഈശോ രണ്ടു കൂട്ടരെ കൂട്ടുപിടിക്കുകയാണ്. തുടർന്നുള്ള വചനഭാഗത്ത് ആദ്യവ്യക്തി ഇസ്രായേലിന്റെ മഹാരാജാവായ ദീവീദിന്റെ പുരോഹിതർക്കു മാത്രം ഭക്ഷിക്കാനവകാശമുള്ള കാഴ്ചയപ്പം ദാവീദ് ഭക്ഷിക്കുന്നത് 1. സാമു. 21:1-6-ൽ

2017 നവംബർ 19

## വചനഭാഷ്യം

പള്ളിക്കൂദാശ മൂന്നാം ഞായർ

**യോഹ. 2:13 – 22**

**റവ. ഫാ. പുതുശ്ശേരി ജോഷി**

# കച്ചവടമില്ലാത്ത ബലിയർപ്പണം

സമാന്തരസുവിശേഷങ്ങളനുസരിച്ചു യേശു തന്റെ പരസ്യജീവിത കാലത്തിന്റെ അവസാനത്തിലാണു ജെറുസലേമിലേക്കു പോകുന്നതും ദേവാലയം ശുദ്ധീകരിക്കുന്നതും. യോഹന്നാൻ സുവിശേഷത്തിലാകട്ടെ കാനായിലെ ആദ്യ അത്ഭുതത്തിനു പിന്നാലെ ഇതു രേഖപ്പെടുത്തപ്പെട്ടി രിക്കുന്നു. യഹൂദരുടെ പ്രധാന തിരുനാളുകളെല്ലാം തന്നെത്തന്നെ വെളി

---

17 ▶ വിവരിക്കുന്നുണ്ട്. എന്നാൽ ദാവീദിന്റെ ഈ പ്രവൃത്തിയെ വചനത്തിലൊരിടത്തും കുറ്റപ്പെടുന്നില്ല. കാരണം സാവൂളിൽ നിന്നു രക്ഷ തേടി വിശന്നോടുമ്പോഴാണു ദാവീദ് ഈ പ്രവൃത്തി ചെയ്തത്. വിശപ്പിനു മുന്നിൽ നിയമം പോലും വഴി മാറണം എന്ന ചിന്തയാണ് ഇവിടെ തെളിയുന്നത്. രണ്ടാമത്തെ വ്യക്തികൾ ദേവാലയത്തിലെ പുരോഹിതരാണ്. സാബത്തു ദിവസത്തെ പുരോഹിതരുടെ ദേവാലയത്തിലെ പ്രവൃത്തി നിയമലംഘനമല്ല എന്നു യേശു പറയുമ്പോഴും ദൈവത്തെ ശുശ്രൂഷിക്കുന്നതിനു നിയമം തടസ്സമാകരുത് എന്നുകൂടി അവിടുന്നു ഓർമിപ്പിക്കുന്നു. സാബത്തല്ല മറിച്ച് അതിന്റെ പേരിൽ യഹൂദനേതൃത്വം ചുമത്തുന്ന വിലക്കുകളാണു ശിഷ്യർ ലംഘിച്ചതെന്നു തെളിയിക്കുകയാണ് ഈശോ.

ബാഹ്യമായ നിയമങ്ങളിലേക്കു നോക്കാതെ ഓരോ വ്യക്തിയുമായും ഉള്ളിലേക്കു നോക്കാനും നിയമത്തെ അതിജീവിക്കുന്ന കരുണ സ്വന്തമാക്കാനുമുള്ള ക്ഷണമാണ് ഇന്നത്തെ സുവിശേഷത്തിൽ ഈശോ നല്കുന്നത്. പാപത്തിൽ പിടിക്കപ്പെട്ടവളെ കല്ലെറിഞ്ഞു കൊല്ലാൻ കൊണ്ടുവരുമ്പോഴും പാപികൾ കരുണയോടെ അവന്റെ പാദത്തിലണഞ്ഞപ്പോഴും യേശു നോക്കിയതു നിയമങ്ങളിലേക്കായിരുന്നില്ല. മറിച്ച് അവരുടെ ഹൃദയങ്ങളിലേക്കായിരുന്നു.

സാബത്തിൽ കൈ ശോഷിച്ചവനു സൗഖ്യം നല്കിക്കൊണ്ട് ഇരുവരെയും പഠിപ്പിച്ച കാര്യങ്ങൾക്കു പ്രവൃത്തിയാൽ ഈശോ സാക്ഷ്യം നല്കുന്നതാണു തുടർന്നുള്ള വചനഭാഗം. നിയമം മൂലം ആദ്യം ദൈവത്തിന്റെ കരുണയിൽ നിന്ന് ഒരു ദിനംപോലും അകന്നുനില്ക്കാനിട വരരുത് എന്ന ചിന്തയാണു യേശുവിനെ നയിച്ചത്.

നിയമത്തിന്റെ കഠിനമായ അനുഷ്ഠാനങ്ങളിൽ ഒതുങ്ങാതെ നിയമങ്ങളുടെ ആന്തരിക രൂപത്തിലേക്കു നോക്കാനും ഈശോയുടെ കരുണ സ്വന്താക്കാനും നമുക്കു പ്രാർത്ഥിക്കാം.

പ്പെടുത്തുന്നതിനും തന്റെ പ്രബോധനങ്ങൾ അവതരിപ്പിക്കുന്നതിനുമുള്ള വേദികളായാണു യോഹന്നാൻ സുവിശേഷത്തെ യേശു ഉപയോഗിക്കുന്നത് (2:13; 5:1; 7:2; 10:22). പെസഹാത്തിരുനാളിലെ ദേവാലയ ശുദ്ധീകരണത്തിന്റെ ചരിത്രപരതയേക്കാൾ ഈ സംഭവം യേശുവിന്റെ വ്യക്തിത്വത്തിലേക്കും അവന്റെ പെഹസഹാസ്യങ്ങളായ മരണോത്ഥാനങ്ങളിലേക്കും വീശുന്ന വെളിച്ചമാണ്, സുവിശേഷാരംഭത്തിലേ ഇതു രേഖപ്പെടുത്താൻ സുവിശേഷകനെ പ്രേരിപ്പിച്ചത്.

നിയമപ്രകാരമുള്ള ബലിയർപ്പണത്തിനു വേണ്ടിയാണു കാള, ആട്, പ്രാവ് എന്നിവ ദേവാലയത്തിൽ വില്ക്കപ്പെട്ടിരുന്നത്. വിജാതീയ ദേവന്മാരുടെയും രാജാക്കന്മാരുയെും ചിത്രങ്ങളും മുദ്രകളുമുള്ള നാണയങ്ങൾ ദേവാലയ നികുതിക്കും ദേവലയത്തിലെ ക്രയവിക്രയങ്ങൾക്കും അസ്വീകാര്യമായതിനാൽ, അവ സ്വീകാര്യമായ നാണയങ്ങളിലേക്കു മറ്റി നല്കുന്നവരായിരുന്നു നാണയമാറ്റക്കാർ. “എന്റെ പിതാവിന്റെ ആലയം കച്ചവടസ്ഥലമാക്കരുത്” എന്ന പ്രസ്താവനയോടെയാണു യേശു കച്ചവടക്കാരെയെല്ലാം ദേവാലയത്തിൽ നിന്നു പുറത്താക്കിയത്. പഴയനിയമത്തിൽ വരാനിരിക്കുന്ന കർത്താവിന്റെ ദിനകത്തെക്കുറിച്ചുള്ള സഖറിയാപ്രവചനം അവസാനിക്കുന്നത് ഇപ്രകാരമാണ് ഇനിമേൽ സൈന്യങ്ങളുടെ കർത്താവിന്റെ ആലയത്തിൽ ഒരു വ്യാപാരിയും ഉണ്ടായിരിക്കുകയില്ല” (സഖ. 14:21). പ്രവാചകൻ ദർശിച്ച കർത്താവിന്റെ ദിനം തന്നിലൂടെ ഉദയം ചെയ്തിരിക്കുന്നു എന്ന വിളംബരമാണു യേശുവിന്റെ പ്രവൃത്തി. “സൈന്യങ്ങളുടെ കർത്താവിന്റെ ആലയം’ അവന് ‘എന്റെ പിതാവിന്റെ ആലയമാണ്.’ കാരണം പിതാവുമായി സവിശേഷബന്ധമുള്ള ദൈവപുത്രനാണവൻ. കർത്തവിന്റെ ദിനത്തിൽ, മിശിഹാ ലേവീപുത്രന്മാരെ ശുദ്ധീകരിച്ചു യൂദായുടെയും ജെറുസലേമിന്റെയും ബലി കർത്താവിനു സ്വീകാര്യമാക്കും എന്നു മലാക്കിയുടെ പ്രവചനമുണ്ട് (മലാ. 3: 3-4). യേശുവിലാണ് ഇതു പൂർത്തീകരിക്കപ്പെടുന്നത്. ബലിയർപ്പിക്കപ്പെടാനുള്ള മൃഗങ്ങളെയാണു യേശു പുറത്താക്കിയത്. അർപ്പകനു മേലുനോവാത്ത പഴയ നിയമത്തിലെ മൃഗബലി അപ്രസക്തമായിരിക്കുന്നു (മിക്ക. 6:6-8). ദൈവത്തിനു സ്വീകാര്യമായ പെസഹാ ബലിയർപ്പണം നടക്കുന്നതു കാൽവരിയിലാണ്. ദേവാലയശുദ്ധീകരണം ആത്യന്തികമായി യേശുവിനെ കൊണ്ടുചെന്നെത്തിക്കുന്നത് ഈ ബലിയർപ്പണത്തിലേക്കാണ് (2.19). (മത്തായി മർക്കോസ് സുവിശേഷങ്ങളിൽ ന്യായാധിപസംഘത്തിന്റെ മുമ്പിൽ യേശുവിനെതിരെ ആരോപിക്കപ്പെട്ട കുറ്റങ്ങളിലൊന്നു ദേവാലയം നശിപ്പിക്കാനും പുതുക്കിപ്പണിയാനും തനിക്കു കഴിയും എന്നവർ പറഞ്ഞിട്ടുണ്ടെന്നായിരുന്നു (മത്താ. 26:61; മർക്കോ. 14:58). യേശുവിന്റെ തീക്ഷ്ണത ദർശിച്ച ശിഷ്യർ 69-ാം സങ്കീർത്തനം 9-ാം വാക്യം “അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും” - അവനിൽ നിറവേറുന്നുവെന്നു തിരിച്ചറിയുന്നു. തെറ്റു ചെയ്യാതെതന്നെ സഹിക്കേണ്ടി വരുന്ന നീതിമാന്റെ നിലവിളിയും പ്രാർത്ഥനയുമാണു 69-ാം

വചനധാര

സങ്കീർത്തനം. യേശു കടന്നുപോകേണ്ട സഹനവഴികളുടെയും അർപ്പിക്കാനിരിക്കുന്ന കുരിശുബലിയുടെയും സൂചനകളാണ് ഈ സങ്കീർത്തനവും നല്കുന്നത്. (സങ്കീ. 69:4 – യോഹ. 15:25; സങ്കീ. 69:21–യോഹ. 19:28).

ശിഷ്യന്മാരുടെയിടയിൽ നിന്നു വിഭന്നമായ നിലപാടാണു യഹൂദരുടേത്. ദൈവികമായ അധികാരത്താലാണു യേശു പ്രവർത്തിച്ചത് എന്നതിനു തെളിവായി ഒരു അടയാളം അവർ ആവശ്യപ്പെടുന്നു. യഹൂദചിന്താഗതിയിൽ, ഒരു പ്രവാചകൻ ദൈവത്തിന്റെ പ്രവാചകനാണെന്നു തെളിയുന്നത് അടയാളത്തിലൂടെയാണ് (നിയമ. 18:21–22). മത്തായി സുവിശേഷത്തിന്റെ അടയാളം തേടിയെത്തിയ ഹരിസേയർക്കും നിയമജ്ഞർക്കും യേശു നല്കിയ മറുപടി യോനാപ്രവാചകനെപ്പോലെ മനുഷ്യപുത്രനും മൂന്നു രാവും മൂന്നു പലുകലും ഭൂമിക്കുള്ളിലായിരിക്കുമന്നാണ് (മത്താ 12: 38–40). അവന്റെ വാക്കുകളും പ്രവൃത്തികളുമാണു ശരിയെന്നതിനുള്ള അടയാളം അവന്റെ ഉത്ഥാനമാണ്. ഇവിടെയും സമാനമായ പ്രതികരണമാണു യേശുവിന്റേത്. “നിങ്ങളെ ഈ ദേവാലയം നശിപ്പിക്കുക; മൂന്നു ദിവസത്തിനുള്ളിൽ ഞാനിത് ഉയിർപ്പിക്കും.” ദൈവം ഭൂമിയിൽ സന്നിഹിതനായിരിക്കുന്ന അവന്റെ ശരീരമാണു യഥാർത്ഥ ദേവാലയം. എന്നാൽ അവൻ പറഞ്ഞത് 46 സംവത്സരങ്ങളായി പണിയെപ്പെട്ടുകൊണ്ടിരിക്കുന്ന (ദേവാലയ നിർമാണം പൂർത്തിയായത് ഏ.ഡി. 63–ൽ മാത്രമാണ്). ജെറുസലേം ദേവാലയത്തെക്കുറിച്ചാണെന്നു തെറ്റിദ്ധരിച്ച യഹൂദർ ഇതെങ്ങനെ സാദ്ധ്യമാകും എന്നു സംശയിക്കുന്നു. അർത്ഥം മനസ്സിലാക്കിയില്ലെങ്കിലും യേശു പ്രവചിച്ച ഇതേ അടയാളമാണു പിന്നീട് അവർക്കു നല്കപ്പെട്ടത്. യേശുവാകുന്ന ദേവാലയം അവർ നശിപ്പിച്ചു. മൂന്നു ദിവസത്തിനുള്ളിൽ ഉയിർപ്പിലൂടെ തന്റെ വാക്കുകളും പ്രവൃത്തിയും ശരിയാണെന്ന് അവൻ തെളിയിക്കുകയും ചെയ്തു. ഉത്ഥാനവെളിച്ചത്തിൽ യേശു ജീവിതത്തിലേക്കു തിരിഞ്ഞു നോക്കിയപ്പോൾ മാത്രമാണ് അവന്റെ ശിഷ്യരും അവന്റെ വാക്കുകൾ യഥാർത്ഥത്തിൽ തിരിച്ചറിഞ്ഞതും പൂർണമായി വിശ്വസിച്ചതും.

പിതാവും മക്കളും തമ്മിലുള്ള പരസ്പര സ്നേഹത്തിന്റെ മാതൃകയിലാണു പുതിയ നിയമത്തിലെ ദൈവ–മനുഷ്യബന്ധങ്ങൾ പണിയപ്പെട്ടിരിക്കുന്നത്. കച്ചവടത്തിലെ കൊടുക്കൽ–വാങ്ങലുകളേക്കാൾ ലാഭനഷ്ടക്കണക്കുകൾക്ക് അവിടെ പ്രസക്തിയില്ല. എന്തു പകരം കിട്ടും എന്നു നോക്കാതെ മനുഷ്യരക്ഷയ്ക്കായി തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിക്കുന്ന ഒരു ദൈവം (3:16). ഈ സ്നേഹത്തിനു പ്രതിസ്നേഹമായി, മൊഴിയുന്ന ഓരോ വാക്കും ചെയ്യുന്ന ഓരോ കർമ്മവും പിതാവിന്റെ ഇഷ്ടമാക്കാൻ ശ്രമിക്കുന്ന, അതിനായി ബലിയാകാൻ മടിയില്ലാത്ത പുത്രസമർപ്പണമാണു യഥാർത്ഥ ആരാധന. ഇതിനു പകരം, അനുഷ്ഠാനങ്ങളിലൂന്നയ കാഴ്ചകളുമായി സ്വന്തം ഇഷ്ടങ്ങൾ നിറവേറ്റിയെടുക്കാൻ ദൈവത്തെ തേടിയെത്തുന്നവർ ദേവാലയത്തെ വീണ്ടും കച്ചവടസ്ഥലമാക്കുകയാണ്.



യോഹ. 2:13 – 22 2017 നവംബർ 19

# വചനസന്ദേശം

റവ. ഫാ. പോൾ പാറേക്കാട്ടിൽ

# ഏത് ദേവാലയമാണ് ശുദ്ധീകരിക്കേണ്ടത്?

ഇപ്പോൾ എല്ലാ ഓണക്കാലത്തും ചർച്ചാവിഷയമാവുകയാണ് "ഓണക്കുർബാന." CCC ഉദ്ധരിച്ചുകൊണ്ട് ഈ ഓണക്കുർബാനകൾ കത്തോലിക്കാവിശ്വാസത്തിന് എതിരാണെന്നും ബലിയിൽ മഹാബലിക്ക് ഒരു സ്ഥാനമില്ലെന്നും സാംസ്കാരികാഘോഷങ്ങൾ ദേവാലയത്തിനകത്തു കയറുന്നത് പിശാചിന്റെ ചതിക്കുഴിയാണെന്നും ചിലർ സ്ഥാപിക്കുവാൻ ശ്രമിക്കുന്നു. സത്യത്തിൽ, വിശ്വാസികൾക്ക് ഉതപ്പ് സൃഷ്ടിക്കുന്നതെന്താണ്? ദേവാലയത്തിൽ ദൈവത്തിനു നിരക്കാത്തത് എന്താണ്? ഒരു കൂട്ടർ സങ്കുചിത മനോഭാവത്തിന്റെ തീവ്രതയിൽ അന്യമതങ്ങളെയും സംസ്ക്കാരങ്ങളെയും പൂർണ്ണമായി പുറന്തള്ളുമ്പോൾ മറ്റൊരു കൂട്ടർ സാംസ്ക്കാരിക അനുരൂപണമെന്ന ഭാവനാത്മകമായ കാഴ്ചപ്പാടിനെ തേനിൽ ചാലിച്ച് വിശ്വാസാനുഷ്ഠാനത്തിൽ കൂട്ടിച്ചേർത്ത് ആശയക്കുഴപ്പങ്ങൾ ഉണ്ടാക്കുന്നു. സത്യത്തിൽ എവിടെയാണ് ശുദ്ധീകരണം നടക്കേണ്ടത്?; ദേവാലയത്തിലോ? എന്നിൽത്തന്നെയോ? എന്റെ ആത്മീയതയിലോ? എന്റെ വ്യക്തിബന്ധങ്ങളിലോ?

യോഹ 2:19 – നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക; മൂന്നു ദിവസത്തിനകം ഞാനത് പുനരുദ്ധരിക്കും.

യോഹ 2:21 – അവനത് പറഞ്ഞത് തന്റെ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണ്.

## ദേവാലയശുദ്ധീകരണം

"ദേവാലയം കച്ചവടസ്ഥലമാക്കരുത്" എന്നുപറഞ്ഞാൽ ലാഭം മോഹിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും ഒഴിവാക്കണം എന്നതാണ്. അത് ദേവാലയ ഉന്നമന പ്രവർത്തനത്തിനായാലും ആരാധനാക്രമങ്ങളിലായാലും അർത്ഥവത്താണ്. പേരിനും പ്രശസ്തിക്കും വേണ്ടി നാം ദേവാലയങ്ങൾ തച്ചുടക്കുന്നതിന്റെ പുറകിലും ഒരു കച്ചവടമനോഭാവമില്ലേ? പൂർവ്വികർ നമുക്കുതന്ന പാരമ്പര്യം ഉറങ്ങുന്ന ദേവാലയങ്ങൾ നാം നശിപ്പിക്കുന്നതിനെക്കാൾ പുനരുദ്ധരിക്കേണ്ടത് നമ്മുടെ തകർന്ന വിശ്വാസം അല്ലേ?

ഇന്നു നാം പണിതുയർത്തുന്ന കോടികളുടെ ദേവാലയങ്ങളുടെ പുറകിൽ വിശ്വാസികളുടെ വിയർപ്പോ, കള്ളപ്പണമോ എന്നു ചിന്തിച്ചാൽ

ഇത് സ്പഷ്ടമാകും. ഇപ്രകാരം പേരിനും പ്രശസ്തിക്കും മാത്രമുള്ള ദേവാലയ പുനർനിർമ്മാണങ്ങൾ, പുനരുദ്ധാരണങ്ങൾ യേശു ഇഷ്ടപ്പെടുന്നുണ്ടോ?

നമ്മുടെ ചില തിരുനാളുകൾ ചില പ്രസുദേന്തിമാരുടെയെങ്കിലും കള്ളപ്പണം വെളുപ്പിക്കലാണോ? തിരുനാളുകളുടെ അനാവശ്യമായ ധൂർത്തിന് എന്ത് ആത്മീയതയാണുള്ളത്?

ദേവാലയത്തിൽ പ്രാർത്ഥനകളെക്കാൾ ഇമ്പത്തോടെ പിരിവിനെ പ്പറ്റി വാചാലനാകുന്ന വികാരിയുടെ ആദ്ധ്യാത്മികതയിലെ "ലാഭേച്ഛയും" നാം വിചിന്തനവിഷയമാക്കണം. "അറുബോറൻ" കുർബാനയുടെയും നീണ്ട കഴുത്തറപ്പൻ അറിയിപ്പുകളുടെയും പുറകിലുള്ള "കച്ചവടം" ജനം തിരിച്ചറിയും.

അപ്പോൾ എന്താണ് നാം പുനരുദ്ധരിക്കേണ്ടത്?

## ശരീരം ദേവാലയം

അവനിത് പറഞ്ഞത് എന്റെ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണെന്ന് ഞാൻ തിരിച്ചറിയണം. കാരണം, എന്റെ ശരീരം പൂർണ്ണമായും അവിടുത്തെ ആലയമാണ്. പൂർണ്ണമായും ദൈവത്തിനു സമർപ്പിക്കേണ്ട എന്റെ ജീവിതത്തിന്റെ ഇടങ്ങളെ മറ്റു പലർക്കുമായി വീതിച്ചുകൊടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്റെ ഉള്ളും ഉള്ളതും ശുദ്ധീകരിക്കുവാൻ സമയമായി. വി. പൗലോസ് പറയുന്നു; ശരീരം ദൈവത്തിന്റെ ആലയമാണ്. ( 1കോറി. 6: 19 "നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്കറിഞ്ഞുകൂടെ?")

ദേവാലയത്തിലെ വിശുദ്ധ കച്ചവടങ്ങളെ യേശു എതിർക്കുന്നു, ആട്ടിപ്പായിക്കുന്നു. എന്നാൽ, ദേവാലയമായ നമ്മുടെ ശരീരത്തിൽ ചില "വിശുദ്ധ കച്ചവടങ്ങൾ" നാം കണ്ണടക്കുന്നു. ദേവാലയം കച്ചവടസ്ഥലമല്ല; അതുപോലെതന്നെ നമ്മുടെ ശരീരവും എന്ന തിരിച്ചറിവ് നമ്മെ സ്വയം ശുദ്ധീകരിക്കുവാൻ സഹായിക്കണം.

നമ്മുടെ ശരീരത്തിന്റെ വിശുദ്ധി നമ്മുടെ പ്രധാനചിന്തയിലൂണ്ടോ? 1 കോറി 6:15. നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങളാണെന്ന് നിങ്ങൾക്കറിഞ്ഞുകൂടെ? സ്വന്തം മൊബൈൽഫോൺ ചെളിയിൽ വീഴാതെ, പോറലേല്ക്കാതെ സൂക്ഷിക്കുന്നവരിൽ എത്രപേർ സ്വന്തം ശരീരത്തിന്റെ വിശുദ്ധിക്ക് പോറലേല്ക്കാതെ സൂക്ഷിക്കുന്നുണ്ടെന്ന് ചിന്തിക്കുക. അഥവാ എന്റെ ശരീരത്തിന്റെ വിശുദ്ധി എന്റെ പ്രധാന ചിന്തയാണോ?

## ശുദ്ധീകരിക്കേണ്ട വ്യക്തിബന്ധങ്ങളിലെ കച്ചവടം

വ്യക്തിബന്ധങ്ങൾ മറ്റുള്ളവരിലെ ദൈവാംശം കണ്ടെത്തലാണ്. മറ്റുള്ളവരിൽ ദൈവത്തെ കണ്ടെത്തുമ്പോൾ എന്റെ വ്യക്തിബന്ധങ്ങൾ ദേവാലയം പോലെയാകും.

എന്നാൽ, നമ്മുടെ സുഹൃത്തുക്കളെ നാം തിരഞ്ഞെടുക്കുന്നത് ലാഭം മാത്രം നോക്കിയിട്ടാണോ?

സ്വന്തം മാതാപിതാക്കന്മാരെ സ്നേഹിക്കുന്നത് അവരുടെ ആനുകൂല്യങ്ങൾ പറ്റാനാണോ? മാതാപിതാക്കൾ മക്കളെ സ്നേഹിക്കുമ്പോൾ തിരിച്ചു കിട്ടും എന്ന് കരുതിയാണെങ്കിൽ അതും കച്ചവടമാകും.

എന്റെ ബന്ധുക്കളിൽ എന്റെ സ്റ്റാറ്റസിന് ചേർന്നവരെയും എനിക്ക് ഗുണമുള്ളവരെയും മാത്രമാണോ ഞാൻ നിലനിർത്തുന്നത്?

എനിക്ക് നഷ്ടം വരുന്ന ബന്ധങ്ങൾ, എനിക്ക് നാണക്കേടുണ്ടാ ക്കുന്ന ബന്ധങ്ങൾ ഞാൻ ഒഴിവാക്കിയിട്ടുണ്ടോ?

ശുദ്ധിവരുത്തേണ്ടത് നമ്മുടെ വ്യക്തിബന്ധങ്ങളിലെ കച്ചവടമനോഭാവമല്ലേ? അല്ലെങ്കിൽ എന്റെ ഭവനത്തിലും സാമൂഹികജീവിതത്തലുമുള്ള 'ലാഭ'സംസ്ക്കാരമല്ലേ?

## എന്റെ ആത്മീയതയിലെ കച്ചവടം

എന്റെ ഭക്തി, പ്രാർത്ഥനകൾ എന്റെ നന്മയ്ക്ക് മാത്രമായി ഒതുങ്ങുമ്പോൾ ആത്മീയതയും എനിക്ക് കച്ചവടമാകുന്നു.

ബലിയർപ്പണം, നൊവേന, പള്ളിപ്പെരുന്നാൾ, തീർത്ഥാടനം, ധ്യാ നം, എന്നിവ കാര്യസാദ്ധ്യങ്ങൾക്കുള്ള വഴി മാത്രമായി ഒതുങ്ങുന്നുണ്ടോ?

എന്റെ ഹൃദയദേവാലയം അന്ധവിശ്വാസങ്ങൾ കൊണ്ട് മലിനമാണോ?

പ്രാർത്ഥനകളിൽ എന്റെയും കുടുംബത്തിന്റെയും മാത്രം സുഖം ലക്ഷ്യം വയ്ക്കുമ്പോൾ മറുവശത്ത് നഷ്ടപ്പെടുത്തലിന്റെ, ശൂന്യവത്ക്കരണത്തിന്റെ ആത്മീയത എനിക്കു വേദനയുളവാക്കുന്നുണ്ടോ? ഒഴിവാക്കുന്നുണ്ടോ?

സത്യത്തിൽ യേശു ഇന്നാഗ്രഹിക്കുന്ന ശുദ്ധീകരണം ദേവാലയവും മറികടന്ന് എന്റെ ശരീരത്തിന്റെയും വ്യക്തിബന്ധങ്ങളുടെയും ആത്മീയതയുടെയും മേഖലകളിലല്ലേ നടക്കേണ്ടത്? മൊബൈൽഫോണും ഇന്റർനെറ്റും ഫേസ്ബുക്കും വാട്സ് ആപ്പും നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്ന ഈ ന്യൂജെൻ യുഗത്തിൽ അതൊന്നും നമ്മുടെ ജീവിതത്തെ മലിനപ്പെടുത്താതെ അതിന്റെ നന്മകൾ തിരിച്ചറിഞ്ഞു നമ്മുടെ ജീവിതവിശുദ്ധി കൊണ്ട് ലോകത്തെ വിശുദ്ധീകരിക്കുകയല്ലേ നാം ചെയ്യേണ്ടത്? എവിടെയാണ് ശുദ്ധീകരിക്കേണ്ടത്, എന്താണ് ശുദ്ധീകരിക്കേണ്ടത്, എങ്ങനെയാണ് ശുദ്ധീകരിക്കേണ്ടത് എന്നത് ഓരോരുത്തരും കണ്ടെത്തേണ്ട ഉത്തരമാണ്. നമുക്ക് പ്രാർത്ഥിക്കാം.

**മത്താ. 22:41-46** **റവ. ഫാ. പുതുശ്ശേരി ജോഷി**

# ദാവീദിന്റെ കർത്താവായ ദാവീദിന്റെ മകൻ

ജെറുസലേം ദേവാലയ ശുദ്ധീകരണത്തെത്തുടർന്നു യേശുവും എതിരാളികളായ യഹൂദ മതശ്രേഷ്ഠരും തമ്മിൽ അരങ്ങേറുന്ന തുടർച്ചയായ സംവാദങ്ങളുടെ (21:23-2:46) അവസാന എപ്പിസോഡാണു മത്തായി 22:41-46. നിരന്തരം തന്നോടു ചോദ്യങ്ങൾ ചോദിക്കുന്ന എതിരാളികളോടു യേശു തിരിച്ച് ഒരു ചോദ്യം ഉന്നയിക്കുന്നു: "ക്രിസ്തു (മിശിഹാ) ആരുടെ പുത്രനാണ്?" ക്രിസ്തുവായ യേശുവിന് ഇതു തന്റെ തന്റെ വ്യക്തിത്വത്തെക്കുറിച്ചുള്ള ചോദ്യമാണെങ്കിൽ, അവനെ ക്രിസ്തുവായി തിരിച്ചറിയാത്ത ഫരിസേയർക്ക് ഇതു വരാനിരിക്കുന്ന രക്ഷകനെക്കുറിച്ചുള്ളതാണ്. പഴയനിയമവും (2 സാമു. 7:12-13; സങ്കീ. 89:4; ജെറെ. 23:5) യഹൂദ പാരമ്പര്യവിശ്വാസവും ക്രിസ്തു ദാവീദിന്റെ വംശത്തിൽ അവന്റെ പിൻഗാമിയായി കടന്നുവരും എന്നു സാക്ഷ്യപ്പെടുത്തുന്നു. അതനുസരിച്ച്, ക്രിസ്തു ദാവീദിന്റെ പുത്രനാണെന്നാണു ഫരിസേയ മറുപടി. ഈ ഉത്തരം അപൂർണമാണെന്നറിയുന്ന യേശു പുതിയൊരു ചോദ്യം ഉന്നയിക്കുന്നു.

ദൈവാത്മാവിനാൽ നിറഞ്ഞ് - ദൈവനിവേശനത്താൽ (1 സാമു. 23:2) ദാവീദ് രചിച്ച 110-ാം സങ്കീർത്തനത്തിന്റെ ആദ്യവാക്യത്തിൽ, വരാനിരിക്കുന്ന ക്രിസ്തുവിനെ 'എന്റെ കർത്താവ്' എന്നു വിശേഷിപ്പിച്ചുകൊണ്ടു ദാവീദ് എഴുതുന്നു: യഹോവ എന്റെ കർത്താവിനോട് അരുളിച്ചെയ്തു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദങ്ങൾക്കു കീഴിലാക്കുവോളം നീ എന്റെ വലതുഭാഗത്ത് ഉപവിഷ്ടനാവുക." യഹൂദർക്കിടയിലെ സ്വാഭാവികരീതി അനുസരിച്ചു മകൻ പിതാവിനെയാണ് 'എന്റെ കർത്താവ്' എന്ന് അഭിസംബോധന ചെയ്യുന്നത്. ദാവീദ് ക്രിസ്തുവിനെ കർത്താവ് എന്നു വിളിക്കുമ്പോൾ ക്രിസ്തുവെങ്ങനെ ദാവീദിന്റെ പുത്രനാകും? എതിരാളികൾ തനിക്കൊരുക്കിയ പരീക്ഷണങ്ങളെയെല്ലാം യേശു അതിജീവിച്ചപ്പോൾ, അവൻ ഉന്നയിച്ച ചോദ്യത്തിനു മുമ്പിൽ ഉത്തരമില്ലാതെ നിശ്ശബ്ദരാവുകയാണവർ. "അന്നുമുതൽ അവനോട് എന്തെങ്കിലും ചോദിക്കാൻ ആരും ധൈര്യപ്പെട്ടില്ല" എന്ന കുറിപ്പിലൂടെ ജെറുസലേമിലെ ആശയസംവാദത്തിൽ യേശു വിജയിയായെന്നും എതിരാളികളെ അതിജീവിക്കുന്ന പ്രബോധനാധികാരമുള്ളവനാണവനെന്നും സുവിശേഷകൻ അടിവരിയിടുന്നു.

ക്രിസ്തു ദാവീദിന്റെ പുത്രനല്ല എന്നു യേശുവോ സുവിശേഷകനോ ഈ സംവാദത്തിൽ അർത്ഥമാക്കുന്നില്ല. യേശുക്രിസ്തു ദാവീദിന്റെ പുത്രനാണെന്നതു സുവിശേഷത്തിലുടനീളം ആവർത്തിക്കപ്പെട്ടിരിക്കുന്നതും

വചനധാര



**മത്താ. 22:41–46** **2017 നവംബർ 26**

# വചനസന്ദേശം

**റവ. ഫാ. ഗ്രിഗോറിയോസ് തുരുത്തിക്കര**

വിശുദ്ധ യൗസേപ്പിതാവിന്റെ ജീവിതത്തിന്റെ താളുകൾ മറിക്കുമ്പോൾ അനേകം കാത്തിരിപ്പിന്റെ കഥകൾ കാണാനാകും. ഇസ്രായേൽ സമൂഹവും കാത്തിരുന്നു. ഒരു രക്ഷകനുവേണ്ടി തങ്ങളെ റോമിന്റെ ആധിപത്യത്തിൽ നിന്നു മോചിപ്പിക്കുന്നതിനുവേണ്ടി, കുതിരപ്പുറത്തേറി വന്നു യുദ്ധം ചെയ്യുന്ന ഒരു രാജാവിനെ അവർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ യേശു

24 ▸ യേശു നിഷേധിക്കാത്തതുമായ വസ്തുതയാണ് (1:1, 20; 9:27; 12:23; 15:22; 20:30–31; 21:9). ക്രിസ്തുവിനെക്കുറിച്ചുള്ള യഹൂദ കാഴ്ചപ്പാട് അപൂർണമാണെന്നു വ്യക്തമാക്കുകയാണു യേശു ചെയ്തത്. ക്രിസ്തുവെങ്ങനെ ദാവീദിന്റെ പുത്രനാകും എന്നതല്ല, ദാവീദ് തന്റെ പുത്രനായ ക്രിസ്തുവിനെ കർത്താവ് എന്നു വിളിച്ചതിന്റെ പൊരുളെന്ത് എന്നതാണ് ഉത്തരം കണ്ടെത്തേണ്ട ചോദ്യം. ദാവീദിന്റെ പുത്രനായ ക്രിസ്തു യഥാർത്ഥ ദൈവത്തിന്റെ പുത്രനാണ് എന്നു ശരിയുത്തരം. സുവിശേഷം വ്യക്തമായി ഇതു സാക്ഷ്യപ്പെടുത്തുന്നുണ്ട്. യേശുക്രിസ്തു ദൈവത്തിന്റെ പുത്രനാണെന്നതു മുൻകൂട്ടി പ്രവചിക്കപ്പെട്ടതും (2:15) യേശുവിന്റെ ജനനസമയത്തു വെളിവാക്കപ്പെട്ടതുമാണ് (1:18–25). പിതാവായ ദൈവം തന്നെ ഇതു പ്രഖ്യാപിക്കുന്നുണ്ട് (3:17; 17:5). പിശാചിന്റെ പരീക്ഷണത്തിൽ ഇത് ഉറപ്പിക്കപ്പെട്ടു (4:3, 6). യേശു തന്നെ ഇക്കാര്യം ഉദ്ഘോഷിക്കുകയും (11:25–27) ശിഷ്യന്മാർ ഏറ്റുപറയുകയും ചെയ്തു (14:33). എല്ലാറ്റിനുമുപരി, യേശു ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്ന പത്രോസിന്റെ പ്രഖ്യാപനം (16:16) പിതാവു വെളിപ്പെടുത്തിയതും (16:17) യേശു ശരിവച്ചതുമാണ് (16:17; 26:63–64). ദാവീദിനെപ്പോലെ യേശുവിനെ കർത്താവ് എന്നു വിളിച്ചവർ അവന്റെ രക്ഷാകരമായ ദൈവികശക്തി അനുഭവിച്ചറിയുന്നുമുണ്ട് (8:2, 6, 25; 9:28; 14:28, 30:15; 22:27; 17:15; 20:30–33).

പ്രവചനങ്ങളുടെ പൂർത്തീകരണമായി ദാവീദ് വംശത്തിൽ മനുഷ്യാവതാരമെടുത്ത യേശു ദാവീദിന്റെ പുത്രനാണ്. എന്നാൽ അവന്റെ പിതൃത്വവും രാജത്വവും കേവലം ഭൗതികമല്ല. ദൈവത്തിന്റെ പുത്രനെന്ന നിലയിൽ സ്വർഗത്തിലും ഭൂമിയിലുമുള്ള സകല അധികാരവും കയ്യാളുന്ന (11:27; 28:18), ദൈവത്തിന്റെ വലതു ഭാഗത്തു ഉപവിഷ്ടനായിരിക്കുന്ന (26:64) കർത്താവണവിടുന്ന്. മാനുഷികമായ വീക്ഷണകോണിലൂടെ അവനെ കേവലം സാമൂഹ്യപരിഷ്കർത്താവായോ പ്രബോധകനായോ കാണുന്നവരും ഭൗതികമായ നേട്ടങ്ങൾക്കു മാത്രമായി അവനെ ഏറ്റുപറഞ്ഞ് ആശ്രയിക്കുന്നവരും അവന്റെ സത്തയെ അതിന്റെ പൂർണതയിൽ ഉൾക്കൊള്ളാത്തവരാണ്.

വചനധാര

വിൽ പൂർത്തിയാകുന്നതു വ്യത്യസ്തമായ രാജകീയ നിലപാടാണ്. അധികാരത്തെ അടക്കിഭരിക്കാനുള്ള ആയുധമായും അപരനെ അവജ്ഞയോടെ അവഗണിക്കാനുമുള്ള ലൈസൻസായും കാണുന്ന രാഷ്ട്രീയനിലപാടിൽ നിന്നു വ്യത്യസ്തമായിരുന്നു യേശുവിന്റെ രാജത്വം. ബന്ധിതർക്കു മോചനവും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും പ്രഖ്യാപിച്ചുകൊണ്ടു കടന്നുവന്നവൻ. ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷിക്കാനാണ് എന്നു വെളിപ്പെടുത്തിക്കൊണ്ടു തന്റെ രാജത്വത്തിനു പുതിയ മാനം നല്കി. യേശുവിന്റെ രാജകീയത ശുശ്രൂഷയുടെയും ശൂന്യവത്കരണത്തിന്റെയും രാജകീതയാണ്. തന്റെ രാജ്യം ഐഹികമല്ല എന്നും പിതാവിന്റെ ഹിതം നിറവേറ്റുന്ന ഒരു രാജ്യം ഭൂമിയിൽ സ്ഥാപിക്കാനാണു താൻ വന്നതെന്നും ഈശോ ഉദ്ഘോഷിച്ചു. ഈശോയുടെ രാജത്വത്തിരുനാൾ ഓർമിപ്പിക്കുന്നത് അധികാരത്തോടുള്ള മനോഭാവത്തെക്കുറിച്ചാണ്. അതിൽ ചെന്നെത്താനുള്ള വ്യത്യസ്തമാർന്ന ഒരു മാർഗത്തെക്കുറിച്ചാണ്.

രാജാക്കന്മാരുടെ ഒന്നാംപുസത്കം ആറാം അദ്ധ്യായം ദേവാലയ നിർമാണത്തിന്റെ കഥയാണ്. ദാവീദ് രാജാവ് ആഗ്രഹിച്ചതും എന്നാൽ നിറവേറാതെ പോയതുമായ സ്വപ്നപദ്ധതി മകൻ സോളമൻ ആരംഭിക്കുന്നു. നീ എന്റെ ചട്ടങ്ങൾ ആചരിച്ചും എന്റെ അനുശാസനങ്ങൾ അനുസരിച്ചും എന്റെ കല്പനകൾ വായിച്ചും നടന്നാൽ ഞാൻ നിന്റെ പിതാവായ ദാവീദിനോടു ചെയ്ത വാഗ്ദാനങ്ങൾ നിന്നിൽ നിറവേറ്റുമെന്ന് കർത്താവായ ദൈവം സോളമനു വാഗ്ദാനം നല്കുന്നു. തന്റെ മക്കളുടെ മദ്ധ്യേ വസിക്കുവാനായി ദൈവത്തിനായി. അതിവിശിഷ്ടമായ ഒരു ദേവാലയം പൂർത്തീകരിക്കുവാൻ സോളമനു സാധിച്ചു. ഒരിക്കലും പിൻവലിക്കപ്പെടാനാവാത്ത സ്നേഹ ഉടമ്പടിയുടെ ബന്ധമാണു ദൈവത്തിനു മനുഷ്യമക്കളോടുള്ളത്. അവിടുത്തെ മഹത്ത്വം കുടികൊള്ളാനുള്ള ഇടങ്ങളാണു ദേവാലയങ്ങൾ. ഇക്കാര്യമാണ് എസക്കിയേൽ പ്രവചനത്തിൽനിന്നുള്ള രണ്ടാം വായനയിലുള്ളത്. ദൈവത്തിന്റെ മഹത്ത്വം കുടികൊള്ളുന്ന ദേവാലയം അവിടുന്നു സിംഹാസനവും പാദപീഠവും. ഇസ്രായേൽ മക്കളുടെ ഇടയിൽ നിത്യമായി വസിക്കന്ന ഇടവുമാണെന്നു ദൈവം വെളിപ്പെടുത്തുന്നു. അവിടം പരിശുദ്ധമായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാട്ടുന്നു.

രക്ഷകനായ യേശുവിന്റെ രക്ഷാകരമായ ഏകബലിയെക്കുറിച്ചു ഹെബ്രായ ലേഖനത്തിൽ നാം വായിക്കുന്നു. തന്നെ ആകാംക്ഷപൂർവം കാത്തിരിക്കുന്നവരുടെ രക്ഷയ്ക്കുവേണ്ടി അവൻ വീണ്ടും വരുമെന്ന ഉറപ്പു ലേഖനത്തിൽ പറയുന്നു. സ്വന്തം രക്തത്താൽ പുതിയ ഉടമ്പടി സ്ഥാപിച്ചു നമ്മെ വിശുദ്ധീകരിച്ചു. എന്നേക്കുമുള്ള പാപപരിഹാരാർത്ഥം നടത്തിയ ഏകബലി വഴിയായി അവൻ നമ്മുടെ രക്ഷയായിത്തീർന്നു.

തങ്ങളെ രാഷ്ട്രീയ അടിമത്തത്തിൽനിന്നു മോചിപ്പിക്കുവാൻ ദാവീദിന്റെ സന്തതിപരമ്പരയിൽനിന്നും ശക്തനായ ഒരു രാജാവ് വരുമെന്ന് ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്നു. ഇസ്രായേലിന്റെ പ്രമുഖ പ്രവാചകന്മാരെല്ലാം ഇക്കാര്യത്തക്കുറിച്ചുള്ള സൂചനകൾ നല്കുന്നുണ്ട്. ക്രിസ്തു ആരുടെ പുത്ര

വചനധാര

2017 ഡിസംബർ 3

വചനഭാഷ്യം

മംഗളവാർത്ത ഒന്നാം ഞായർ

**ലൂക്കാ 1:15 – 25**

**റവ. ഫാ. വർഗ്ഗീസ് അമ്പലത്തിങ്കൽ**

# സ്നാപകന്റെ ജനനത്തെക്കുറിച്ച് അറിയിപ്പ്

ലൂക്കായുടെ സുവിശേഷത്തിലെ ആദ്യത്തെ രണ്ട് അദ്ധ്യായങ്ങൾ ഈശോമിശിഹായുടെ ഉത്ഭവത്തെക്കുറിച്ചാണു വിവരിക്കുന്നത്. ഈശോയുടെ ചരിത്രം ക്രമാനുഗതമായി എഴുതുന്ന സുവിശേഷങ്ങൾ സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പോടെയാണു തന്റെ വിവരണം ആരംഭിക്കുന്നത്. കാരണം, മിശിഹായ്ക്കു വഴിയൊരുക്കാനും അവിടുത്തെ ലോകത്തിനു പരിചയപ്പെടുത്തി കൊടുക്കാനുമായി ദൈവം അയച്ച പ്രവാചകനാണു സ്നാപക യോഹന്നാൻ.

യോഹന്നാന്റെയും യേശുവിന്റെയും ഉത്ഭവം സമാന്തരരംഗങ്ങളിലൂടെ വി. ലൂക്കാ അവതരിപ്പിക്കുന്നതു ശ്രദ്ധേയമാണ് യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് (1:5–25), ഈശോയുടെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് (1:5–25), ഈശോയുടെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് (1:26–38), യോഹന്നാന്റെ ജനനം, പരിച്ഛേദനം, നാമകരണം (1:51–80), ഈശോയുടെ ജനനം, പരിച്ഛേദനം നാമകരണം (2;1–21). ഇതിൽ യോഹന്നാന്റെ

---

26▶ നാണ് എന്ന ചോദ്യത്തിന് ‘ദാവീദിന്റെ’ എന്ന പ്രതീക്ഷിച്ച മറുപടിയാണ് ഈശോയ്ക്കു ലഭിച്ചത് യഹൂദരുടെ രാഷ്ട്രീയമിശിഹാ സങ്കല്പത്തെ യേശു തിരുത്തിക്കുറിക്കുന്നു. മിശിഹാപ്പെറ്റിയുള്ള സങ്കീർത്തനം 110 ഉദ്ധരിച്ചുകൊണ്ടു വചനത്തെ സത്യാർത്ഥത്തിൽ വ്യാഖ്യാനിക്കുന്നു. ‘കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു, ഇതിൽ ആദ്യത്തെ കർത്താവ് പിതാവായ ദൈവവും രണ്ടാമത്തെ കർത്താവ് മിശിഹായുമാണ്. മിശിഹാ ജന്മപ്രകാരം ദാവീദിന്റെ പരമ്പരയിൽ ജനിച്ചു എന്നതിലുപരി ദൈവപുത്രനാണവിടുന്ന്. അപ്പോൾ അവൻ ദാവീദിന്റെയും കർത്താവാണ്. ദാവീദിന്റെ കുടുംബത്തിൽ ജനിച്ചവൻ എന്ന നിലയിൽ പുത്രനും ദൈവവുമെന്ന നിലയ്ക്കു ദാവീദിന്റെ തന്നെ കർത്താവുമാണു മിശിഹാ. രാജാവാണോ എന്ന പീലാത്തോസിന്റെ ചോദ്യത്തിന് അതേയെന്നു പറയുന്ന ഈ ഐഹികരാജ്യം സ്ഥാപിക്കാനല്ല വന്നത്. പിന്നെയോ സ്വർഗരാജ്യം ഭൂമിയിൽ സ്ഥാപിക്കാനാണ്. വൈത്തിന്റെ തിരുമനസ്സ് നിറവേറ്റിക്കൊണ്ട് അവിടുത്തെ നാമത്തിനു മഹത്ത്വം നല്കിക്കൊണ്ടു സ്വർരാജ്യപൂർത്തിക്കായി നമുക്കു പ്രയത്നിക്കാം. ക്രിസ്തുരാജൻ ജയിക്കട്ടെ. രാജത്വതിരുനാൾ ആശംസകൾ.

വചനധാര

ജനനത്തെക്കുറിച്ചുള്ള അറിയിപ്പാണു മംഗളവാർത്തക്കാലം ഒന്നാം ഞായറാഴ്ചയിലെ വചനഭാഗം.

സ്നാപകന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പും അതിന് അവന്റെ മാതാപിതാക്കൾ നല്കിയ മറുപടിയുമാണ് ഈ വചനഭാഗത്തെ പ്രമേയങ്ങൾ.

1. ദൈവസന്നിധിയിൽ ശുശ്രൂഷ നടത്തിവരവേ, കർത്താവിന്റെ ആലയത്തിൽ പ്രവേശിച്ചു ധൂപാർപ്പണം നടത്തുന്ന സമയത്താണു സഖറിയായ്ക്കു ദൈവദൂതൻ പ്രത്യക്ഷപ്പെടുന്നത്. നമ്മുടെ ജീവിതത്തിലെ ഏതു നിമിഷത്തിലും ചെറിയ കാര്യങ്ങളിൽപ്പോലും ദൈവിക ഇടപെടലിന്റെ സാദ്ധ്യത ഒളിഞ്ഞിരിക്കുന്നുണ്ട്. ജീവിതത്തിലെ ഒന്നിനെയും നിസ്സാരമായി കാണാതെ അവയ്ക്കു പിന്നിലെ ദൈവികപദ്ധതി തിരിച്ചറിയാനായി നാം ശ്രമിക്കണം. നമ്മുടെ പ്ലാനും പദ്ധതികൾക്കും അപ്പുറം ദൈവത്താൽ വിസ്മയിപ്പിക്കപ്പെടുവാൻ നമ്മെത്തന്നെ വിട്ടുകൊടുക്കുമ്പോഴാണു ജീവിതത്തിൽ അത്ഭുതങ്ങൾ സംഭവിക്കുന്നത്.

2. ദൈവദൂതൻ സഖറിയായ്ക്കു നല്കുന്ന ആദ്യസന്ദേശം "ഭയപ്പെടേണ്ട" എന്നതാണ്. ഇന്നും പലർക്കും ദൈവം ഭയപ്പെടുത്തുന്ന ദൈവമാണ്. ജീവിതത്തിലെ രോഗങ്ങളും പരാജയങ്ങളും അസ്വസ്ഥതകളുമെല്ലാം ദൈവകോപത്തിന്റെ ഫലമാണെന്നു കരുതുന്നവർ. ഇന്നും എത്ര പ്രസക്തമാണു "ഭയപ്പെടേണ്ട" എന്ന സന്ദേശം. തുടർന്നു ദൈവദൂതൻ കൂട്ടിച്ചേർക്കുന്നു: "നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു." നമ്മുടെ ജീവിതത്തിലെ എല്ലാം പ്രാർത്ഥനയുടെ ഫലമാണ്. ഹൃദയപരമാർത്ഥതയോടെ ദൈവത്തെ തേടുന്നവർക്ക് അവിടുന്ന് ഉത്തരമരുളും. "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക് അവിടുന്നു സകലതും നന്മയ്ക്കായി പരിണമിപ്പിക്കും (റോമാ 2:28).

3. സ്നാപകനെക്കുറിച്ചു പറയുന്നത്, അവൻ അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ പരിശുദ്ധാത്മാവനാൽ നിറയുമെന്നാണ്. അതിനാലാണ് അവൻ മാതാപിതാക്കൾക്കു സന്തോഷം കൊടുക്കുന്നതും മറ്റുള്ളവർ ആഹ്ലാദിക്കുന്നതും. ഏതു ശിശുവിന്റെ കാര്യത്തിലും ഇതു ശരിയാണ്. ഉദരത്തിൽവച്ചുതന്നെ ദൈവാത്മാവിനാൽ നിറയുന്ന ശിശു മാതാപിതാക്കൾക്കും മറ്റുള്ളവർക്കും ആഹ്ലാദവും സന്തോഷവും പകരും. ദൈവസന്നിദ്ധ്യത്തിന്റെ പശ്ചാത്തലത്തിൽ ദമ്പതികൾ ഒരുമിക്കുന്നതിലൂടെ ഉരുവാകുന്ന കുഞ്ഞുങ്ങളിൽ ദൈവികസാന്നിദ്ധ്യം നിറഞ്ഞുനില്ക്കും. അവരുടെ സാന്നിദ്ധ്യം സന്തോഷവും സമാധാനവും പകരുന്നതാകും.

4. സ്നാപകന്റെ ദൗത്യത്തെക്കുറിച്ചു ദൈവദൂതൻ പറയുന്നത്, "ഇസ്രായേൽ മക്കളിൽ വളരെപ്പേരെ അവരുടെ ദൈവമായ കർത്താവിലേക്ക് അവൻ തിരികെ കൊണ്ടുവരും. പിതാക്കന്മരുടെ ഹൃദയങ്ങളെ മക്കളിലേക്കും അനുസരണമില്ലാത്തവരെ നീതിമാന്മാരുടെ വിവേകത്തിലേക്കും തിരിച്ചുവിടുന്നു. സജ്ജീകൃതമായ ഒരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കാനും ഏലിയാ

വചനധാര



ലൂക്കാ 1:15 – 25 2017 ഡിസംബർ 3

## വചനസന്ദേശം

റവ. ഫാ. ജേക്കബ് കൊഴുവള്ളി

# സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ച് അറിയിപ്പ്

സ്നാപകയോഹന്നാൻ വലിയവനായിരിക്കുമെന്ന് ഇന്നത്തെ വചനഭാഗം നമ്മെ അനുസ്മരിപ്പിക്കുന്നു. ഈശോ തന്റെ പരസ്യജീവിതകാലത്ത് വ്യക്തമാക്കിയിട്ടുണ്ട്, സ്ത്രീകളിൽനിന്ന് ജനിച്ചവരിൽ സ്നാപകയോഹന്നാനെക്കാൾ വലിയവനില്ല. എന്താണ് കർത്താവിന്റെ മുമ്പിൽ ഒരുവനെ വലിയവനാക്കുന്നത്. ഈശോ ചോദിക്കുന്നുണ്ട് ആരാണ് വലിയവൻ. ഭക്ഷണത്തിനിരിക്കുന്നവനോ വിളമ്പുന്നവനോ? ഞാനാകട്ടെ നിങ്ങളുടെയിടയിൽ വിളമ്പുന്നവനെപ്പോലെയാണ്. വിളമ്പുന്നവൻ ഭക്ഷണമായാലോ, അതാണ് ഈശോയുടെ കാര്യത്തിൽ സംഭവിക്കുന്നത്. അനേകമാളുകളെ ഈശോയുടെ സവിധത്തിലേക്ക് നയിക്കാൻ വലിയവനായിരുന്നിട്ടും മരുഭൂമിയുടെ ലാളിത്യത്തിലും സഹനത്തിലും ജീവിക്കാൻ യോഹന്നാനെ സഹായിച്ച ഏതാനും കാര്യങ്ങളെക്കുറിച്ച് നമുക്ക് ഇന്ന് ധ്യാനിക്കാം.

**യോഹന്നാന്റെ മാതാപിതാക്കൾ ദൈവപ്രമാണങ്ങൾ പാലിക്കുന്നവരായിരുന്നു:** യോഹന്നാൻ വലിയവനായിരിക്കാനുള്ള ഒരു കാരണം അവന്റെ മാതാപിതാക്കൾ നല്ലവരായിരുന്നു. തിരുവചനം അവരെക്കുറിച്ച് പറയുന്നത്, അവർ ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും കർത്താവിന്റെ കൽപനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു. നല്ല മാതാപിതാക്കളിൽനിന്നു മാത്രമേ നല്ല മക്കളുണ്ടാവുകയുള്ളൂ. ഈശോ പറയുന്നു, ഫലങ്ങളിൽ നിന്ന് വൃക്ഷത്തെ അറിയാം. ദൈവപ്രമാണങ്ങൾ ധ്യാനിച്ചു ജീവിക്കുന്നവർ നീർച്ചാലിനരികെ നട്ടതും യഥാകാലം ഫലം തരുന്നതും ഇലകൊഴിയാത്തതുമായ വൃക്ഷം പോലെയാണ് എന്നാണ് സങ്കീർത്തകൻ പറയുന്നുത്. അവന്റെ പ്രവൃത്തികളാകട്ടെ സഫലമാകുകയും ചെയ്യുന്നു

---

28 ▶ യുടെ ചൈതന്യത്തോടും ശക്തിയോടുംകൂടെ അവൻ കർത്താവിന്റെ മുമ്പേ പോകും" എന്നാണ്. സ്നാപകന്റെ ദൗത്യം തന്നെയാണു നമ്മുടേതും. കർത്താവിന്റെ തിരുപ്പിറവി ആഘോഷിക്കാനായി ഒരുങ്ങുമ്പോൾ അവിടുത്തേക്കായി സജ്ജീകൃതമായ ഒരു ജനത്തെ ഒരുക്കാനുള്ള ദൗത്യം അതിനായി, ആദ്യമേ നമ്മുടെതന്നെ ഹൃദയങ്ങളെ ഒരുക്കണം. എന്നാൽ മാത്രമേ കർത്താവിന്റെ മാർഗത്തിൽ നിന്നു വ്യതിചലിച്ചവരെ ദൈവമായ കർത്താവിലേക്കു തിരികെ കൊണ്ടുവരാനും ദൈവികചൈതന്യത്തോടും ശക്തിയോടുംകൂടെ കർത്താവിനായി വഴിയൊരുക്കുവാനും നമുക്കു സാധിക്കുക.

വചനധാര

(സങ്കീ. 1/3). വചനത്തിൽ അടിസ്ഥാനമിട്ട ഭവനം കാറ്റിനെയും വെള്ളപ്പൊക്കത്തെയും അതിജീവിച്ച് ഉയർന്നു നില്ക്കുന്നുവെന്ന യേശു മൊഴികൾ ജീവിതത്തിന്റെ ധന്യതയും ഉന്നതിയും ദൈവപ്രമാണങ്ങളോടുള്ള നമ്മുടെ നിലപാടുകളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വ്യക്തമാക്കുന്നു. അമ്മയുടെ ഉദരത്തിലായിരിക്കുന്ന സമയത്ത് ദൈവവചനത്താലും വചനം തന്നെയായ ഈശോയുടെ സാന്നിധ്യത്താലും സമ്പന്നനാക്കപ്പെട്ടവനാണ് സ്നാപക യോഹന്നാൻ (ലൂക്കാ 1/39-43). ദൈവവചനത്തിന്റെ സമൃദ്ധിയിൽ ജീവിച്ചാൽ സ്നാപക യോഹന്നാന്റെ ഔന്നത്യം നമുക്കും സ്വന്തമാക്കാം.

**പ്രാർത്ഥനാന്തരീക്ഷത്തിൽ ജനിച്ചവൻ യോഹന്നാൻ:** ദേവാലയത്തിലെ ശുശ്രൂഷകൾ കഴിഞ്ഞ് അധികം താമസിയാതെ സഖറിയായുടെ ഭാര്യ എലിസബത്ത് ഗർഭിണിയായിയെന്ന് വചനം സാക്ഷ്യപ്പെടുത്തുന്നു. ബൈബിളിൽ പ്രാർത്ഥനയുടെ അന്തരീക്ഷത്തിലും പ്രാർത്ഥനയുടെ ഫലമായും ജനിച്ചിട്ടുള്ള മക്കൾ എന്നും വലിയവരായിരുന്നു. ദൈവദൂതന്മാരുടെ ഇടപെടലുകൾക്ക് ശേഷം ദൈവം പറഞ്ഞ സമയത്ത് ജനിച്ച ഇസഹാക്ക് ഈശോയുടെ പ്രതിരൂപമായി മാറുന്ന കാര്യം നാം അനുസ്മരിക്കണം. ഹന്നായുടെ പ്രാർത്ഥനയുടെ ഫലമെന്നോണം ദൈവം നല്കിയ സമുവേൽ രണ്ട് രാജാക്കന്മാരെ, സാവൂളിനെയും ദാവീദിനെയും വാഴിച്ച, ഇസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ന്യായാധിപനായി മാറിയതും നാം ധ്യാനിക്കേണ്ട കാര്യമാണ്. ശാരീരികമായി മാത്രമല്ല, ആത്മീയമായി അനേകർക്ക് ജന്മം നല്കാൻ വിളി ലഭിച്ചവരാണ് ഓരോ വിശ്വാസിയും. സുവിശേഷം പ്രസംഗം വഴി നിങ്ങൾക്ക് ജന്മം നല്കിയത് ഞാനാണെന്ന് വി. പൗലോസ് കൊറീന്തോസിലെ സഭയെ അനുസ്മരിപ്പിക്കുന്നുണ്ട്. പ്രാർത്ഥനയുടെ പിൻബലത്തിൽ നടത്തപ്പെടുന്ന വചനപ്രഘോഷണങ്ങൾക്ക്, ഉപദേശങ്ങൾക്ക്, ചർച്ചകൾ എന്നിവയ്ക്കൊക്കെ അനേകം മക്കളെ വിശ്വാസജീവിതത്തിലേക്ക് ജന്മം നല്കാനാകുമെന്നും വലിയവരാക്കാൻ കഴിയുമെന്ന് നാം ഇനിയെങ്കിലും ബോധ്യപ്പെടേണ്ടിയിരിക്കുന്നു.

**അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ അവൻ പരിശുദ്ധാത്മാവിനാൽ നിറയും:** ചെറിയ ആളെപ്പോലും വലുതാക്കാൻവേണ്ടി ദൈവം നമുക്ക് നല്കിയ അമൂല്യമായ ദാനമാണ് പരിശുദ്ധാത്മാവ്. ബൈബിൾ നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്ന ചിത്രം അതാണ്. വിദ്യാഹീനരും വെറും സാധാരണക്കാരുമായ പത്രോസും കൂട്ടരും ഈശോയുടെ മരണത്തോടെ യഹൂദരെ ഭയന്നിരിക്കുന്ന സന്ദർഭത്തിൽ വലിയ ധീരതയോടും ശക്തിയോടുകൂടെ ദൈവവചനത്തിന് സാക്ഷ്യം നല്കാൻ അവർക്കായത് പരിശുദ്ധാത്മാവിന്റെ സാന്നിധ്യമാണ് (അപ്പ. 4). രൂപരഹിതവും ശൂന്യവും അന്ധകാരം നിറഞ്ഞതുമായിരുന്ന ഈ പ്രപഞ്ചത്തിന് ക്രമവും പ്രകാശവും നല്കിയത് ദൈവത്തിന്റെ ആത്മാവായിരുന്നു(ഉല്പ 1). ഈശോ പറയുന്നു, പരിശുദ്ധാത്മാവ് വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജെറുസലേമിലും യൂദയായിലും സമരിയായിലും ലോകത്തിന്റെ അതിർത്തികൾവരെ നിങ്ങൾ

വചനധാര

എനിക്ക് സാക്ഷികളായിരിക്കും. ദൈവത്തിന്റെ ആത്മാവായിരുന്നു ഈശോയുടെയും ശക്തി. ആത്മാവിനാൽ മരുഭൂമിയിലേക്ക് നയിക്കപ്പെട്ടവനാണ് അവിടുന്ന്. ആത്മാവ് ആവസിച്ചപ്പോഴാണ് ആത്മാവിന്റെ അഭിഷേകത്താലാണ് സാവൂൾ രാജാവായത് (1 സാമു 10/6). ദാവീദിനെ തൈലാഭിഷേകം ചെയ്തപ്പോഴും കർത്താവിന്റെ ആത്മാവ് ദാവീദിന്റെ മേൽ ശക്തമായി ആവസിച്ചുവെന്ന് വചനം വെളിപ്പെടുത്തുന്നു (1 സാമു 16/13). അതേസമയം കർത്താവിന്റെ ആത്മാവ് വിട്ടുപോയ സാവൂളിന്റെയും സാംസൺ എന്ന ന്യായാധിപന്റെയും സ്ഥിതി എത്രയോ പരിതാപകരമായിരുന്നു. തിമ്നയിൽ വച്ച് തനിക്കെതിരെ അലറി വന്ന സിംഹക്കുട്ടിയെ കർത്താവിന്റെ ആത്മാവിന്റെ ശക്തിയാൽ ആയുധം കൂടാതെ ആട്ടിൻകുട്ടിയെ എന്നപോലെ ചീന്തിക്കളഞ്ഞ സാംസൺ (ന്യായ 14/5-7) ദൈവത്തിന്റെ ആത്മാവ് നഷ്ടപ്പെട്ടു കഴിഞ്ഞപ്പോൾ ഒരു ഓട്ടു ചങ്ങലായാൽ ബന്ധിതനായി ശക്തി ക്ഷയിച്ചനായി മാറുന്നത് ന്യായാധിപൻമാരുടെ പുസ്തകത്തിൽ നാം വായിക്കുന്നു (ന്യായ 16/19-21).

**വീഞ്ഞോ ലഹരി പാനീയങ്ങളോ അവൻ കുടിക്കുകയില്ല:** ബൈബിൾ നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്ന വലിയ വ്യക്തികൾ മദ്യത്തിന് അടിമകളല്ല. മദ്യപിച്ച് ലക്കുകെട്ട നോഹയെ നഗ്നനായി കണ്ട് പിതാവിന് അപമാനം വരുത്തിവച്ച കാനാന്റെ പിതാവായ ഹാമിനെ ദൈവം ശിക്ഷിക്കുന്നതായി ബൈബിൾ വിവരിക്കുന്നു (ഉല്പ 9/18-29). കനാൻകാരെ മുഴുവനായും ഗ്രസിക്കുന്ന ഈ ശാപത്തിന് കാരണമായത് മദ്യാസക്തിയാണെന്ന വസ്തുത നാം ഓർക്കണം. കർത്താവിന്റെ ആത്മാവ് ശക്തമായി പ്രവർത്തിച്ച ന്യായാധിപനായ സാംസന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പിലും ദൈവദൂതൻ നല്കിയ നിർദ്ദേശം, വീഞ്ഞോ വീര്യമുള്ള പാനീയങ്ങളോ അവൻ കുടിയ്ക്കരുത് എന്നതാണ്, (ന്യായ 13/4). വി. പൗലോസിന്റെ അരുമശിഷ്യനായിരുന്ന തിമോത്തിയോട് അദ്ദേഹത്തിന്റെ അസുഖത്തെ മാനിച്ച് അല്പം വീഞ്ഞു കഴിക്കാൻ പൗലോസ് ഉപദേശിക്കുന്നതും തിമോത്തി വീഞ്ഞു കഴിക്കുന്നത് അനുചിതമായി കരുതിയതുകൊണ്ടാണെന്ന് വ്യക്തമാണല്ലോ. മദ്യം ആരെയും വലിയവനാക്കിയിട്ടില്ല, മറിച്ച് ചെറിയവനും നീചനുമാക്കിയിട്ടേയുള്ളൂ. മദ്യാസക്തനെ ലോകം ഒരു സ്ഥലത്തും ഒരു കാലത്തും വലിയവനായി ചിത്രീകരിച്ചിട്ടില്ല.

വലിയനാകാനുള്ള വിളി അത് സ്നാപകയോഹന്നാനു മാത്രമല്ല, നമുക്കുമുള്ളതാണ്. ഈശോ പറയുന്നുണ്ട്, ദൈവവചനമനുസരിച്ച് ജീവിക്കുന്നവർക്ക് അവിടുത്തെ മാതാവും സഹോദരനും സഹോദരിയുമാകാമെന്ന്. ശാരീരികമായി നാം ജനിച്ചുകഴിഞ്ഞുവെങ്കിലും ആത്മാവിലുള്ള ജനനത്തിന് ഇനിയും അവസരമുണ്ട്. നീ ആത്മാവിനാലും ജലത്താലും ജനിക്കുന്നില്ലെങ്കിൽ സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ലെയെന്ന വചനം നമുക്ക് ധ്യാനിക്കാം.

**ലൂക്കാ 1:26 – 38** **റവ. ഫാ. വർഗ്ഗീസ് അമ്പലത്തിങ്കൽ**

# യേശുവിന്റെ ജനനത്തെക്കുറിച്ച് അറിയിപ്പ്

ലൂക്കായുടേ സുവിശേഷത്തിൽ സ്നാപകയോഹന്നാന്റെ ജനത്തെക്കുറിച്ചുള്ള അറിയിപ്പു നല്കിയ ഗബ്രിയേൽ ദൂതൻ തന്നെയാണു മറിയത്തെ മംഗളവാർത്ത അറിയിക്കുന്നത്. യേശുവിന്റെ ജനനമാണു മംഗളവാർത്തയുടെ ഉള്ളടക്കം.

1. സ്നാപകന്റെയും യേശുവിന്റെയും ജനനത്തെക്കുറിച്ചുള്ള ഗബ്രിയേൽ ദൂതന്റെ അറിയിപ്പ് ഒന്നിനു പിന്നാലെ മറ്റൊന്ന് എന്ന രീതിയിൽ ലൂക്കാ സുവിശേഷകൻ ക്രമീകരിച്ചിരിക്കുന്നത് ഒരു താരതമ്യപഠനത്തിനു സാദ്ധ്യത നല്കുന്നുണ്ട്. സഖറിയായ്ക്കു ലഭിച്ച അറിയിപ്പ്, ഒരു പുരോഹിതനു ലഭിച്ച അറിയിപ്പാണ്, അതും ജെറുസേലം ദേവാലയത്തിൽവച്ചു ധൂപാർപ്പണസമയത്തു ദൈവജനം മുഴുവൻ വെളിയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന അവസരത്തിൽ. അതായത്, ഒരു യൂഹൂദനു സങ്കല്പിക്കാൻ സാധിക്കുന്നതിൽവച്ച് ഏറ്റവും ആഘോഷപൂർവകമായ സാഹചര്യം (ജെറുസലേം ദേവാലയം, പുരോഹിതൻ, ദൈവജനം മുഴുവൻ പുറത്ത് ഇസ്രായേലിന്റെ രക്ഷയ്ക്കായി പ്രാർത്ഥിക്കുന്ന നിമിഷം). യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് ലഭിക്കുന്നതു നസ്രത്തിലെ മറിയത്തിനാണ്. നസ്രത്ത് പഴയ നിയമചരിത്രത്തിൽ ഇടംപിടിക്കാത്ത ഒരു സ്ഥലം. അതുകൊണ്ടാണു നാഥനായേൽ ചോദിക്കുക, "നസ്രത്തിൽ നിന്ന് എന്തെങ്കിലും നന്മ ഉണ്ടാകുമോ" എന്നു മറിയം ഒരു സാധാരണ പെൺകുട്ടി, ദൈവദൂതൻ പ്രത്യക്ഷപ്പെടുന്നതു തികച്ചും സാധാരണമായ ഒരു സാഹചര്യത്തിൽ. ഈ രണ്ട് അറിയിപ്പുകളിൽ യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പാണ് ഏറ്റവും പ്രധാനപ്പെട്ടത്. യഹൂദപൗരോഹിത്യത്തിന്റെ ഔന്നത്യമോ ജെറുസലേമിന്റെ പ്രാധാന്യമോ ദേവാലയത്തിന്റെ പവിത്രതയോ ഒന്നും അവകാശപ്പെടാനാകാത്ത തികച്ചും ലളിതമായ, സാധാരണമായ സാഹചര്യത്തിലാണു കർത്താവിന്റെ ജനനത്തെക്കുറച്ചു അറിയിപ്പു മറിയത്തിനു ലഭിച്ചത് എന്നതു നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. ആർഭാടവും ആഘോഷവുമല്ല, ലാളിത്യമാണ് ഇന്നും ദൈവജനത്തെ ആകർഷിക്കുന്നത്. ദൈവം കടാക്ഷിച്ചതു തന്റെ ദാസിയുടെ താഴ്മയിലാണന്നു മറിയം സ്തോത്രഗീതത്തിൽ പാടുന്നു. ദൈവകടാക്ഷം ലഭിക്കുന്നതിന് എളിമയും വിനയവും ലാളിത്യവുമെല്ലാം എത്രമാത്രം വിലപ്പെട്ടതാണെന്നു മറിയത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

വചനധാര



**ലൂക്ക 1:26–38** **2017 ഡിസംബർ 10**

# വചനസന്ദേശം

**റവ. ഫാ. കരീമഠം അലക്സ്**

*യേശുവിൽ പ്രിയപ്പെട്ടവരെ,*

യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പാണ് ഇന്നത്തെ വചന ഭാഗം. 'മംഗളവാർത്ത' എന്ന പേരിൽ അറിയപ്പെടുന്ന ഈ വചനഭാഗം വായിച്ചുകഴിയുമ്പോൾ നമ്മുടെ മനസ്സിൽ തെളിഞ്ഞുനിൽക്കുക, മംഗളവാർത്തയുമായി എത്തുന്ന ഗബ്രിയേൽ മാലാഖയും ആ വാർത്ത ശ്രവിക്കുന്ന മറിയത്തിന്റെ ചിത്രവുമാണ്. എന്നാൽ ഈ വചനഭാഗത്തെ കേന്ദ്രബിന്ദു മറിയമോ മാലാഖയോ അല്ല, മറിച്ച് സർവ്വശക്തനും കാരുണ്യവാനും വിശ്വസ്തനുമായ ദൈവമാണ് (ദൈവത്താൽ അയയ്ക്കപ്പെട്ടു; 1:27; ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു, 1:30; ദൈവത്തിന് ഒന്നും അസാധ്യമല്ല, 1:37). സർവ്വശക്തനായ ദൈവത്തിൽ പരിപൂർണ്ണമായി വിശ്വസിച്ച് സമ്പൂർണ്ണ സമർപ്പണം നടത്തുന്ന ഒരു വ്യക്തിയുടെ ജീവിത പ്രത്യേകതകളാണ് മറിയത്തിലൂടെ സുവിശേഷകൻ നമ്മുടെ മുന്നിൽ അവതരിപ്പിക്കുക.

ദൈവത്തിന്റെ തിരഞ്ഞെടുപ്പ് അംഗീകരിക്കൽ: ദൈവത്തിൽ വിശ്വസിക്കുന്ന വ്യക്തിയുടെ ആദ്യത്തെ പ്രത്യേകതയായി സുവിശേഷകൻ അവതരിപ്പിക്കുക ദൈവത്തിന്റെ തിരഞ്ഞെടുപ്പിനെ അംഗീകരിക്കലാണ്. നമ്മൾ പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുക വേണ്ടപ്പെട്ടവരോടെല്ലാം ആലോ

---

32 ▶

2. മാലാഖ മറിയത്തെ അഭിസംബോധന ചെയ്യുന്നത്, "ദൈവകൃപ നിറഞ്ഞവളേയെന്നാണ്." അതായത്, ദൈവകൃപയ്ക്കു നിരക്കാത്തതൊന്നും മറിയത്തിന്റെ ചിന്തയിലോ വാക്കിലോ പ്രവൃത്തിയിലോ ഉണ്ടായിരുന്നില്ലെയന്നതാണ്. ദൈവകൃപയിൽ ദൈവവരപ്രസാദത്തിൽ ജീവിക്കാനാണ് ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുക. ദൈവകൃപയ്ക്കു നിരക്കാത്തതൊന്നും ചിന്തിയിലോ വാക്കിലോ പ്രവൃത്തിയിലോ ഉണ്ടാകില്ലായെന്നതു ക്രിസ്മസിനായി ഒരുങ്ങുമ്പോൾ നാമെടുക്കേണ്ട ഒരു പ്രധാനപ്പെട്ട തീരുമാനമാകണം.

3. മാലാഖ മറിയത്തോടു പറയുന്നത്, "സന്തോഷിച്ചാലുമെന്നാണ്." കാരണം കർത്താവു കൂടെയുണ്ട് (ദൈവകൃപ നിറഞ്ഞവളെ സന്തോഷിച്ചാലും കർത്താവ് നിന്നോടുകൂടെ). ഒരാളുടെ സ്ഥായിയായ സന്തോഷത്തിന്റെ കാരണം ഇതായിരിക്കും – ദൈവകൃപയിൽ ജീവിക്കുന്നതും ദൈവം തന്റെ കൂടെയുണ്ടെന്ന തിരിച്ചറിവും ദൈവവരപ്രസാദത്തിൽ ജീവിക്കുമ്പോഴാണു നമ്മുടെ കൂടെയുള്ള ദൈവസാന്നിദ്ധ്യം തിരിച്ചറിയാൻ നമുക്കു സാധിക്കുക. നമ്മുട ജീവിതം അനുഗൃഹീതമാകുന്നത്, നമ്മുടെ കൂടെയുള്ള ദൈവസാന്നിദ്ധ്യം തിരിച്ചറിഞ്ഞ് അതിൽ ആനന്ദം കണ്ടെത്തുമ്പോഴാണ്.

വചനധാര

ചിച്ച ശേഷമാണ്. കുടുംബനാഥൻ കുടുംബാംഗങ്ങളുടെ, വികാരിയച്ചൻ ഇടവക ജനങ്ങളുടെ അഭിപ്രായം ആരായുന്നു; എന്തിനു വേണ്ടിയാ? ഉചിതമായ തീരുമാനം എടുക്കാൻ; മറ്റുള്ളവരുടെ സഹകരണം ഉറപ്പാക്കാൻ. എന്നാൽ ദൈവം, ദൈവികനിയോഗങ്ങൾക്കായി, മനുഷ്യരെ തിരഞ്ഞെടുക്കുമ്പോൾ, തിരഞ്ഞെടുക്കുന്ന വ്യക്തിയോട് ആലോചന നടത്തണമെന്ന് നിർബന്ധമില്ല. കാരണം മാനുഷികമായ പരിഗണനയും ഗുണമേന്മകളുമല്ല, ദൈവത്തിന്റെ പരിഗണനകൾ. ദൈവം ഹൃദയം പരിശോധിക്കുകയും ഉള്ളിലിരുപ്പ് കാണുകയും ചെയ്യുന്നു. പഴയനിയമവും പുതിയ നിയമവും അവതരിപ്പിക്കുന്ന തിരഞ്ഞെടുപ്പുകളുടെ ചരിത്രം വെളിപ്പെടുത്തുന്ന ചിത്രവും മറ്റൊന്നല്ല. ഇന്നത്തെ വചനഭാഗത്തും അതു തന്നെയാണ് നമ്മൾ കാണുക. മറിയത്തോട് ആലോചന നടത്തിയ ശേഷമല്ല ദൈവം മറിയത്തെ തിരഞ്ഞുടുക്കുന്നത്. മറിച്ച് ദൈവം തന്റെ തീരുമാനം മാലാഖയിലൂടെ മറിയത്തെ അറിയിക്കുക മാത്രമാണ് ചെയ്യുക. (1:30-33: "മറിയമേ നീ ഭയപ്പെടേണ്ട; ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും...").

മാലാഖയിലൂടെ ദൈവം അന്വേഷിക്കുക, തന്റെ തീരുമാനത്തോടുള്ള മറിയത്തിന്റെ പ്രത്യുത്തരമാണ്. മംഗളവാർത്ത കേട്ട മറിയം അല്പം ആശങ്കകളൊക്കെ പ്രകടിപ്പിച്ചു. (വിവാഹത്തിനു മുൻപുള്ള ഗർഭധാരണം, അഭിമാനം ചോദ്യം ചെയ്യപ്പെടുന്നു, മാന്യത നഷ്ടപ്പെടുന്നു, പൊതുജനത്തിന്റെ കുറ്റപ്പെടുത്തലുകൾ, ഒറ്റപ്പെടുത്തലുകൾ, ദുർവ്യാഖ്യാനങ്ങൾ, എല്ലാം മറിയത്തിന്റെ മനസ്സിലുണ്ട്). മറിയത്തിനു മുന്നിൽ രണ്ട് സാധ്യതകൾ ഉണ്ട്: ഒന്നുകിൽ ദൈവത്തിന്റെ തീരുമാനത്തെ അംഗീകരിക്കാം അല്ലെങ്കിൽ തിരസ്കരിക്കാം. ഏതു തീരുമാനവും എടുക്കാനുള്ള സ്വാതന്ത്ര്യവും മറിയത്തിനുണ്ട്. മാനുഷികമായി ചിന്തിച്ചാൽ ഉചിതമായ തീരുമാനം ദൈവത്തിന്റെ തിരഞ്ഞെടുപ്പിനെ തിരസ്കരിക്കലാണ്. പക്ഷെ മറിയം ദൈവത്തിന്റെ തീരുമാനത്തെ അംഗീകരിക്കുന്നു. എവിടെ നിന്നാണ് മറിയത്തിന് ഈ അസാധാരണമായ ധൈര്യം കൈവരിക. അതാണ് അവളുടെ വിശ്വാസത്തിന്റെ ആർജ്ജവത്വം. എന്റെ ദൈവം, എല്ലാം സാധ്യാമാക്കി തീർക്കുന്ന ദൈവം സർവ്വശക്തനാണ്, വിശ്വസ്തനാണ്, കാരുണ്യവാനാണ്. അവൻ എപ്പോഴും എന്നോടുകൂടെയുണ്ട്. അതുകൊണ്ട് ആ ദൈവത്തോട് ചേർന്നു നിൽക്കുന്നതാണ് ഉചിതം. തനിക്ക് നന്മ മാത്രം വരുത്താൻ കഴിയുന്ന ദൈവത്തോട് ചേർന്നു നിൽക്കാൻ വേണ്ടി അവൾ ധീരോചിതമായ തീരുമാനം എടുക്കുന്നു. ആ തീരുമാനം മാലാഖയെ അറിയിക്കുന്നു: "ഇതാ കർത്താവിന്റെ ദാസി; വാക്ക് എന്നിൽ നിറവേറട്ടെ! (1:38)"

മറിയത്തിന്റെ തീരുമാനം ബോധപൂർവ്വമാണ്, വിവേകപൂർവ്വമാണ്, അതിനേക്കാളുപരി അത് ദൈവികജ്ഞാനത്തിൽ നിവേശിതവുമാണ്. അതുകൊണ്ടുതന്നെ മറിയത്തിന്റെ മറുപടിയിലെ വാക്കുകൾ വളരെ ലളിതമാണെങ്കിലും അതിൽ മറഞ്ഞിരിക്കുക ദൈവത്തിൽ വിശ്വസിക്കുന്ന ഒരു വ്യക്തിയുടെ ജീവിതത്തിലെ മറ്റ് രണ്ട് പ്രത്യേകതകളാണ്: 1. ദൈവത്തിന്റെ കയ്യിലെ ഒരു ഉപകരണം മാത്രമാണ് താനെന്ന് മറിയം തിരിച്ചറിയുന്നു. (ഇതാ കർത്താ

വിന്റെ ദാസി 1:38); 2. ദൈവവചനത്തിന് വിധേയപ്പെടുന്നു, (നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ 1:38).

ദൈവത്തിന്റെ കയ്യിലെ ഉപകരണം: "ഇതാ കർത്താവിന്റെ ദാസി" എന്ന വാക്കുകളിലൂടെ ദൈവത്തിനുവേണ്ടി ദാസ്യവേല ചെയ്യാനുള്ള തന്റെ സന്മനസ്സ് പരസ്യമായി പ്രഖ്യാപിക്കുകയാണ് മറിയം. ഞാൻ ആഗ്രഹിക്കുന്നതുപോലെ എന്റെ ജീവിതം മുന്നോട്ടുകൊണ്ടുപോകാനുള്ള അവകാശവും സ്വാതന്ത്ര്യവും മറിയം ഉപേക്ഷിക്കുന്നു. ഇനിമുതൽ എന്റെ ജീവിതത്തിനുമേൽ ഞാനല്ല അവകാശി മറിച്ച് ദൈവമാണ്. ദൈവത്തിന് എങ്ങനെ വേണമെങ്കിലും എന്നെ ഉപയോഗപ്പെടുത്താം. ഇനി എന്റെ വ്യക്തിത്വമല്ല സമൂഹമധ്യത്തിൽ വിടർന്നു നിൽക്കേണ്ടത് മറിച്ച് ദൈവത്തിന്റെ വ്യക്തിത്വമാണ്. അതിനു വേണ്ടി എന്തു ത്യാഗവും സഹിക്കാൻ മറിയം തയ്യാറാണ്. വിവാഹത്തിനു മുൻപുള്ള ഗർഭധാരണവും അതിന്റെ അനന്തരഫലങ്ങളും ഏറ്റുവാങ്ങാൻ തയ്യാറാണ്. മാലാഖയുടെ വാക്കുകളിലെ വെളിപ്പെടുത്തപ്പെടാത്തതും എന്നാൽ വരാനിരിക്കുന്നതുമായ എല്ലാ സഹനങ്ങളും അനുഗ്രഹങ്ങളും ഏറ്റുവാങ്ങാൻ കൂടി താൻ തയ്യാറാണ്. തന്റെ ജീവിതത്തിലൂടെ ദൈവത്തിന്റെ വ്യക്തിത്വം സമൂഹമധ്യത്തിൽ പ്രകാശിതമാക്കാൻ, ദൈവത്തിന്റെ കയ്യിലെ ഉപകരണമായി മാറുന്നതിൽ സന്തോഷിക്കുന്ന മറിയം. മനുഷ്യരക്ഷവേണ്ടിയുള്ള ദൈവത്തിന്റെ കയ്യിലെ ഉപകരണം.

ദൈവവചനത്തിനു വിധേയപ്പെടൽ: "നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" എന്ന പ്രത്യുത്തരത്തിൽ അടങ്ങിയിരിക്കുന്നത് ദൈവത്തിനു വിധേയപ്പെടാനുള്ള മറിയത്തിന്റെ സന്മനസ്സാണ്. സന്ദേശത്തോടു മാലാഖയുടെ വാക്കുകൾ ദൈവികമായ കല്പനയായിരുന്നില്ല, ഒരു അറിയിപ്പ് മാത്രമായിരുന്നു. ഈ അറിയിപ്പിനുള്ള മറിയത്തിന്റെ മറുപടിയാണ് "നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" എന്നത്. ദൈവത്തിന്റെ ഏതു കല്പനയും അനുസരിക്കാൻ, പൂർത്തിയാക്കാൻ താൻ തയ്യാറാണ് എന്ന വിവരം മാലാഖയിലൂടെ ദൈവത്തെ അറിയിക്കുന്ന മറിയം ഇവിടെ ഉത്പത്തി പുസ്തകത്തിന്റെ ആദിമാതാപിതാക്കന്മാർ പരാമർശിക്കപ്പെടേണ്ടതാണ്. ദൈവത്തിന്റെ കല്പനകൾക്കു വിധേയമായി ജീവിക്കുന്നതിൽ അവർ പരാജയപ്പെടുന്നു (ഉത്പ. 3) എന്നാൽ മറിയമാകട്ടെ ഏതു പ്രതിസന്ധിയെയും ദൈവവചനത്തിനു വിധേയപ്പെട്ടു ജീവിക്കുന്നതിൽ വിജയിക്കുന്നു. വേറെ വാക്കിൽ പറഞ്ഞാൽ ദൈവത്തോടൊപ്പം നടക്കുന്നതിൽ മറിയം വിജയിക്കുന്നു എന്നർത്ഥം. ദൈവത്തോടൊപ്പം നടക്കാനുള്ള വിളിയാണു മനുഷ്യന്റേത്. ആ വിളി തിരിച്ചറിഞ്ഞ്, ദൈവത്തോടു നീതി പുലർത്തണമെങ്കിൽ വചനത്തിനു വിധേയമായി ജീവിതത്തെ ക്രമപ്പെടുത്താൻ നമ്മൾ തയ്യാറാകണം.

ഇനി നമുക്കു നമ്മുടെ അനുദിനജീവിതത്തിലേക്കു കടന്നുവരാം. ഒരുപാടു ജീവിതപ്രശ്നങ്ങളിലൂടെ കടന്നുപോകുന്നവരാണു നമ്മൾ. ആരോഗ്യപ്രശ്നങ്ങൾ, സാമ്പത്തികപ്രശ്നങ്ങൾ, കുടുംബപ്രശ്നങ്ങൾ തുടങ്ങി പലതും. പല പ്രശ്നങ്ങളും നേരിടാനുള്ള കരുത്ത് നമുക്കില്ല. പ്രത്യേകിച്ചു നമ്മൾ നിഷ്കളങ്കരായിരിക്കേ, നമ്മുടെ അഭിമാനം നഷ്ടപ്പെടുത്തുന്ന, അന്തസ്സ്

വചനധാര

2017 നവംബർ 17

## വചനഭാഷ്യം

മംഗളവാർത്ത മൂന്നാം ഞായർ

**ലൂക്കാ 2:57 – 66** **റവ. ഫാ. വർഗ്ഗീസ് അമ്പലത്തിങ്കൽ**

# സ്നാപകന്റെ ജനനം

ലൂക്കായുടെ സുവിശേഷത്തിൽ സ്നാപകന്റെയും യേശുവിന്റെയും ജനന അറിയിപ്പുകൾ കഴിഞ്ഞു 2:5–25; 1:26–38) അതേ ക്രമത്തിൽ സ്നാപകന്റെ പിറവിയെക്കുറിച്ചുള്ള വിവരണമാണു മംഗളവാർത്ത മൂന്നാം ഞായറിലെ വചനഭാഗം.

സ്നാപകന്റെ പിറവി, ഒരു ദൈവിക ഇടപെടലാണ്. ഇസ്രായേലിന്റെ ചരിത്രത്തിലെ നിർണായക ഇടപെടലാണീ സംഭവം. പഴയ നിയമത്തിൽ ദൈവം തുടങ്ങിവച്ചതെല്ലാം പൂർത്തീകരിക്കാൻ തുടങ്ങുകയാണു സ്നാപ

---

14 ▶ ചോദ്യം ചെയ്യപ്പെടുന്ന, വിശ്വസ്തതയിൽ സംശയിക്കുന്ന സമയങ്ങൾ. എന്തുകൊണ്ട് ഇങ്ങനെയൊക്കെ എന്റെ ജീവിതത്തിൽ സംഭവിക്കുന്നു എന്ന ചോദ്യത്തിനു പലപ്പോഴും ഉത്തരമില്ല. നമ്മൾ നിരന്തരമായി തളർന്നിരിക്കുമ്പോൾ മാലാഖ നമ്മുടെ അടുത്തു വരുന്നുണ്ട് ആത്മീയവും ദൈവികവുമായി: നീ എന്തിനാ സങ്കടപ്പെടുന്നേ, നീ എന്തിനാ നിരാശപ്പെടുന്നേ; ദൈവത്തിന് എല്ലാം സാധ്യമാണ്. പക്ഷേ മറിയത്തെപ്പോലെ ദൈവത്തിനു മുന്നിൽ സമ്പൂർണ്ണസമർപ്പണം നടത്തിയുള്ള വിശ്വാസത്തിന്റെ ആർജ്ജവത്വം നമുക്കില്ലാതെ പോകുന്നു. ദൈവത്തിന്റെ കയ്യിലെ ഉപകരണമായി മാറാൻ ഏതു സഹനവും ഏറ്റുവാങ്ങാനുള്ള സന്മനസ്സ് ഇല്ലാതെ പോകുന്നു. വചനത്തിന് വിധേയമായി ദൈവത്തിന്റെ കൂടെ നടക്കാനുള്ള വിളി നമ്മൾ വിസ്മരിക്കുന്നു. അതാണ് നമ്മുടെ ആദ്ധ്യാത്മികതയുടെ അപകടങ്ങൾ. ലൗകിക താൽപര്യങ്ങളും സ്വാർത്ഥതയും ഉള്ളിൽ ഒളിപ്പിച്ചുവച്ചുകൊണ്ടുള്ള ഒരു ആദ്ധ്യത്മികത. അത് ദൈവത്തോടൊപ്പം നടക്കാൻ നമ്മളെ സഹായിക്കില്ല, കാരണം അവ വഴിമുടക്കികളാണ്. നമ്മൾ യേശുവിന്റെ ജനനത്തിന് ഒരുങ്ങുകയാണ്. ദൈവം മനുഷ്യനാവുകയാണ് ഒരിക്കൽ കൂടി മനുഷ്യരെ അനുസ്മരിപ്പിക്കാൻ; ദൈവത്തോട് ചേർന്ന് നടക്കലാണ് അവന്റെ ജീവിത ദൗത്യമെന്ന്. ആ ജീവിത ദൗത്യം ആദ്യമായി അക്ഷരാർത്ഥത്തിൽ അന്വർത്ഥമാക്കിയ വ്യക്തിയാണ് മറിയം. അതുകൊണ്ടാണ് ദൈവപുത്രന്റെ അമ്മയാകാൻ മറയത്തെ തിരഞ്ഞെടുത്തതും യേശുവിന്റെ ജനനത്തിനൊരുങ്ങുന്ന നമുക്ക് മാതൃകയായി ഇന്നത്തെ സുവിശേഷത്തിലൂടെ മറിയത്തെ അവതരിപ്പിക്കുന്നതും. ദൈവത്തോടൊപ്പം നടക്കാനുള്ള സന്മനസ്സ് നമുക്കുണ്ടെങ്കിൽ മറിയത്തെപ്പോലെ നമുക്കും പറയാം. "ഇതാ കർത്താവിന്റെ ദാസി/ദാസൻ; നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!"

✦

കന്റെയും യേശുവിന്റെയും ജനനത്തിലൂടെ. അതാണു സഖറിയായുടെ സ്തുതിഗീതത്തിൽ നിറഞ്ഞുനില്ക്കുന്നത്. കർത്താവു കാരുണ്യം കാണിച്ചു വെന്ന് 1: 58-ലും പിതാക്കന്മാരോടു വാഗ്ദാനം ചെയ്ത കാരുണ്യമെന്ന് 1:72-ലും ആവർത്തിക്കുന്നു.

2. കർത്താവിന്റെ കാരുണ്യം അനുഭവിച്ച എലിസബത്തിനെയും സഖറിയായെയും ഓർത്തു ജനം സന്തോഷിക്കുന്നു. പഴയ നിയമത്തിലെ മറ്റു ചില സ്ത്രീകളെപ്പോലെ എലിസബത്തും വന്ധ്യയായിരുന്നു ദൈവം സാറായോടും (ഉത്പ. 16:1), റാഹേലിനോടും (ഉത്പ. 29:31), അന്നായോടും (1. സാമു. 1: 2.6-11) കരുണ കാണിച്ചതുപോലെ എലിസബത്തിനോടും കാരുണ്യം കാണിച്ചു. ഇനിയങ്ങോട്ടു ദൈവത്തിന്റെ കരുണയുടെ നാളുകളാണ്. യോഹന്നാന്റെ ജനനത്തിൽ അയല്ക്കാരും ബന്ധുക്കളുമാണു സന്തോഷിക്കുന്നത്. എന്നാൽ യേശുവിന്റെ ജനനം സകല ജനത്തിനുംവേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയായിരിക്കും (2:10). എലിസബത്തിനോടൊപ്പം സന്തോഷിക്കുന്ന അയൽക്കാരും ബന്ധുക്കളും നമുക്കു മാതൃകയാകണം. മറ്റുള്ളവരോടും ദൈവം കാരുണ്യം കാണിക്കുമ്പോൾ നമുക്ക് അവരോടൊത്തു സന്തോഷിക്കാൻ സാധിക്കുന്നുണ്ടോ?

2. ദൈവഹിതത്തിനു സമ്പൂർണമായി സമർപ്പിക്കലാണു സ്വാതന്ത്ര്യത്തിലേക്കുള്ള വഴി. ദൈവദൂതൻ നല്കിയ പേരുതന്നെ സഖറിയ മകനു നല്കുകയാണ്. ഓരോ യഹൂദന്റെയും ജന്മാവകാശവും ജന്മസ്വപ്നവുമാണു തന്റെ തുടർച്ചയായി തന്റെ മകനും അറിയപ്പെടണം എന്നത്. പ്രായമേറെ കവിഞ്ഞതാണെങ്കിലും കുഞ്ഞിനു തന്റെ പേരു നല്കാൻ ആ പിതാവും ആഗ്രഹിച്ചു കാണും. എന്നാൽ ഒരിക്കലും പ്രതീക്ഷിക്കാതെ കുഞ്ഞിനെ ലഭിച്ചപ്പോൾ ദൈവത്തെ മറന്നവരല്ല സഖറിയായുടെ കുടുംബം. ദൈവഹിതത്തിനു വിട്ടുകൊടുത്തു യോഹന്നാൻ എന്ന പേരു നല്കി. സഖറിയായുടെ നാവു സ്വതന്ത്രമായി. നമുക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനമാണെന്നു തിരിച്ചറിഞ്ഞു ദൈവഹിതത്തിനു വിട്ടുകൊടുക്കുവാൻ നമുക്കു സാധിക്കുന്നുണ്ടോ?

3. സ്നാപകന്റെ ജനത്തെക്കുറിച്ചു കേട്ടവരെല്ലാം ഈ ശിശു ആരായിത്തീരും എന്നു ചിന്തിച്ചു തുടങ്ങി. കർത്താവിന്റെ കരം അവനോടുകൂടെ ഉണ്ടായിരുന്നു. ലൂക്കാ സുവിശേഷകൻ സ്നാപക യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള വിവരണം പഴയനിയമത്തിലെ ചില മഹദ്വ്യക്തിത്വങ്ങളുടെ ജനനത്തെയും അവരുടെ പ്രത്യേകമായ ദൗത്യത്തെയും അനുസ്മരിപ്പിക്കുന്നതാണു മോശയും (പുറ. 2:1-10), സാംസണും (ന്യായ. 13: 1-4; 24-25), സാമുവേലും (1. സാമു. 1:13-28; 2:11) സ്നാപകനെപ്പോലെ പ്രത്യേക ദൗത്യവുമായി ജനിച്ചവരാണ്. കർത്താവിന്റെ കരത്തിന്റെ ശക്തിയാണ് അവരെ വളർത്തിയതും അവരുടെ ദൗത്യം പൂർത്തിയാക്കാൻ പ്രാപ്തരാക്കിയതും. നാം ഓരോരുത്തരും പ്രത്യേക ദൗത്യവുമായിട്ടാണ് ഈ ലോകത്തിലേക്കു പിറന്നുവീഴുന്നത്. ദൈവകരത്തിന്റെ ശക്തി നമ്മോടുകൂടെയുണ്ടെങ്കിൽ മാത്രമേ നമ്മുടെ ദൗത്യം ഫലപ്രദമായി പൂർത്തിയാക്കുവാൻ നമുക്കു സാധിക്കുക. എന്റെ പ്രത്യേകമായ ദൗത്യത്തെക്കുറിച്ചും ദൈവകരത്തിന്റെ ശക്തിയെക്കുറിച്ചും ഞാൻ അവബോധമുള്ളവനാണോ?

വചനധാര



ലൂക്കാ 1:57 – 56 2017 ഡിസംബർ 17

## വചനസന്ദേശം

റവ. ഫാ. നിബിൻ കുരിശിങ്കൽ

# ദൈവനാമത്തെപ്രതി

തിരുവോസ്തിയിൽ ക്രിസ്തുവുണ്ടോ? തോമാശ്ലീഹാ വിലാപ്പുറത്ത് വിരലിട്ടോ? ജോർജ് പുണ്യാളൻ ഹിസ്റ്ററിയിലുണ്ടോ? എന്നൊക്കെ ചിന്തിച്ച് വിശ്വസിക്കണോ വേണ്ടയോ എന്ന് തീരുമാനിക്കുന്ന ആധുനിക ധിഷണാ പാടവത്തിന്റെ പ്രതിനിധി അല്ലാത്ത ഒരു സാധാരണ സ്ത്രീയാണ് കഥാപാത്രം. സങ്കടം വരുമ്പോൾ ആശ്വസിപ്പിക്കും, രോഗം വരുമ്പോൾ സുഖപ്പെടുത്തും, കടം കേറിയാൽ കാത്തുകൊള്ളും എന്നൊക്കെ സ്വന്തം ജീവിതം കൊണ്ടും കാരണവന്മാരുടെ ജീവിതം കണ്ടുകൊണ്ടും ബോധ്യപ്പെട്ട ഒരു സാധാരണ പെണ്ണ്.

മക്കൾ നാലാണ്. അതിരാവിലെ എഴുന്നേറ്റ് അടുക്കളയിലെ പണി പാതി പൂർത്തിയാക്കി നാല് മക്കളെയും വെള്ളം മുക്കി തോർത്തിയെടുത്ത് പള്ളിയിൽ കൊണ്ടുപോകും. മക്കൾ ചെറുതെന്നോ വലുതെന്നോ യാതൊരു പരിഗണനയോ ആ അമ്മ ഇക്കാര്യത്തിൽ നല്കാറില്ല. ഈശോയ്ക്കുള്ളത് ഈശോയ്ക്ക്, മക്കൾക്കുള്ളത് മക്കൾക്ക്.

പതിവ്പോലെ കുളിയൊക്കെ കഴിഞ്ഞ് മക്കളെ എഴുന്നേൽപ്പിക്കാൻ വന്ന അമ്മ കണ്ടത് മക്കളിൽ ഒരുത്തൻ കട്ടിലിൽ എഴുന്നേറ്റിരിക്കുന്നതാണ്. കാര്യമാരാഞ്ഞപ്പോൾ, അവനന്ന് കടിച്ചാൽ പൊട്ടാത്ത പരീക്ഷയാണ്, രാത്രി മുഴുവൻ കുത്തിയിരുന്നിട്ടും പഠനം അവസാനിക്കാത്തതിന്റെ ആധിയിൽ ഉറക്കം പോലും അവനെ വിട്ടുപോയി. 'കുർബാന കഴിഞ്ഞ് വന്നിട്ട് പഠിക്കാം' എന്ന അമ്മയുടെ ഡയലോഗ് അവന് തീരെ ഇഷ്ടപ്പെട്ടില്ല. "ഞാൻ ഈ സാധനം പഠിച്ച് കഴിഞ്ഞിട്ടില്ല. ഞാനിരുന്നു പഠിക്കട്ടേ, ഇന്ന് കുർബാനയ്ക്ക് വരണില്ല" അവൻ നയം വ്യക്തമാക്കി. അമ്മ ആയുധം വച്ച് കീഴടങ്ങി.

ബാക്കി മൂന്നെണ്ണത്തിനേം കുളിപ്പിച്ചൊരുക്കി അമ്മ പള്ളിയിലേക്കിറങ്ങിയപ്പോൾ അവൻ പഠിക്കാനെഴുന്നേറ്റു. ഇന്നലെ രാത്രി പഠിച്ച് മടക്കിവച്ച ടെക്സ്റ്റ് ബുക്കും നോട്ട് ബുക്കും കാണാനില്ല. നോക്കാവുന്നിടത്തൊക്കെ നോക്കിയിട്ടും രക്ഷയില്ല. സങ്കടവും ദേഷ്യവും എല്ലാം കൂടി ഒരുമിച്ചാണ് ആ മുഖത്ത് വന്നുപോകുന്നത്. സാധാരണ രീതിയിൽ വീടിനകത്ത് എന്തെങ്കിലും കാണാതായാൽ വീട്ടിലുള്ളവർ വിളിക്കാറുള്ള എമർജെൻസി നമ്പർ 'അമ്മേ' എന്നുള്ള പേരാണ്. ഇതിപ്പോ അമ്മ പള്ളിയിലാണ്. വരുന്നത് വരെ കാത്തിരിക്കുക. കുർബാന കഴിഞ്ഞ് വീട്ടിലേക്ക് വരുന്ന അമ്മയുടെ അടുത്തേക്കോടി "എന്റെ പുസ്തകം കണ്ടോ"? എന്ന് ചോദിക്കുന്നതിനുമുമ്പേ അമ്മയുടെ കയ്യിൽ പുസ്തകം കണ്ട് അവൻ ഞെട്ടി. "ഈശോയെ മാറ്റിവ

ച്ചിട്ട് എന്റെ മോൻ പരീക്ഷയ്ക്കല്ല; ജീവിതത്തിലൊന്നിലും ജയിക്കണ്ട" അമ്മയുടെ ഈ പഞ്ച് ഡയലോഗിൽ അവന്റെ അധരങ്ങൾക്കുള്ളിലെ അക്ഷരങ്ങൾ ഐസ് പോലെയായി!

പിറന്നു വീണ കുഞ്ഞിന് പരിഛേദനത്തിന്റെ അന്ന് പേര് നല്കേണ്ടത് പാരമ്പര്യമനുസരിച്ച് പിതാവിന്റെയാണെന്ന് പറഞ്ഞവരോട്, "അങ്ങനെയല്ല" എന്ന് പറയാൻ എലിസബത്തിനെ പ്രാപ്തയാക്കിയതെന്ത് എന്നത് ഒരു വിചിന്തന വിഷയമാണ്. വഴിയൊരുക്കാൻ വിളിക്കപ്പെട്ടവന്റെ വരവറിയിച്ചപ്പോൾ അത് അവിശ്വസിച്ചതിന്റെ പേരിൽ അക്ഷരങ്ങൾ നിലച്ച് പോയ ഒരാളെ കുടുംബത്തിനകത്ത് എലിസബത്ത് കാണാൻ തുടങ്ങിയിട്ട് നാളു കുറച്ചായി. ദൈവസ്വരത്തെ അവിശ്വസിച്ചതിന്റെ അടയാളം വീട്ടിൽ അങ്ങനെ നിൽക്കവേ, പിന്നെങ്ങനെയാണ് എലിസബത്തിനു വേറെ പ്രിയങ്ങളുണ്ടാകുന്നത്? ദൈവനിശ്ചയങ്ങൾക്ക് മേൽ മനുഷ്യന്റെ ആലോചനകൾക്ക് പോലും ഇടം നല്കാതെ ഉറച്ച തീരുമാനങ്ങളെടുക്കാൻ കെല്പുണ്ടായിരുന്നവളായിരുന്നു എലിസബത്ത്. ആ കെല്പാണ് സഖറിയായ്ക്ക് കുറഞ്ഞു പോയതും.

വീടിനകത്തും നാടിനകത്തും ജീവിക്കുന്ന ഒരാൾ ദൈവത്തെ പ്രതിയും ദൈവനിശ്ചയങ്ങൾക്ക് വേണ്ടിയും ചില ഉറച്ച തീരുമാനങ്ങളെടുക്കുന്നുവെങ്കിൽ ചില പാരമ്പര്യ സന്തോഷങ്ങളെയും ശീലങ്ങളെയും മാറ്റുക എന്ന് പറയുന്നുവെങ്കിൽ ആ ഒരാളുടെ വിശ്വാസം കണക്കിലെടുത്തുകൊണ്ട് ദൈവം മറ്റു ചിലയാളുകളുടെ അടഞ്ഞ അധരങ്ങൾക്ക് മേൽ അക്ഷരത്തിന്റെ താക്കോലിട്ട് തിരിക്കുകയും അവർ സങ്കീർത്തനം ആലപിക്കുകയും ചെയ്യും.

ദൈവത്തിന് വേണ്ടി നിലകൊള്ളുന്ന ആരെങ്കിലുമൊക്കെ ഉണ്ടായിരിക്കുകയാണ് വലിയ ഐശ്വര്യം. 'അവനെ യോഹന്നാൻ എന്നാണ് വിളിക്കേണ്ടത്.' എന്ന് എലിസബത്ത് പ്രഖ്യാപിക്കുമ്പോൾ, കൈവെള്ളയിൽ കിടക്കുന്ന കുഞ്ഞുയോഹന്നാന്റെ  കാതിൽ അത് മാറ്റൊലി കൊള്ളുന്നുണ്ട്. ആ മാറ്റൊലി ചെന്നവസാനിച്ചതോ ഹെറോദേസിന്റെ കൊട്ടാരത്തിനകത്തും. അന്തേവാസികളെല്ലാം രാജശീലങ്ങളെ 'ബലേഭേഷ്' എന്നു പറഞ്ഞ് കീർത്തിക്കവേ, രാജാവ് തെമ്മാടിത്തരമാണ് ചെയ്യുന്നതെന്ന് ഉറക്കെ വിളിച്ച് പറയാൻ സ്നാപകനെക്കൊണ്ടായത് അമ്മ എലിസബത്തിന്റെ 'ദൈവഹിതവിധേയത്വം' ചോരയിലൂടൊഴുകുന്നതു കൊണ്ടാണ്.

ജീവിതത്തിന്റെ പലയിടങ്ങളിൽ വച്ച് നാം എടുക്കേണ്ടിവരുന്ന ചില തീരുമാനങ്ങൾ ദൈവത്തിന്റേത് കൂടി ആകണമെന്നുണ്ടെങ്കിൽ എലിസബത്ത് പറഞ്ഞത്പോലെ, "അങ്ങനെയല്ല" എന്ന് പറയാനുള്ള ആർജവവും സ്നേഹവും ഉള്ളിൽ കരുതണം. 'കച്ചവടത്തിൽ കള്ളത്തരമില്ലാതെ പറ്റില്ലെന്നു പാട്ടുപാടുന്ന മാർക്കറ്റിൽ ദൈവത്തിന്റെ ലേബലൊട്ടിച്ച നഷ്ടത്തിന്റെ കാശുകുടുക്ക സൂക്ഷിക്കാൻ സന്നദ്ധത കാണിക്കുന്നവൻ ക്രിസ്തുവിന്റെ കച്ചവടക്കാരനാണ്. "ബാക്കി പിന്നെ തരാമെന്ന് പലരോടും പറഞ്ഞ് ക്യാഷ് ബാഗ് കിലുക്കി കാശുണ്ടാക്കുന്ന കണ്ടക്ടർമാർക്കെതിരെ, 'ബാക്കി പിന്നെ തന്നാൽ മതി'യെന്ന് പറയുന്ന കണ്ടക്ടറാകുന്നതാണ് വെല്ലുവിളി. ആധാരം

2017 ഡിസംബർ 24

# വചനഭാഷ്യം

മംഗളവാർത്ത നാലാം ഞായർ

**മത്താ. 1:18 – 24** **റവ. ഡോ. വർഗീസ് ചിരപ്പറമ്പൻ വി.സി.**

# എമ്മാനുവേലായ യേശുവിന്റെ ജനനം

യേശുവിന്റെ വംശാവലിയെ തുടർന്ന് അവിടുത്തെ ജനനത്തിന്റെ ദൈവികരഹസ്യങ്ങളും പ്രത്യേകതകളുമാണു ക്രിസ്തുമസിന്റെ തലേന്ന് ഇന്നു സഭാമാതാവു നമ്മുടെ വിചിന്തനത്തിനു നല്കിയിരിക്കുന്നത്. പിതാവും പുത്രനും പരിശിദ്ധാത്മാവും ദൈവദൂതനും മറിയവും യൗസേപ്പിതാവുമെല്ലാം ഉൾക്കൊള്ളുന്ന സംക്ഷിപ്തവിവരണമാണു മത്തായി സുവിശേഷകൻ നല്കുന്നത്. യേശുവിന്റെ ജനനം പ്രവാചകഗ്രന്ഥത്തിൽ മുൻകൂട്ടി എഴുതപ്പെട്ടിട്ടുണ്ടെന്നും അവിടുന്നു ദൈവപുത്രനും രക്ഷകനും വാഗ്ദാനങ്ങളുടെ പൂർത്തീകരണവുമാണെന്നു വെളിവാക്കപ്പെടുന്നു.

---

21 ▶ തിരുത്തലും, കറണ്ട് പാസാകലും കൈമണി കൊടുത്താൽ പെട്ടെന്നാകും എന്നറിഞ്ഞിട്ടും, കറണ്ടിന്റെ വെട്ടം പതിയെ വന്നാൽ മതിയെന്ന് തീരുമാനമെടുക്കുന്ന പഴയ പള്ളിലച്ചൻമാരിലും എലിസബത്തുണ്ട്. കാര്യങ്ങൾ എളുപ്പമാക്കാനും സുഖമാക്കാനും വേണ്ടി അരുതാത്ത താത്പര്യങ്ങൾക്കും പദ്ധതികൾക്കും പിന്നാലെ പാഞ്ഞോടുമ്പോൾ ദൈവത്തിന്റെ കയ്യടയാളം പതിപ്പിച്ച ചില സ്പീഡ് ബ്രേക്കറുകൾ ജീവിതത്തിൽ ഘടിപ്പിക്കുന്നത് നല്ലതാണ്.

ചിലയാളുകടെ തീരുമാനങ്ങൾ കൂട്ടത്തിലുള്ളവരെപ്പോലും ആശ്ചര്യപ്പെടുത്തുന്നതാണ്. അരയിൽ രണ്ടേ രണ്ടു ചെമ്പ് നാണയമേ ഉള്ളൂവെന്നറിഞ്ഞിട്ടും രണ്ടും ഭണ്ഡാരത്തിന്റെ ഇരുട്ടിലേക്കെറിയാൻ തീരുമാനിച്ചവൾ ക്രിസ്തുവിനെ അത്ഭുതപ്പെടുത്തി! നഗരത്തെ മുഴുവൻ പട്ടു ചുറ്റിക്കാനുള്ള ചേലകൾ അന്തഃപ്പുരത്തിലുണ്ടായിട്ടും ഉടുതുണി പോലും വേണ്ടെന്നുരിയാടി തുണിയഴിച്ചിറങ്ങിയപ്പോൾ ഭ്രാന്തൻ ഫ്രാൻസിസിന്റെ തീരുമാനം ലോകത്തെ ഇന്നും ആശ്ചര്യക്കൊടി ചൂടിക്കുന്നു. ഞാൻ മരിച്ചാലും എന്റെ കുഞ്ഞ് പിറക്കണം' എന്ന് തീരുമാനിച്ച ജാന്ന പുണ്യവതിയുടെ നിഷ്ഠയും കുടുംബം തകരുമെന്നുറപ്പുള്ളതിനാൽ പ്രണയിക്കില്ലെന്ന് തീരുമാനിച്ച ഏതോ ഒരു പെണ്ണിന്റെ തീരുമാനവും ദൈവതീരുമാനങ്ങൾക്ക് തുല്യം. 'ആളുകളെന്ത് വിചാരിക്കും' എന്ന ചിന്തയാൽ നാം ചെയ്യാൻ മടിക്കുന്ന നന്മകളും, കൂപ്പാതെ മാറ്റി നിർത്തുന്ന കൈകളും അവനവന്റെ ഇഷ്ടങ്ങളുടെ ലക്ഷണങ്ങളാണ്. ആളുകളെന്നെപറ്റി എന്ത് വിചാരിക്കുമെന്നതിനേക്കാൾ ദൈവം എന്നെപ്പറ്റി എന്ത് വിചാരിക്കുന്നു. ദൈവം എന്നിൽ നിന്നും എന്താഗ്രഹിക്കുന്നു എന്നതിനാകട്ടെ പ്രാധാന്യം.

✦

**യേശു എന്നു പേരിടണം:** യൗസേപ്പിതാവിനു സ്വപ്നത്തിൽ ലഭിക്കുന്ന പേരിടാനുള്ള ദൗത്യവും പേരും ചിന്തനീയമാണ്. പരിശുദ്ധാത്മാവിലൂടെ മറിയത്തിന്റെ ഉദരത്തിൽ ഉരുവായ ദൈവപുത്രനു പേരിടുവാൻ, പേരു ദൈവദൂതൻ നിർദ്ദേശിക്കുകയാണ്. പഴയനിയമത്തിൽ രൂപവും പേരുമില്ലാതെ മറഞ്ഞിരുന്നു സംസാരിക്കുകയും പരിപാലിക്കുകയും ചെയ്ത ദൈവം ഇവിടെ രൂപവും പേരും സ്വീകരിക്കുവാൻ ഒരുങ്ങുകയാണ്. ഈ പേരിടൽ കർമം നിർവഹിക്കുന്നതിലൂടെ ജോസഫ് നിയമപരമായി മറിയത്തിന്റെ ഭർത്താവും യേശുവിന്റെ വളർത്തുപിതാവുമാവുകയാണ്.

യേശു എന്ന പേരിന് അർത്ഥം ദൈവം രക്ഷിക്കുന്നു അഥവാ ദൈവം നമ്മുടെ രക്ഷകനാകുന്നു എന്നാണ്. പഴയ ഹെബ്രായ/ അരമായ ഭാഷയിലെ 'യഹോഷുവ' എന്ന പദം ഗ്രീക്കു ഭാഷയിൽ 'യേസൂസ്' എന്നു വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. ജീസസ്, ഈശോ, ജോഷ്വാ എന്നീ പേരുകൾ ഈ പദത്തിന്റെ വ്യത്യസ്തങ്ങളായ ഭാഷാന്തരങ്ങളാണ്. ബൈബിളിലെ പേരുകൾക്കു നാമധാരികളായ വ്യക്തികളുടെ സ്വാഭാവവും ദൗത്യവുമായി ബന്ധമുണ്ട്. ഇപ്രകാരം യേശു എന്ന പേര് അവിടുത്തെ ദൈവസ്വഭാവത്തിന്റെയും മനുഷ്യാവതാരത്തിന്റെ ഉദ്ദേശത്തെയും വെളിവാക്കുന്നു. വചനം തന്നെ ആ ദൗത്യത്തെ എടുത്തുപറയുന്നു. എന്തെന്നാൽ, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു മോചിപ്പിക്കും (മത്താ. 1:21). തിരുപ്പിറവിയുടെ ലക്ഷ്യം ജനത്തെ പാപങ്ങളിൽനിന്നും രക്ഷിക്കുക എന്നതാണ്. ദൈവം എന്റെ രക്ഷകനാണെന്നും അവിടുന്നു യേശുവിലൂടെ പേരും രൂപവും സ്വീകരിച്ച് എനിക്കായി പിറക്കുന്നതുമാണു ക്രിസ്മസ്.

**എമ്മാനുവേൽ:** യേശുവിലൂടെ, യേശുവിൽ ദൈവം നമ്മോടുകൂടെ വസിക്കുന്നു. 'വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു' (യോഹ. 1:21) ഫ്രാൻസിസ് മാർപാപ്പയുടെ കരുണയുടെ വർഷവും നമ്മെ ഓർമപ്പെടുത്തുന്നതുപോലെ ദൈവ കരുണയുടെ മുഖമായി യേശു ഭൂജാതനാകുന്നു. എന്നാൽ ഈ മനുഷ്യാവതാരം മനുഷ്യകുലത്തിന്റെ കാത്തിരിപ്പിന്റെ പര്യവസാനവും പ്രവാചകഗ്രന്ഥത്തിൽ മുൻകൂട്ടി എഴുതപ്പെട്ടതുമായി (ഏശ. 7:14) സുവിശേഷകൻ വരച്ചു കാണിക്കുന്നു.

ഉത്പത്തിയുടെ പുസ്തകം മുതൽ വി. ഗ്രന്ഥത്തിലൂന്നി പ്രത്യക്ഷമായും പരോക്ഷമായും വായിക്കുന്ന സന്ദേശങ്ങളിലൊന്നാണു ദൈവം തന്റെ ജനത്തിന്റെ കൂടെയുണ്ട് എന്നത്. പഴയനിയമ ജനതയുടെ വിശ്വാസത്തിന്റെ കേന്ദ്രസ്ഥാനത്തു നില്ക്കുന്ന പുറപ്പാട് അനുഭവവും വാഗ്ദത്ത നാട്ടിലേക്കുള്ള യാത്രയും ദൈവം കൂടെയുണ്ടെന്ന ബോദ്ധ്യത്തിലേക്ക് അവരെ നയിച്ചു. യാത്രയിൽ പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നിസ്തംഭത്തിലും കർത്താവ് മുമ്പേ നടന്നിരുന്നു (പുറ. 13:21). മൂശയോട് അവിടുന്ന് അരുൾ ചെയ്തു: "ഞാൻ നിന്നോടുകൂടെയുണ്ടായിരിക്കും" (പുറ. 3:). ജോഷ്വയോടു പറയുന്നു: "നിന്റെ ദൈവമായ കർത്താവ് നീ പോകുന്നിടത്തെല്ലാം

വചനധാര



മത്താ. 1:18 – 24 2017 ഡിസംബർ 24

## വചനസന്ദേശം

റവ. ഫാ. ജേക്കബ് കൊഴുവള്ളി

# സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു

ഗലീലിയ നസറത്ത് എന്ന പട്ടണത്തിൽ താമസിച്ചിരുന്ന ജോസഫ് എന്ന ചെറുപ്പക്കാരനുണ്ടായ ആത്മസംഘർഷം അവതരിപ്പിച്ചുകൊണ്ടാണ് ഇന്നത്തെ സുവിശേഷഭാഗം ആരംഭിക്കുന്നത്. താനുമായി വിവാഹം നിശ്ച യിച്ചിരുന്ന മറിയം എന്ന യുവതി താനറിയാതെ ഗർഭിണിയായിരിക്കുന്നു. അയാൾക്ക് സങ്കടമായി. അവൾ തന്നോട് ഇത്ര വലിയ ചതികാണിക്കുമെന്ന് ജോസഫ് കരുതിയിരുന്നില്ല. ഇതേക്കുറിച്ചോർത്ത് സങ്കപ്പെട്ടു നടന്ന ദിവസ ങ്ങളിൽ തച്ചനായ ജോസഫിനോട് ഒരുപക്ഷേ അനേകം പേർ അദ്ദേഹ ത്തിന്റെ സങ്കടകാരണം തിരക്കിയിരുന്നിരിക്കാം. എങ്കിലും തന്നെ വഞ്ചിച്ചെന്ന്

---

21 ▶ നിന്നോടുകൂടെ ഉണ്ടായിരിക്കും" (ജോഷ്വ 1:9). ഭയപ്പെട്ടു വിളിയിൽ നിന്നും ദൗത്യത്തിൽനിന്നും പിന്മാറാൻ ശ്രമിക്കുന്ന ജെറെമിയയോടും ഏശയ്യയോടും അവിടുന്നു പറയുന്നു; "ഭയപ്പെടേണ്ട, ഞാൻ കൂടെയുണ്ട്" (ജെറ. 1:8; ഏശ. 41:10). മറിയത്തിനു ലഭിക്കുന്ന മംഗളവാർത്തയുടെ ഉള്ളടക്കവും "ദൈവ കൃപ നിറഞ്ഞവളേ സ്വസ്തി! കർത്താവു നിന്നോടുകൂടെ" (ലൂക്കാ 1:28) എന്നതാണല്ലോ.

പൂർവികരിലൂടെയും പ്രവാചകരിലൂടെയും "ദൈവം നമ്മോടുകൂടെ" എന്ന ബോദ്ധ്യത്തിലേക്കും രക്ഷയിലേക്കും നയിച്ച ദൈവമിതാ യേശുവിൽ നമ്മോടുകൂടെ വസിക്കുന്നു. ഇനിമേൽ ദൈവത്തെ അകലങ്ങളിലോ ഉയ രങ്ങളിലോ അന്വേഷിക്കണ്ട, അവിടുന്നു നമ്മോടുകൂടെയുണ്ട്. യുഗാന്ത്യം വരെ കൂടെയുണ്ടായിരിക്കും (മത്താ. 28:2). മനുഷ്യാവതാരം ചെയ്ത യേശു വിന്റെ മാറാത്ത വാഗ്ദാനമുണ്ട്. കൂടെയുള്ള ദൈവത്തെ തിരിച്ചറിയുന്നതും സ്വീകരിക്കുന്നതുമാണു ക്രിസ്മസ്. ദൈവം കൂടെയില്ലാത്തതല്ല, കൂടെയു ണ്ടെന്നുള്ള തിരിച്ചറിവില്ലാത്തതാണു പല വിശ്വാസ പ്രതിസന്ധിക്കും കാര ണം. യേശു, എമ്മാനുവേൽ എന്നീ പേരുകൾ പറയുന്നതു ദൈവം നമ്മെ രക്ഷിക്കുകയും നമ്മുടെകൂടെ ആയിരിക്കുകയും ചെയ്യുന്നു എന്നാണെങ്കിൽ നമുക്കും അവിടുത്തോടു കൂടെയായിരിക്കാം, ദൂരെയിരുന്നു നിരീക്ഷിക്കു കയും കല്പിക്കുകയും വിധിക്കുകയും ചെയ്യുന്ന ദൈവമല്ല, കൂടെയായി രുന്ന് കരുണ കാണിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന എമ്മാനുവേൽ ആണ് അവിടുന്ന്. ✦

വചനധാര

കരുതിയ ആ സ്ത്രീയെ അപമാനിതയാക്കാൻ അയാൾ ഒട്ടുംതന്നെ ഇഷ്ട പ്പെടുന്നില്ല, ഒരു വാക്കുപോലും കുറ്റമായി പറയുന്നില്ല. സംസാരത്തിൽ തെറ്റു വരുത്താത്തവൻ പൂർണ്ണനാണെന്ന തിരുവചനം ഓർക്കുക. തന്റെ ശരീരത്തെ മുഴുവൻ നിയന്ത്രിക്കാൻ അവനു കഴിയും (യാക്കോ 3/2). യൗസേപ്പ് ബ്രഹ്മ ചാരിയായി ജീവിതകാലം മുഴുവൻ ജീവിച്ചതിന്റെ ഒരു രഹസ്യവും ഇതാ യിരിക്കില്ലേ? തിരുവചനം തുടർന്നു പറയുന്നു, അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടാ യ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു. (മത്താ 1/19) ആരുടെയും മുന്നിൽ സങ്കടപ്പെടാതെ, കണ്ണീരൊഴുക്കാതെ, മറിയത്തെ നാണം കെടുത്താതെ കുലീനയായ ആ മനുഷ്യൻ അവളെ രഹസ്യമായി ഉപേക്ഷി ക്കാൻതന്നെ തീരുമാനിക്കുന്നു. തീരുമാനിച്ചുറപ്പിച്ച ശേഷം അയാൾ വീണ്ടും ഇതേപ്പറ്റി ആലോചിച്ചുകൊണ്ടിരുന്നുവെന്ന വെളിപ്പെടുത്തൽ തന്റെ തീരു മാനങ്ങളുടെ ശരി-തെറ്റുകളെ ദൈവഹിതമെന്ന ആലയിലെ മൂശയിലിട്ട് വേർതിരിച്ചെടുക്കുന്ന വിധേയത്വത്തിന്റെ വലിയ മാതൃകയാണ് വെളിപ്പെടു ത്തുന്നത്. അതാണ് അയാളെ ഒരു പടികൂടെ മുന്നോട്ടെടുക്കാൻ ശക്തനാ ക്കുന്നത്. അങ്ങനെ, മറിയത്തെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനി ക്കുന്നിടത്തുനിന്ന്, ഒടുവിൽ അവളെ പരസ്യമായി സ്വീകരിക്കാൻ സന്നദ്ധനാ കുന്നിടത്താണ് ഈ വചന ഭാഗത്തിന്റെ അതിമനോഹരമായ ക്ലൈമാക്സ്.

## പ്രാർത്ഥനയിൽ തീരുമാനം മെനയുന്ന യൗസേഫ്

സ്വപ്നത്തിനു മുമ്പും പിമ്പും ജോസഫിന്റെ തീരുമാനങ്ങൾ വളരെ വ്യത്യസ്തമാണ്. സ്വപ്നത്തിനിടയിലാണ് ദൈവദൂതന്റെ ദർശനമുണ്ടാകു ന്നതും തീരുമാനങ്ങൾ മാറിമറിയുന്നതും. സ്വപ്നം പഴയനിയമ കാഴ്ചപ്പാ ടിൽ ദൈവം സംസാരിക്കുന്ന രീതിയാണ്, അതൊരു പ്രാർത്ഥനയാണ്. ചുരു ക്കത്തിൽ ജോസഫ് പ്രാർത്ഥനയിലായിരുന്നെന്ന് സാരം. അങ്ങനെ വരു മ്പോൾ, പ്രതിസന്ധികളുടെയും, പ്രതിബന്ധങ്ങളുടെയും ഘട്ടത്തിൽ പ്രാർത്ഥനയുടെ ശക്തിയിൽ ജോസഫ് ഉത്തരം കണ്ടെത്തുന്നു. ജീവിത ത്തിൽ വിവിധങ്ങളായ പ്രതിസന്ധികളിലൂടെ കടന്നുപോകുന്നവരും തീരു മാനമെടുക്കാനാകാതെ അസ്വസ്ഥരായി നിൽക്കുന്നവരുമാണ് നാം, ഉത്തരം കിട്ടാത്ത നിമിഷങ്ങളിൽ വിശ്വാസത്തോടെയുള്ള പ്രാർത്ഥനയിൽ ദൈവം തന്റെ ദൂതനെ അയച്ച് നമ്മെ നേർവഴിയിൽ നയിക്കുമെന്നതാണ് വി. യൗസേ പ്പിതാവ് നൽകുന്ന ഒരു സന്ദേശം. ദൈവസാന്നിധ്യത്തിൽ എടുക്കാത്ത തീരു മാനങ്ങൾ ചില്ലുകൊട്ടാരം പോലെ തകർന്നടിയുന്ന കാഴ്ചകൾ വിശുദ്ധ ബൈബിളിൽ സുലഭം. സാമുവേലിന്റെ പുസ്തകം നമ്മുടെ മുന്നിൽ കൊണ്ടുവ രുന്ന ഇസ്രായേലിലെ ആദ്യത്തെ രാജാവായ സാവൂളാണ് ഇതിൽ ഒന്നാ മൻ. ഇസ്രായേലിലെ ഗോത്രങ്ങളിൽ ഏറ്റവും ചെറിയ ഗോത്രമായ ബഞ്ച മിൻ ഗോത്രത്തിലെ ഏറ്റവും എളിയ കുടുംബമായ മിത്രി കുടുംബാംഗമാ യിരുന്നിട്ടും ദൈവം തന്റെ കൃപയാൽ തെരഞ്ഞെടുത്ത സാവൂളിന് ദൈവ ത്തിന്റെ സ്വരം കാത്തുനിൽക്കാനുള്ള സാവകാശം ഉണ്ടായിരുന്നില്ല. ഫിലി

വചനധാര

സ്ത്യരുമായുള്ള യുദ്ധത്തിൽ ദൈവഹിതത്തിനു വില കല്പിക്കാതെ ഇറങ്ങിപ്പുറപ്പെട്ട സാവൂളിന്റെ നാശം സാമുവേലിന്റെ ഒന്നാം പുസ്തകം വിവരിക്കുന്നു (1 സാമു 10).

## പ്രാർത്ഥനയിലെ തീരുമാനം മരണ തുല്യമാണ്

സംഘർഷവേളയിൽ പ്രാർത്ഥനയിൽ ദൈവസ്വരത്തിന് കാതോർത്ത് ഒരു തീരുമാനത്തിലേക്ക് അടുക്കുന്ന ഒരു വിശ്വാസി അനുഭവിക്കുന്ന നീറ്റലും വേദനയും യൗസേപ്പിതാവിന്റെ കാര്യത്തിൽ നാം കാണുന്നുണ്ട്. എല്ലാ തീരുമാനങ്ങളിലും ഒരു മരണമുണ്ട്. decide, suicide, pesticide എന്നീ വാക്കുകൾ നമുക്ക് പരിചിതങ്ങളാണ്. ഈ എല്ലാ വാക്കുകളും അവസാനിക്കുന്നത് cide – എന്ന വാക്കിലാണ്. decide –ലും ഒരു രശറല ഉണ്ടെന്ന് ഓർക്കുക. തീരുമാനം മരണമാണ്, ത്യാഗമാണ്. ഈ മരണത്തിനുള്ള സമ്മതമാണ് ജോസഫിന്റെ തീരുമാനത്തിലുമുള്ളത്. തീരുമാനമെടുത്ത് തീരുമാനത്തിലടങ്ങിയിരിക്കുന്ന തന്റെ പ്രതീക്ഷകളുടെയും ആഗ്രഹങ്ങളുടെയുമൊക്കെ മരണത്തെ സന്തോഷത്തോടെ സ്വീകരിച്ച്, ദൈവദൂതന്റെ വാക്കുകളെ അന്ധമായി വിശ്വസിക്കുന്ന യൗസേപ്പിതാവിന്റെ ജീവിതം നമുക്ക് മാതൃകയാകേണ്ടതാണ്. ഈ തീരുമാനത്തിന്റെ പേരിൽ ജോസഫിന് നഷ്ടമായ ദാമ്പത്യബന്ധം, അപ്പനാകാനുള്ള അവസരം ഇതെല്ലാം ത്യാഗത്തിന്റെ വശങ്ങളാണ്. ഗത്സെമനിയിലെ സംഘർഷങ്ങൾക്കൊടുവിൽ കുരിശെടുക്കുവാൻ തീരുമാനിക്കുന്ന ക്രിസ്തുവും ഒരു തീരുമാനത്തിന്റെ ഫലമായ മരണമാണ് സ്വയം എറ്റെടുക്കുകയാണ്. പിതാവിന്റെ ഹിതത്തിനു സ്വയം സമർപ്പിക്കുന്ന ക്രിസ്തു കുരിശിൽ ബലിയായിത്തീരുന്നു. ഈ സമർപ്പണത്തിന് ഈശോ പ്രേരിപ്പിക്കുന്നത് സ്നേഹമാണ്. തന്റെ ജീവിതം അർപ്പിക്കാൻ യൗസേപ്പിനെ പ്രേരിപ്പിക്കുന്നതും ദൈവത്തോടുള്ള അഗാധമായ സ്നേഹമാണ്. സ്നേഹത്തിന്റെ ഉന്നതി മരണമാണെന്ന് ഈശോ വെളിവാക്കുന്നുണ്ട്. സ്നേഹിതനുവേണ്ടി ജീവനർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല.

പി.ഒ.സി.യിൽവച്ചു നടക്കുന്ന ഈ വർഷത്തെ കെ.സി.ബി.സി. അഖില കേരള നാടക മത്സരത്തിൽ തിരുവനന്തപുരം സൗപർണിക അവതരിപ്പിച്ചത് സഹയാത്രികന്റെ ഒരു ഡയറിക്കുറിപ്പ് എന്ന നാടകമായിരുന്നു. എകമകൾക്കുവേണ്ടി ജീവിക്കുന്ന ഒരപ്പനും അമ്മയും. ഒരു വൈകുന്നേരം മകളെ കാണുന്നില്ല. സാധ്യതയുള്ളിടത്തെല്ലാം അന്വേഷിച്ചു – ഫലമുണ്ടായില്ല. വീടിനകത്തെ കട്ടിലിനടിയിൽ മിണ്ടാതെ ഒളിച്ചുകിടന്ന അവളെ ആരും കണ്ടതുമില്ല. ഒടുവിൽ, വീടിനടുത്ത പറമ്പിലെ കിണറ്റിൽ അവൾ കളിച്ചുകൊണ്ടിരുന്ന പന്ത് കിടക്കുന്നതു കണ്ട് അമ്മ വെപ്രാളത്തിൽ കിണറ്റിലേക്കെടുത്തുചാടി – മകളെയും പ്രതീക്ഷിച്ചുകൊണ്ട്. എടുത്തുചാടുമ്പോൾ, തനിക്കു നീന്തലറിയില്ലല്ലോയെന്ന യാഥാർത്ഥ്യത്തെക്കുറിച്ചൊന്നും അവൾ ചിന്തിച്ചില്ല. മകൾ കിണറ്റിലുണ്ടോയെന്ന് ആളെക്കൂട്ടി അന്വേഷണവും നടത്തിയില്ല. പരിചയസമ്പന്നരായ ആരെയെങ്കിലും സഹായത്തിനു വിളിച്ചതുമില്ല. മകളുടെ കുഞ്ഞുകുസൃതിക്ക് കൊടുക്കേണ്ടിവന്നത് അവളെ പ്രാണനുതുല്യം സ്നേ

ഹിച്ച അമ്മയുടെ ജീവനാണ്. ദൈവദൂതന്റെ അറിയിപ്പിന് സമ്മതം മൂളു മ്പോൾ, ഇതുപോലുള്ള ഒരെടുത്തു ചാട്ടത്തിനും ജീവിതയർപ്പണത്തിനും ജോസഫ് സ്വയം വിട്ടുകൊടുക്കുകയായിരുന്നു.

## പ്രാർത്ഥനയിലെ തീരുമാനം വിശ്വാസത്തിന്റെ പ്രവൃത്തിയാണ്

അന്ധകാരത്തിലേക്കുള്ള ഒരു എടുത്തുചാട്ടമാണ് വിശ്വാസമെന്നാണ് സുപ്രസിദ്ധ ഡാനീഷ് തത്ത്വചിന്തകനായ സോറൻ കീർക്കഗാഡ് പറയു ന്നത്. സ്നേഹവും വിശ്വാസവും പലപ്പോഴും അങ്ങനെയാണ്. ആത്മാർത്ഥ മായങ്ങു വിശ്വസിച്ചു പോകും. ഒടുവിൽ കാത്തിരിക്കുന്ന ദുരന്തങ്ങളെപ്പറ്റി യോ വാക്കുകളിൽ പതിയിരിക്കുന്ന ചതികളെപ്പറ്റിയോ അക്ഷരങ്ങൾ തീർ ക്കുന്ന വൈരുദ്ധ്യാത്മകതളെപ്പറ്റിയോ ചിന്തിക്കുവാൻ അവിടെ ഇടമില്ല. വിശ്വാസം യുക്തിക്കു മുന്നിൽ തോറ്റുകൊടുക്കുന്ന സമയമാണത്. അതു കൊണ്ടാണല്ലോ Blaise Pascal ഇങ്ങനെ പറഞ്ഞത്. The heart has its own reason which reason does not know അങ്ങനെയാണ് – യുക്തിക്കുപോലും അറിയാത്ത പല കാര്യങ്ങളും ഹൃദയത്തിന് സ്വന്തമായുണ്ട്. തീരുമാനങ്ങ ളുടെ വരും വരായ്കകളെപ്പറ്റി ചിന്തിക്കാതെ നടത്തുന്ന അന്ധമായ ഒരു എടുത്തുചാട്ടം. യൗസേപ്പിതാവും ഇങ്ങനെയൊക്കെത്തന്നെയായിരുന്നു. ഉറ ക്കത്തിൽ അയാളോട് ദൂതൻ പറയുന്ന കാര്യങ്ങൾ തികച്ചും അഗ്രാഹ്യമാ ണ്. മറിയത്തിന്റെ പരിശുദ്ധാത്മാവിലുള്ള ഗർഭധാരണത്തെക്കുറിച്ചോ, ജനി ക്കാൻ പോകുന്ന കുഞ്ഞ് ലോകരക്ഷകനായിരിക്കുമെന്ന അറിയിപ്പിനെക്കു റിച്ചോ ജോസഫിന് കാര്യമായ നിശ്ചയമുണ്ടാകാൻ വഴിയില്ല. എത്ര ചിന്തി ച്ചിട്ടും ഇതിന്റെയൊന്നും അർത്ഥം അയാൾക്ക് പൂർണ്ണമായും ഉൾക്കൊള്ളാ നായിട്ടുണ്ടാവില്ല. പഴയനിയമത്തിൽ ദൈവം അബ്രാഹത്തോടു ചോദിച്ച ചോദ്യം അയാൾ അപ്പോൾ ധ്യാനിച്ചിട്ടുണ്ടാകും. അടുത്ത വസന്തത്തിൽ ഞാൻ തിരിച്ചുവരുമ്പോൾ സാറായ്ക്ക് ഒരു മകനുണ്ടായിരിക്കുമെന്ന് കർത്താവ് പറഞ്ഞതുകേട്ട് ചിരിച്ച സാറായോട് അവിടുന്ന് മറുപടി പറയു ന്നുണ്ട്. കർത്താവിനു കഴിയാത്തതു എന്തെങ്കിലുമുണ്ടോ?

ജോസഫിനെപ്പോലെ പ്രാർത്ഥനാന്തരീക്ഷത്തിൽ നമ്മുടെ തീരുമാ നങ്ങൾ വിരിയാൻ സ്വയം നിഗ്രഹിക്കുന്ന, അപരന് നന്മയുളവാകുന്ന പ്രവൃ ത്തികളുമായി നാം മുന്നോട്ട് പോകണം. ഇതൊരു എടുത്തുചാട്ടമാണ്. മനു ഷ്യനെ പാപത്തിന്റെ ബന്ധനത്തിൽ നിന്ന് മോചിപ്പിക്കാൻ രാത്രിയിലെ ഏകാന്ത പ്രാർത്ഥനയിൽ തീരുമാനം സ്വീകരിച്ച ഈശോ നടത്തിയ എടുത്തു ചാട്ടമാണ് കുരിശിലെ മരണം. പ്രാർത്ഥനാപൂർവ്വം ജീവിതത്തിൽ തീരുമാന ങ്ങളെടുക്കുവാനും ദൈവഹിതത്തെ അന്ധമായി പിൻതുടരുവാനുള്ള കൃപ യ്ക്കുവേണ്ടി ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ✦

വചനധാര

2017 ഡിസംബർ 25

വചനഭാഷ്യം ക്രിസ്തുമസ്

ലൂക്കാ 2:1-2 റവ. ഡോ. വർഗ്ഗീസ് ചിറപ്പറമ്പൻ വി.സി.

# ക്രിസ്മസ് ശൂന്യവത്കരണത്തിന്റെ സുവിശേഷം

സാമാന്യം നീണ്ട ഒരു വായനയാണ് ഈ ക്രിസ്മസ് നാളിൽ സഭാമാതാവു നമ്മുടെ വിചിന്തനത്തിനായി നല്കിയിരിക്കുന്നത്. ഈ സുവിശേഷഭാഗത്തെ മൂന്നു ഭാഗങ്ങളായി തിരിക്കാം: 1. യേശുവിന്റെ ജനനം (1-7); 2. ഇടയന്മാർക്കു ലഭിച്ച സന്ദേശം (8-14); 3. ഇടയന്മാരുടെ പ്രതികരണം (15-20). ശ്രദ്ധേയമായ ഒരു കാര്യം യേശുവിന്റെ ജനത്തിന്റെ വിവരണത്തേക്കാൾ പ്രാധാന്യം 'രക്ഷയുടെ സദ്വാർത്തയ്ക്ക് നല്കിയിരിക്കുന്നു. ഈ ശിശു ആരെന്നും എന്തൊക്കെ സവിശേഷതകളുണ്ടെന്നതിലാണു ലൂക്കായുടെ ഊന്നൽ. അതേസമയം ഒരു ചരിത്രവിവരണത്തിന്റെ ശൈലിയിലൂടെ ലൂക്കാ സുവിശേഷകൻ തിരുപ്പറവിയെ ചിത്രീകരിച്ചിരിക്കുന്നത്. ലോകമാസകലമുള്ള ജനങ്ങളുടെ സെൻസസിന്റെ പശ്ചാത്തലത്തിൽ പേരെഴുതിക്കാൻ ജോസഫും മേരിയും നസ്രത്തിൽനിന്നും ബെത്‌ലഹേമിലെത്തിയപ്പോൾ ജനനം സംഭവിച്ചതായി വിവരിച്ചിരിക്കുന്നു. ഇപ്രകാരം യേശുവിന്റെ ജനനത്തെ സീസറിനോടും ലോകം മുഴുവനോടുതന്നെയും ബന്ധപ്പെടുത്തുകയും ദൈവം മുൻകൂട്ടി നിശ്ചയിച്ചതുപോലെ (മിഖാ. 5:1-2) ബേത്‌ലഹേമിൽ അവിടുന്നു ജനിച്ചു എന്നു കാണിക്കുകയുമാണു ലക്ഷ്യം.

ചെറുതാകലിന്റെയും ശൂന്യവത്കരണത്തിന്റെയും സുവിശേഷമാണു ക്രിസ്മസ്. ഈ എളിമയുടെയും ഇല്ലാതാകലിന്റെയും സുവിശേഷം യേശുവിന്റെ ജനനത്തിന്റെ മാത്രമല്ല, ജീവിതത്തിന്റെയും പഠിപ്പിക്കലിന്റെയും കാതലാണെന്നു പറായം. ലോകദൃഷ്ട്യാ വലുതും ശ്രേഷ്ഠവുമായി കരുതിയിരുന്ന പലതിനെയും നിസ്സാരവും അർത്ഥശൂന്യവുമാക്കുന്നതും എന്നാൽ ലോകം അവ്യക്തതയോടെ നോക്കുന്നവയെയും നോക്കുന്നവരെയും വലിയവരും ശ്രേഷ്ഠരുമായി കാണുന്ന സദ്വാർത്തയാണിത്. ഈ സവിശേഷത പ്രകടമാക്കുന്ന ഏതാനും പ്രതീകങ്ങൾ ഇന്നത്തെ സുവിശേഷം ചൂണ്ടിക്കാണിക്കുന്നുണ്ട്.

**നസ്രായൻ:** ലോകം കാത്തിരിക്കുന്ന മിശിഹായുടെ ജനനം ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്നതു രാജകൊട്ടാരത്തിലാണ്. എന്നാൽ ദൈവം

തിരഞ്ഞെടുത്തതോ വിജാതീയരുടെ ഗലീലിയിലെ കൊച്ചുഗ്രാമമായ നസ്രത്തിലെ ജോസഫിനെയും മേരിയെയും. അവിടെനിന്ന് ഒരു പ്രവാചകനും ഒരു നന്മയും വരില്ല എന്നാണു യഹൂദർ ധരിച്ചിരുന്നത്. എന്നാൽ ദൈവം ഈ എളിയ ഗ്രാമത്തെയും എളിയ മനുഷ്യരെയും തിരഞ്ഞെടുത്തു. വാഗ്ദാനം നിറവേറുവാൻ മാതാപിതാക്കൾ അലഞ്ഞുതിരിഞ്ഞു ബേത്ലഹേമിലെത്തിയപ്പോൾ യേശുവിന്റെ ജനനം.

**പുൽത്തൊട്ടി:** 'പുൽത്തൊട്ടി' എന്നതു 'ഫാറ്റ്നേ' എന്ന ഗ്രീക്കുവാക്കിന്റെ തർജ്ജമയാണ്. ഈ വാക്കിനു 'തൊഴുത്ത്' എന്നും അർത്ഥമുണ്ട്. കാത്തിരിപ്പിന്റെ പൂർത്തീകരണമായി മന്നിൽ മനുഷ്യപുത്രൻ ജനിക്കുന്നതു കാലിത്തൊഴുത്തിൽ. "കാരണം, സത്രത്തിൽ അവർക്കു സ്ഥലം ലഭിച്ചില്ല" (2:7). ബലവാനായ ദൈവം ബലഹീനനായ മനുഷ്യനായി അവതരിക്കുകയും അവരേക്കാൾ ശൂന്യമായ അവസ്ഥയിൽ ജനിക്കുകയും ചെയ്യുന്നു. രാജാവാകേണ്ടവൻ പുൽത്തൊട്ടിയിൽ കാലികളുടെ മദ്ധ്യേ ജനിച്ചു. അതുകൊണ്ടുതന്നെ ചെറുതാകലിന്റെയും എളിമപ്പെടലിന്റെയും സന്ദേശമാണു തിരുപ്പിറവി. ഈ വൈരുദ്ധ്യം ജനനത്തിൽ മാത്രമല്ല, യേശുവിന്റെ ജീവിത്തിലുടനീളം കാണാം. അവിടുന്നു രാജാവായി ജെറുസലേമിലേക്കു വരുന്നതു കഴുതപ്പുറത്താണ്. പഠിപ്പിക്കുന്നതു ദരിദ്രർ ഭാഗ്യവാന്മാരാണ് എന്നും; "നിങ്ങളിൽ ഏറ്റവും ചെറിയവൻ ആരോ അവനായിരിക്കും ഏറ്റവും വലിയവൻ" (ലൂക്കാ 9:46) എന്നുമാണ്. കൊച്ചുകാശ് നേർച്ചപ്പെട്ടിയിലിട്ട വിധവയുടേത് ഏറ്റവും വലിയ സംഭാവനയായി കരുതി ( ലൂക്കാ 21:3).

**ആട്ടിടയന്മാർക്കു സൗഭാഗ്യം:** പുൽത്തൊട്ടിയിൽ നിന്നു രാത്രിയിൽ ആടുകൾക്കു കാവലിരിക്കുന്ന ആട്ടിടയന്മാരുടെ അടുക്കലേയ്ക്കാണു സുവിശേഷകൻ നീങ്ങുന്നത്. വിനീതരും എളിയവരുമായ അവർക്കാണു തിരുപ്പിറവിയുടെ സദ്വാർത്ത ആദ്യം ലഭിക്കുന്നത്. സമൂഹത്തിൽ സ്ഥാനമാനങ്ങളോ കുലമഹിമയോ ഇല്ലാത്ത ആട്ടിടയർ ദരിദ്രരുടെ പ്രതിനിധികളാണ്. സമൂഹത്തിലെ ചൂഷണത്തിനും അനീതിക്കും നിയമവാഴ്ചയ്ക്കും വിധേയരായി പുറമ്പോക്കിലേക്കു തള്ളപ്പെട്ട പാപികളുടെയും പാവപ്പെട്ടവരുടെയും പ്രതിനിധികളുമാണവർ. വലിയ ഇടയനായ ക്രിസ്തു ബെത്ലഹേമിൽ ജനിച്ച വാർത്ത ആദ്യം ഇടയന്മാർക്കു ലഭിക്കുമ്പോൾ ഓർമിക്കപ്പെടുന്നതു ബേത്ലഹേമിൽ ജനിച്ച ഇടയനായിരുന്ന, പിന്നീടു രാജാവായി മാറിയ ദാവീദിനെയാണ്. ക്രിസ്മസിന്റെ സന്ദേശം നിന്ദിതർക്കും നിരാശ്രയർക്കും ദൈവമഹത്ത്വം വെളിവാക്കപ്പെടുന്നു എന്നതാണ്. ഒപ്പം സമ്പൂർണ മോചനത്തിന്റെ സദ്വാർത്തയുമാണു ക്രിസ്മസ്: "ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും (ലൂക്കാ 4:18).

പൂജരാജാക്കന്മാരുടെ അനുഭവവും എളിമയുടെ സുവിശേഷത്തെ ഊട്ടിയുറപ്പിക്കുന്നു. രാജാധിരാജനെ അന്വേഷിച്ചു ഹേറോദേശിന്റെ കൊട്ടാരത്തിലെത്തുന്ന അവർ ഒടുവിൽ ദിവ്യശിശുവിനെ കണ്ടെത്തുന്നതു കാലി

വചനധാര



ലൂക്കാ 2:1 – 20 2017 ഡിസംബർ 25

# വചനസന്ദേശം

**റവ. ഫാ. മഞ്ജുൾ കിലുക്കൻ**

വീണ്ടുമൊരു ക്രിസ്മസ് രാവ്. ഒരുപാട് പിറവികൾക്കു നടുവിൽ തിരുപ്പിറവി വ്യത്യസ്തമാകുന്നത്, അത് പുൽക്കൂട്ടിൽ ഒരുക്കപ്പെട്ടതോ, കന്യകയുടെ ഉദരത്തിൽ ഉരുവാക്കപ്പെട്ടതോ മാത്രമല്ലെന്ന് നമുക്കറിയാം. തിരുപ്പിറവിക്ക് മുൻപും ശേഷവും. അതാകട്ടെ ഇന്നത്തെ ധ്യാനം.

**'പേരെഴുത്ത് കല്പന'**

ലോകമാസകലമുള്ള ജനങ്ങളുടെ പേരെഴുതി ചേർക്കപ്പെടണം എന്ന അഗസ്റ്റസ് സീസറിന്റെ കല്പന, കുറച്ചൊന്നുമല്ല ജോസഫിനെയും മേരിയെയും അലട്ടിയത്. പൂർണ്ണ ഗർഭിണിയായ മറിയത്തെ കൂട്ടി ജോസഫ് നടത്തുന്ന ആ ക്ലേശപൂർണ്ണമായ യാത്ര. ആ യാത്രയ്ക്കിടയിൽ ക്രിസ്തു പിറന്നത്, ജീവിതം ഒരു യാത്രയാണെന്ന് ഓർമ്മിപ്പിക്കാനായിരുന്നോ? കല്പനകൾ, അത് വേദപുസ്തകത്തിലേതോ, ന്യായാസനത്തിന്റേതോ, ഏതുമാകട്ടെ പാലിക്കപ്പെടേണ്ടതു തന്നെയാണെന്ന് കൂടി ഈ തിരുകുടുംബം നമ്മെ ഓർമ്മിപ്പിക്കുന്നു.

**'കച്ച'**

'അവനെ പിള്ളക്കച്ച കൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി'. ഈ കച്ചയുടെ അറ്റം പിന്നീട് സെഹിയോൻ ഊട്ട് ശാലയിലേയ്ക്കും പിന്നെ അരിമത്തിയാക്കാരന്റെ കല്ലറയിലേയ്ക്കും നീണ്ടത് യാദൃശ്ചികമായിരിക്കുമോ?

---

46 ▸ ത്തൊഴുത്തിലാണ്. ആട്ടിടയർക്കു ദിവ്യപൈതലിനെ തിരിച്ചറിയാനുള്ള അടയാളം: "പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ്, പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും" (2:12) എന്നതാണ്. അതേ, തന്നെത്തന്നെ ശൂന്യനാക്കി, ദാസന്റെ രൂപം ധരിച്ച് (ഫിലി. 2:6–9) ദൈവപുത്രൻ ഭൂജാതനായി. ഒരു കാലിത്തൊഴുത്തിന്റെ ഇല്ലായ്മയിലും നിസ്സഹായതയിലും അധികാരമില്ലായ്മയിലുമാണു രക്ഷകനെ കണ്ടെത്താനാകുക.

ഈ ക്രിസ്മസ് നാളിൽ ദിവ്യപൈതലായ ക്രിസ്തു നമ്മോടു പറയുന്നു: എളിയവരിൽ അടുത്തെ കാണുക, എളിമപ്പെടുക, താഴേയ്ക്ക് ഇറങ്ങി വരിക, എളിയവരെ ഉയർത്തുന്ന (1:52) കർത്താവു നമ്മിലും വലിയ കാര്യങ്ങൾ ചെയ്യും. എല്ലാ അധികാരങ്ങളും മുകളിലേക്കു കയറാനല്ല, താഴേക്ക് ഇറങ്ങാനുള്ള വിളിയാണ്.

അത്താഴത്തിനിടയിൽ 'കച്ച'യെടുത്ത് അരയിൽ ചുറ്റിയാണ് അവൻ ശിഷ്യരുടെ മുമ്പിൽ കുനിഞ്ഞത്. ക്രിസ്തുവിന്റെ ജീവിതത്തിൽ പുൽക്കൂട്ടിലെ 'കച്ച' അവിചാരിതയുടെ ഒരടയാളമായിരുന്നില്ല. ജീവിതകാലം മുഴുവൻ അതവന്റെ അരയിൽത്തന്നെ ഉണ്ടായിരുന്നിരിക്കണം. അതുകൊണ്ടായിരിക്കണം അവൻ ജെറുസലേം നഗരിയുടെ വിളുമ്പിൽ നിന്നും (ഗലീലി) തുടങ്ങിയത്. ഒഴിവാക്കപ്പെട്ടവരെയും, മാറ്റി നിർത്തപ്പെട്ടവരെയും കൂടെ കൂട്ടിയത്. ആരും ശ്രദ്ധിക്കാത്തവരെ ആദ്യം ശ്രദ്ധിച്ചതും ആൾക്കൂട്ടത്തിരക്കിൽപ്പോലും അവരുടെയൊക്കെ ഒരു ചെറിയ ചലനം പോലും തിരിച്ചറിഞ്ഞതും.

**'സത്രം'**

'സത്രത്തിൽ അവർക്ക് സ്ഥലം ലഭിച്ചില്ല'. സത്രം അവരെ ഒഴിവാക്കിയെന്നതിനേക്കാൾ സത്രത്തെ അവർ ഒഴിവാക്കി എന്നു കരുതുകയാണ് ന്യായം. പേരെഴുതിക്കാൻ വന്നവരുടെ തിക്കും തിരക്കും മൂലം ബെത്‌ലേഹമിലെ സത്രങ്ങളൊക്കെ നിറഞ്ഞുകാണും. കൂടെയുള്ളവർക്കും കൂടെ വന്നവർക്കും സ്ഥലം കിട്ടിയിട്ട് ബാക്കിയുണ്ടെങ്കിൽ മാത്രം മതി തങ്ങൾക്ക് എന്ന ധ്യാനചിന്ത അവരെ പട്ടണത്തിന് പുറത്തേക്ക് നയിച്ചത് സ്വാഭാവികം. അതുകൊണ്ട് പുൽതൊഴുത്ത്, തിരുകുടുംബത്തിന്റെ തീരുമാനമായിരുന്നു. അല്ലാതെ അടിച്ചേൽപ്പിക്കപ്പെട്ട ഒരനിവാര്യതയല്ല. നമ്മുടെ തെരഞ്ഞെടുപ്പുകളിലും തീരുമാനങ്ങളിലും മറ്റുള്ളവർക്ക് നൽകേണ്ട പങ്ക് (preference) ഒരു പ്രധാന കാര്യമായി കടന്നുവരുന്നുവെങ്കിൽ പുൽക്കൂട്ടിലെ പിറവി നമുക്ക് കൂടുതൽ മനസ്സിലാക്കാം.

**'ദൂത്'**

ഇടയർക്ക് കിട്ടിയ ദൂത് നമ്മെ ശരിക്കും അത്ഭുതപ്പെടുത്തണം. 'പിള്ളക്കച്ച കൊണ്ട് പൊതിഞ്ഞ് പുൽതൊട്ടിയിൽ കിടത്തിയിരിക്കുന്ന ശിശു' രക്ഷകനാണത്രെ!!! ജീവിതത്തിലെ ഏറ്റവും വലിയ സമസ്യയും, പ്രഹേളികയുമാണിത്. ബലത്തിലല്ല, ബലഹീനതയിലാണത്രെ സൗഖ്യം. ആരോഗ്യത്തെക്കാൾ രോഗത്തിലാണത്രെ ദൈവദർശനം. ജീവിതത്തിലെ ചെറുതുകളെ സ്നേഹിക്കാനും, നിസ്സാരതകളെ ധ്യാനിക്കാനും പുൽക്കൂട് നമ്മെ പഠിപ്പിക്കുന്നു. പരാജയങ്ങളിലും, പരിദേവനങ്ങളിലും പുഞ്ചിരിക്കുന്ന ഒരു ദൈവത്തെ അത് നമുക്ക് പരിചയപ്പെടുത്തുന്നു.

ക്രിസ്മസ് ഓർമ്മിപ്പിക്കുന്നതത്രയും സാധാരണതകളെ അസാധാരണമായ സ്നേഹം കൊണ്ടും കാരുണ്യം കൊണ്ടും വീണ്ടെടുക്കണം എന്നു തന്നെയാണ്. കുറച്ചുകൂടി അലിവോടെ കരുതലോടെ നമുക്ക് ചുറ്റുമുള്ളതിനെയും ചുറ്റുമുള്ളവരെയും നാം ചേർത്തു പിടിക്കുമ്പോൾ നമുക്കുള്ളിൽ ക്രിസ്തുമസായി.

2017 ഡിസംബർ 31

വചനഭാഷ്യം

പിറവി ഒന്നാം ഞായർ

മത്താ. 2:13 – 14, 19 – 23

റവ. ഡോ. ജേക്കബ് ചാണിക്കുഴി

# കുടുംബം സുരക്ഷിതമാകാൻ...

ഈജിപ്തിലേയ്ക്കുള്ള പലായനവും ഈജിപ്തിൽ നിന്നുള്ള തിരിച്ചുവരവുമാണ് ഇന്നത്തെ സുവിശേഷത്തിന്റെ പ്രമേയം. കുടുംബജീവിതവുമായ ബന്ധപ്പെട്ട ചില സന്ദേശങ്ങൾ ഈ വചനഭാഗം നമുക്കു നല്കുന്നുണ്ട്.

1. അംഗീകാരത്തിന്റെ അപകടങ്ങൾ: ഉണ്ണിയേശുവിനു ലഭിച്ച വലിയ അംഗീകാരമാണ് കിഴക്കുനിന്നു ജ്ഞാനികൾ വിലയേറിയ സമ്മാനങ്ങളുമായി യേശുവിനെ തേടിയെത്തി എന്നത്. എന്നാൽ, ആ വലിയ അംഗീകാരത്തോടൊപ്പം വലിയൊരു അപകട സാദ്ധ്യതയും ഉരുത്തിരിഞ്ഞുവെന്നതാണു വാസ്തവം. അവർ യേശുവിനെ അന്വേഷിച്ചെത്തിയതുകൊണ്ടാണ് രക്ഷകന്റെ ജനനത്തെപ്പറ്റി ഹേറോദേസ് അറിയാനിടയായത്. അത് ഉണ്ണീശോയുടെ ജീവനുതന്നെ ഭീഷണിയായിത്തീരുകയും ചെയ്തു.

ജീവിതത്തിൽ നമുക്കു ലഭിക്കുന്ന പുതിയ അംഗീകാരങ്ങൾ, അവസരങ്ങൾ, പുതിയ കൂട്ടുകെട്ടുകൾ, ബന്ധങ്ങൾ, ജോലി, സമ്പത്ത്, അധികാരം എന്നിവയൊക്കെ നല്ലതുതന്നെ. എന്നാൽ, അവയോടൊപ്പം നമ്മുടെ സത്സ്വഭാവത്തിനും ആരോഗ്യത്തിനും കുടുംബബന്ധങ്ങൾക്കും നമ്മുടെ ശാരീരികവും ആത്മീയവുമായ ജീവനു തന്നെയും ഭീഷണിയുയർത്തുന്ന ഘടകങ്ങളുണ്ടായേക്കാം. അവയെക്കുറിച്ചു നാം ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.

2. യൗസേപ്പിന്റെ സ്വപ്നങ്ങൾ: യൗസേപ്പിനു സ്വപ്നത്തിൽ ലഭിക്കുന്ന നിർദ്ദേശങ്ങൾ സങ്കീർത്തനം 127,2 അന്വർത്ഥമാക്കുന്നതാണ്: "തനിക്കു പ്രിയപ്പെട്ടവർ ഉറങ്ങുമ്പോഴും കർത്താവ് അവർക്കു വേണ്ടതു നല്കുന്നു." തിരുക്കുടുംബത്തിന് അത്യാവശ്യം വേണ്ടിയിരുന്ന സുരക്ഷ ദൈവം നല്കുന്നത് യൗസേപ്പിനു സ്വപ്നത്തിൽ നല്കിയ നിർദ്ദേശത്തിലൂടെയാണ്. നാം ഉറങ്ങുമ്പോഴും നമ്മുടെ കാവല്ക്കാരനായ കർത്താവ് "മയങ്ങുകയോ ഉറങ്ങുകയോ ചെയ്യുന്നില്ല" (സങ്കീ. 121, 4)യെന്ന് യൗസേപ്പിന്റെ അനുഭവം നമുക്ക് ഉറപ്പു നല്കുന്നു.

3. മുന്നറിയിപ്പുകളുടെ പ്രാധാന്യം: ഹേറോദേസിന്റെ പദ്ധതിയെക്കുറിച്ച് യൗസേപ്പിന് യാതൊരു അറിവുമില്ലായിരുന്നു. അത്തരമൊരു അപകടസാദ്ധ്യത യൗസേപ്പിന് അജ്ഞാതവുമായിരുന്നു. അതുകൊണ്ട് ദൈവം ഒരു

ദൂതൻ വഴി യൗസേപ്പിനു മുന്നറിയിപ്പു നല്കി. ആ മുന്നറിയിപ്പ് ഗൗരവത്തിലെടുത്ത് അതിവേഗം പ്രവർത്തിക്കാൻ, ആ രാത്രി തന്നെ പാലായനം ചെയ്യാൻ, യൗസേപ്പ് തയ്യാറായി. ആ യാത്ര സുരക്ഷിതത്വത്തിലേക്കുള്ള യാത്രയായിരുന്നു. ദൈവം നമ്മുടെ ജീവിതത്തിലേയ്ക്കും മുന്നറിയിപ്പുകളുമായി ദൂതന്മാരെ അയച്ചുകൊണ്ടിരിക്കുന്നു – മാതാപിതാക്കന്മാർ, ജീവിതപങ്കാളി, വചനപ്രഘോഷകർ, മനസ്സാക്ഷി, ഉത്തമസുഹൃത്തുക്കൾ, ആനുകാലിക സംഭവങ്ങൾ... ഈ മുന്നറിയിപ്പുകളെ ദൈവിക ഇടപെടലായി കണ്ടുകൊണ്ട് അതിവേഗം പ്രവർത്തിക്കുമ്പോൾ നാമും നമ്മുടെ പ്രിയപ്പെട്ടവരും സുരക്ഷിതത്വത്തിലേയ്ക്കാണു നീങ്ങുന്നത്. അപകട/പാപ സാഹചര്യങ്ങൾ തിരിച്ചറിഞ്ഞിട്ടും അതിൽ തുടരുന്നവർ അവയിൽ വീഴാനുള്ള സാദ്ധ്യത വളരെയാണല്ലോ.

യേശു ദൈവപുത്രനാണെന്നും ലോകവിമോചകനാണെന്നും യൗസേപ്പിന് അറിയിപ്പു കിട്ടിയതാണ് (മത്തായി 1,20–21). ആ ദൈവപുത്രനെയും കൊണ്ട് വെറുമൊരു മനുഷ്യനായ ഹേറോദേസിനെപ്പേടിച്ച് ഓടേണ്ടിവരുകയെന്നത് ഉൾക്കൊള്ളാൻ ബുദ്ധിമുട്ടുള്ള കാര്യമാണ്. എങ്കിലും ഈ പ്രതിസന്ധിയിൽ സംശയിക്കാനോ, തർക്കിക്കാനോ നില്ക്കാതെ ദൈവികപദ്ധതിയ്ക്ക് യൗസേപ്പ് സ്വയം വിട്ടുകൊടുത്തു. നമ്മുടെ വിശ്വാസത്തെയും ബോദ്ധ്യങ്ങളെയും വെല്ലുവിളിക്കുന്ന സംഭവങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടാകുമ്പോൾ പതറാതെ, മറുതലിക്കാതെ ദൈവഹിതമനുസരിച്ചുതന്നെ മുന്നോട്ട് പോകുമ്പോഴാണ് നമ്മുടെ കുടുംബങ്ങൾ സുരക്ഷിതമാകുന്നത്.

4. അഭിനവ ഹേറോദേസുമാർ: നമ്മുടെ മക്കളുടെ നല്ല ഭാവിയെയും ജീവനെത്തന്നെയും അപകടപ്പെടുത്തുന്ന അഭിനവ ഹേറോദേസുമാരെ തിരിച്ചറിയാൻ മാതാപിതാക്കൾക്കു കഴിയുന്നുണ്ടോ? അവരുടെ വാൾത്തലയിൽനിന്നു രക്ഷപ്പെടാൻ എന്തിൽ നിന്നൊക്കെയാണ് നമ്മുടെ മക്കളെയും കുടുംബങ്ങളെയും നാം മാറ്റിനിറുത്തേണ്ടത്. ദൈവഹിതമനുസരിച്ചു പ്രവർത്തിക്കുക എന്നത് രാത്രിയിലെ പലായനം പോലെ അസുഖകരവും അസൗകര്യം നിറഞ്ഞതുമായി അനുഭവപ്പെട്ടാലും അതാണു സുരക്ഷിതത്വത്തിലേയ്ക്കുള്ള മാർഗ്ഗം!



**മത്താ 2:13 – 14, 19 – 23** **2017 ഡിസംബർ 31**

## വചനസന്ദേശം

**റവ. ഫാ. തരിയൻ ഞാളിയത്ത്**

മനുഷ്യബന്ധങ്ങളിൽവച്ച് ഏറ്റവും സുന്ദരവും സുദൃഢവും സുശക്തവുമായ ബന്ധമാണു കുടുംബബന്ധം. ഭാര്യാഭർത്താക്കന്മാർ, മാതാപിതാക്കൾ, മക്കൾ, സഹോദരീസഹോദരന്മാർ തുടങ്ങിയ കരുത്തുറ്റ അടിത്തറയിലാണു മനുഷ്യസമൂഹം കെട്ടിപ്പെടുത്തിട്ടുള്ളത്. ദൈവമാണു കുടുംബം സ്ഥാപിച്ചത്. ഏദൻതോട്ടത്തിലെ ആദ്യകുടുംബം മുതൽ നസ്രത്തിലെ തിരു

വചനധാര

ക്കുടുംബം വരെ നീണ്ടുനില്ക്കുന്ന ദീർഘമായ ഒരു കുടുംബപരമ്പര വിശുദ്ധ ഗ്രന്ഥത്തിൽ കാണാൻ കഴിയും. ഈ കുടുംങ്ങളിലെല്ലാം പൊതുവായി കാണാൻ കഴിയുന്ന ചില പ്രത്യേകതകളുണ്ട്. ലളിതമായ ജീവിതശൈലി, വിനയ മനോഭാവം, ദൈവാശ്രയബോധം, പരിത്യാഗം, സമർപ്പണം ശുശ്രൂഷ, നീതിബോധം, പരസ്പര ബഹുമാനം ഇതെല്ലാം പ്രസ്തുത കുടുംബങ്ങളിൽ വിളങ്ങിയിരുന്നു. കുടുംബം വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും സ്നേഹത്തിന്റെയും സമൂഹമാണ്. "മാനുഷിക സമൂഹത്തിന്റെ പ്രാഥമികകോശമാണു കുടുംബം" എന്നാണു കത്തോലിക്കാ മതബോധനഗ്രന്ഥം കുടുംബത്തെ വിശേഷിപ്പിക്കുന്നത്. (നമ്പർ. 2207).

നമുക്കെല്ലാവർക്കും മാതൃകയാക്കാവുന്ന മനോഹരമായ ഒരു കുടുംബമാണു നസ്രത്തിലെ തിരുക്കുടുബം. ആ കുടുംബത്തിന്റെ മാതൃകയിൽ നമ്മുടെ കുടുംബങ്ങളെ മാററാൻ കഴിഞ്ഞാൽ കുടുംബജീവിതം സുന്ദരമായി മാറുമെന്നതിനു സംശയമില്ല. ദൈവപിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നിറസാന്നിദ്ധ്യം ഉണ്ടായിരുന്ന കുടുംബമാണു തിരുക്കുടുബം. നമ്മുടെയും കുടുംബങ്ങൾ ത്രിത്വൈക ദൈവത്തിന്റെ സാന്നിദ്ധ്യത്താൽ അനുഗ്രഹിക്കപ്പെടുമ്പോൾ അതു സ്വർഗീയജീവിതത്തിന്റെ ഒരു അനുഭവമായി മാറും. പരിശുദ്ധ ത്രിത്വത്തിന്റെ മാതൃകയിൽ സ്നേഹജീവിതം നയിക്കുന്നവരുടെ ഒരു സമൂഹമാണല്ലോ ക്രൈസ്തവകുടുംബം. "അങ്ങയുടെ രാജ്യം വരണമേ, അങ്ങയുടെ തിരുമനസ്സ് സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ" എന്നാണല്ലോ നാം പ്രാർത്ഥിക്കുന്നത്. ഈ സ്വപ്നം യാഥാർത്ഥ്യമാക്കുവാൻ തിരുക്കുടുംബത്തിന്റെ ആദ്ധ്യാത്മികത നമുക്കു പ്രചോദനം നല്കും.

സാക്ഷരത, ആയുർദൈർഘ്യം, ഭൗതികജീവിത നിലവാരം തുടങ്ങിയ എല്ലാ മേഖലകളിലും നമ്മൾ മുന്നിലാണ്. പ്രകൃതിഭംഗിയിലും പ്രകൃതിവിഭവങ്ങളിലും സുഖകരമായ കാലാവസ്ഥയിലും അനുഗൃഹീതരാണു നമ്മൾ. പക്ഷേ, ശാസ്ത്ര-സാങ്കേതികതലങ്ങളിൽ നാം കൈവരിച്ച പുരോഗതി ധാരാളം നന്മകൾ സമൂഹത്തിനു നല്കിയിട്ടുണ്ടെങ്കിലും അതിന്റെ ദോഷഫലങ്ങളും പല കുടുംബപ്രശ്നങ്ങൾക്കും കാരണമാകുന്നുണ്ട്. സമ്പത്തും ആഢംബരശൈലിയും ജീവിതകേന്ദ്രമാകുമ്പോൾ, മനുഷ്യൻ ദൈവത്തിൽനിന്ന് അകലുകയും മൂല്യങ്ങൾ നഷ്ടപ്പെട്ടു നന്മ-തിന്മകൾ തിരിച്ചറിയാൻ സാധിക്കാത്ത ഒരവസ്ഥ മനുഷ്യനിൽ രൂപപ്പെടുകയും ചെയ്യുന്നു. ജോർജ് ഓർവൽ പറഞ്ഞതുപോലെ വാക്കൊന്നു പ്രവൃത്തി മറ്റൊന്നും (double speak)സനാതനമൂല്യങ്ങളിൽനിന്നും വ്യക്തികളും സമൂഹവും അകന്നുകൊണ്ടിരിക്കുകയാണ്.

നമുക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ അപചയത്തിനു കാരണം കുടുംബങ്ങളിലും കുടുംബബന്ധങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്ന പരിണാമങ്ങളാണെന്നു കാണാൻ കഴിയും. ഈ മൗലികവിഷയത്തെ അഭിമുഖീകരിക്കാതെയും തിരുത്താതെയും കുടുംബജീവിതത്തിന്റെ അപചയത്തിനു മാറ്റം വരുത്തുവാൻ സാധിക്കുകയില്ല. മനുഷ്യനെ യഥാർത്ഥ മനു

ഷ്യനാക്കുന്നതു നല്ല ബന്ധങ്ങളാണ്. സാമൂഹ്യജീവിയായ മനുഷ്യൻ, വൈകാരികവും മാനസികവും ശാരീരികവും സാമൂഹികവും ആരോഗ്യകരവുമായ നല്ല ബന്ധങ്ങൾ വളർത്തിയെടുക്കുവാൻ പരിശീലനം ലഭിക്കേണ്ടതു കുടുംബങ്ങളിൽ നിന്നാണ്. ആൽവിൻ ടോഫ്ളർ വിഖ്യാതങ്ങളായ തന്റെ രചനകളിലൂടെ വിശകലനം ചെയ്യുന്ന ഒരു കാര്യമാണ്, ഇലക്ട്രോണിക് വിപ്ലവം മനുഷ്യസമൂഹത്തിലുണ്ടാക്കിയിരിക്കുന്ന കൊടുങ്കാറ്റുകളെക്കുറിച്ചുള്ള വലിയ പ്രത്യാഘാതങ്ങളെപ്പറ്റി-മനുഷ്യനുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ മണ്ഡലങ്ങളിലും മുമ്പെങ്ങും കാണാത്ത വിധത്തിലുള്ള വലിയ മാറ്റങ്ങളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഈ മാറ്റങ്ങൾ ഏറ്റവും കൂടുതൽ പ്രത്യാഘാതം ഉണ്ടാക്കിയിട്ടുള്ള മേഖലയാണു കുടുംബം.

കാർഷിക കാലഘട്ടത്തിൽ കൂട്ടുകുടുബവ്യവസ്ഥിതി അനിവാര്യമായൊരു കാര്യമായിരുന്നു. മനുഷ്യന്റെ എല്ലാ മണ്ഡലങ്ങളിലുമുള്ള സാമൂഹ്യബന്ധങ്ങളുടെ ഒരു പരിച്ഛേദമായിരുന്നു കൂട്ടുകുടുംബങ്ങൾ. മുത്തപ്പാപ്പനും മുത്തി അമ്മാമ്മയും അപ്പാപ്പനും അമ്മാമ്മയും മാതാപിതാക്കളും പിതൃസഹോദരീസഹോദരന്മാരും ജ്യേഷ്ഠാനുജന്മാരും ആങ്ങളപെങ്ങന്മാരും കുട്ടികളും പിഞ്ചുകുഞ്ഞുങ്ങളും തുടങ്ങിയവരുടെ വലിയൊരു ഗണമായിരുന്നു കൂട്ടുകുടുംബങ്ങൾ. കൊണ്ടും കൊടുത്തും ഇല്ലായ്മകളും വല്ലായ്മകളും പങ്കുവച്ചും വളരെ പരിമിതമായ സ്വകാര്യതകൾ പങ്കുവച്ചും പക്വതയാർന്ന വ്യക്തികളായിട്ടാണ് എല്ലാവരും വളർന്നുവന്നത്. സ്വകാര്യദുഃഖങ്ങളും സ്വകാര്യആഘോഷങ്ങളും വളരെ കുറവായിരുന്നു. എല്ലാ പരിമിതികളെയും പങ്കുവയ്പിലൂടെ അതിജീവിക്കുവാൻ പഠിപ്പിച്ചിരുന്ന ഗുരുകുലങ്ങളായിരുന്നു കൂട്ടുകുടുംബങ്ങൾ.

കൂട്ടുകുടുംബങ്ങൾ ചെറുകുടുംബങ്ങളായും ചെറുകുടുംങ്ങൾ ന്യൂക്ലിയർ കുടുംബങ്ങളുമായി പരിണമിച്ചിരിക്കുകയാണിന്ന്. അണുകുടുംബങ്ങളിൽ ആരോഗ്യകരമായ ബന്ധങ്ങൾക്ക് അവസരങ്ങൾ വളരെ കുറവാണ്. പഴയ വലിയ കുടുംബങ്ങളെ പരിശോധിച്ചാൽ ആദ്ധ്യാത്മികതയായിരുന്നു ആ കുടുംബാംഗങ്ങളെ ബന്ധിപ്പിച്ചിരുന്ന കണ്ണികൾ. ഇന്നത്തെ ന്യൂക്ലിയർ കുടുംബങ്ങളിൽ യഥാർത്ഥ ആദ്ധ്യാത്മികതയുടെ കുറവുമൂലം ബന്ധങ്ങൾ ഉപരിപ്ലവമായി മാത്രം മാറിയിരിക്കുന്നു. ഒരു കുടുംബത്തിന്റെ വിജയവും ഐക്യവും അടങ്ങിയിരിക്കുന്നതു കുടുംബാംഗങ്ങളുടെ പരസ്പരമുള്ള സമർപ്പണത്തിലും ശുശ്രൂഷയിലുമാണ്. ഇന്നത്തെ പല കുടുംബങ്ങളിലും സമർപ്പണത്തിന്റെയും ശുശ്രൂഷയുടെയും ത്യാഗത്തിന്റെയും പങ്കുവയ്ക്കലിന്റെയും പരസ്പരബഹുമാനത്തിന്റെയും മറ്റു പല സുവിശേഷമൂല്യങ്ങളുടെയും ഘടകങ്ങൾ വളരെയധികം ശോഷിച്ചുപോയിട്ടുണ്ട്.

ആദ്ധ്യാത്മികത ചൈതന്യം ചോർന്നുപോയ വെറുമൊരു അനുഷ്ഠാനം മാത്രമായി അധഃപതിച്ചുകൊണ്ടിരിക്കുന്നു. കുടുംബാംഗങ്ങൾ സ്വാർത്ഥരും തൻകാര്യം മാത്രം നോക്കുന്ന ഒറ്റയാന്മാരുമായി മാറിക്കൊണ്ടിരിക്കുന്നു. മൂല്യങ്ങൾ കുഴഞ്ഞുമറിയുകയാണ്. ശരിയേത്, തെറ്റേത് എന്നു വിവേചിച്ചറിയാൻ കഴിയാത്ത അവസ്ഥയിലാണ് മനുഷ്യരിന്ന്. ദൈവവിശ്വാ

വചനധാര

സംവരെ അകക്കാമ്പില്ലാത്തതും ജീവിതാസാക്ഷ്യമില്ലാത്തതുമായ വെറും ആചാരങ്ങളും അനുഷ്ഠാനങ്ങളുമായി മാറിക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥ ആദ്ധ്യാത്മികതയിലൂടെ മാത്രമേ ഈ പ്രതിസന്ധി അതിജീവിക്കുവാൻ കഴിയുകയുള്ളൂ.

ലാളിത്യവും പരിത്യാഗവും സമർപ്പണവും ശുശ്രൂഷയും പരസ്പര ബഹുമാനവും ആദരവും വഴി കുടുംബത്തിലെ ഓരോ അംഗവും ദൈവഹിതത്തിനു വിധേയരായി ജീവിക്കുമ്പോൾ പരിശുദ്ധാത്മാവു നമ്മിൽ ശരിയായ രീതിയിലുള്ള ഒരാദ്ധ്യാത്മികതയ്ക്കു രൂപം നല്കും. ഈ ആദ്ധ്യാത്മികതയിൽ അടിസ്ഥാനമിട്ടുകൊണ്ടു പരിശുദ്ധ ത്രിത്വത്തിന്റെ സാന്നിദ്ധ്യത്താൽ അനുഗ്രഹിക്കപ്പെട്ട കുടുംബങ്ങളായി മാറുവാൻ നമുക്കു കഴിയട്ടെ. നമ്മുടെ കുടുംബങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട സ്നേഹിതൻ ഈശോ ആയിരിക്കട്ടെ. “നിങ്ങൾ എന്റെ സ്നേഹിതരാണ്” (യോഹ. 15;15) എന്ന തിരുവചനം സദാ ഓർമയിൽ സൂക്ഷിച്ചുകൊണ്ട് കുടുംബസ്നേഹിതനായ ഈശോയുടെ സാന്നിദ്ധ്യത്തിൽ ജീവിക്കുക വലിയ ഭാഗ്യമാണ്. “വിശ്വസ്തനായ സ്നേഹിതൻ ബലിഷ്ഠമായ സങ്കേതമാണ്; അവനെ കണ്ടെത്തിയവൻ ഒരു നിധി നേടിയിരിക്കുന്നു” (പ്രഭാ. 6;14). സ്നേഹിതനായി ഈശോയെ സ്വീകരിച്ച് നമ്മുടെ കുടുംബങ്ങളെ തിരുക്കുടുംബങ്ങളാക്കി മാറ്റുവാൻ, സ്വർഗോന്മുഖരായി ജീവിക്കുവാൻ ഈ കുർബാനയിൽ പ്രത്യേകമായി പ്രാർത്ഥിക്കാം.

✦